07
ആഗസ്റ്റ് 2024
ബുധൻ
1446 സഫർ 03
1199 കർക്കിടകം 23
പേജ് 10
അബുദാബി

ഗൾഫ് ചന്ദ്രിക
https://gulf-chandrika.com/

# ഗൾഫ് ചന്ദ്രിക

facebook.com/@gulfchandrika
instagram.com/@gulfchandrika
youtube/@gulfchandrika

കോഴിക്കോട് | കൊച്ചി | കണ്ണൂർ | തിരുവനന്തപുരം | മലപ്പുറം | കോട്ടയം | പാലക്കാട് | അബുദാബി | ദോഹ | ബഹ്റൈൻ | റിയാദ് | ജിദ്ദ | ദമാം
Registered. NO. KL/CT/9/2024-26 | Chandrika Daily | Managing Director: Panakkad Syed Sadikali Shihab Thangal



05
ബംഗ്ലാദേശ് അട്ടിമറി: പാകിസ്താന് പങ്കുണ്ടോയെന്ന് രാഹുൽ




# ഇടക്കാല സർക്കാറിന് തിരക്കിട്ട നീക്കം

## കലാപം തുടരുന്നു; ബംഗ്ലാദേശ് പാർലമെന്റ് പിരിച്ചുവിട്ടു

- സൈനിക ഭരണം അംഗീകരിക്കില്ലെന്ന് വിദ്യാർത്ഥി പ്രക്ഷോഭകർ
- മുഹമ്മദ് യൂനിസിനെ തലവനാക്കി സർക്കാറുണ്ടാക്കാൻ ശ്രമം
- അവാമി ലീഗ് നേതാവിന്റെ ഹോട്ടലിന് തീവെച്ച് 24 പേരെ ജീവനോടെ കൊലപ്പെടുത്തി

ധാക്ക: കലാപത്തിനു പിന്നാലെ പ്രധാനമന്ത്രി ഷെയ്ഖ് ഹസീന രാജ്യം വിട്ടതോടെ ബംഗ്ലാദേശിൽ ഉടലെടുത്ത രാഷ്ട്രീയ അനിശ്ചിതത്വം തുടരുന്നു. ഇടക്കാല സർക്കാറുണ്ടാക്കാൻ തിരക്കിട്ട നീക്കം. സർക്കാറുണ്ടാക്കാൻ സൈന്യം നടത്തിയ നീക്കം ലക്ഷ്യം കണ്ടില്ല. സൈനിക ഭരണം അംഗീകരിക്കില്ലെന്ന് വിദ്യാർത്ഥി പ്രക്ഷോഭകർ നിലപാടെടുത്തതോടെയാണ് നീക്കം പാളിയത്. തന്റെ നേതൃത്വത്തിൽ ഇടക്കാല സർക്കാർ അധികാരത്തിൽ വരുമെന്ന് കരസേനാ മേധാവി ജനറൽ വഖീറുസ്സമാൻ കഴിഞ്ഞ ദിവസം വ്യക്തമാക്കിയിരുന്നു. അതേസമയം സാമ്പത്തിക വിദഗ്ധനും നൊബേൽ പുരസ്കാര ജേതാവുമായ മുഹമ്മദ് യൂനുസിന്റെ നേതൃത്വത്തിൽ ഇടക്കാല സർക്കാർ രൂപീകരിക്കണമെന്ന് വിദ്യാർത്ഥി പ്രക്ഷോഭകർ ആവശ്യപ്പെട്ടു. ഇതിനായി സമരക്കാർ മുഹമ്മദ് യൂനുസിനെ സമീപിച്ചു. ആദ്യം അംഗീകരിച്ചില്ലെങ്കിലും പിന്നീട് നിർദേശം അദ്ദേഹം സ്വീകരിച്ചതായാണ് വിവരം. അതേസമയം പ്രതിപക്ഷ കക്ഷികളുടേയും സൈന്യത്തിന്റെയും നിലപാട് നിർണായകമാണ്.

നിലവിൽ ചികിത്സാവശ്യാർത്ഥം പാരീസിലാണ് യൂനുസ് ഉള്ളത്. ഇതിനിടെ ഹസീനയെ താഴെയിറക്കാൻ ബംഗ്ലാദേശ് പ്രതിപക്ഷം പാക് ചാര സംഘടനയായ ഐ.എസ്.ഐയുടെ സഹായം തേടിയെന്ന ആരോപണവുമായി അവാമി ലീഗ് രംഗത്തെത്തി. ബംഗ്ലാദേശ് നാഷണലിസ്റ്റ് പാർട്ടി ആക്ടിങ് ചെയർമാനും മുൻ പ്രധാനമന്ത്രിയുമായ ഖാലിദ സിയയുടെ മകൻ താരീഖ് റഹ്മാൻ ഐ.എസ്.ഐ ഏജന്റുമാരുമായി സംസാരിച്ചെന്ന ഇന്റലിജൻസ് റിപ്പോർട്ട് ഉയർത്തിയാണ് ആരോപണം.

സംവരണ വിരുദ്ധ പ്രക്ഷോഭം അതിരുവിട്ട് കലാപമായി പരിണമിക്കുകയും പ്രധാനമന്ത്രിയുടെ കൊട്ടാരം വരെ കൈയടക്കുകയും ചെയ്തതിനു പിന്നാലെയാണ് ഷെയ്ഖ് ഹസീന പ്രധാനമന്ത്രി പദം ഒഴിഞ്ഞ് ഇന്ത്യയിലെത്തിയത്. ലണ്ടനിൽ അഭയം തേടിയെങ്കിലും ബ്രിട്ടീഷ് ഭരണകൂടം അനുമതി നിഷേധിച്ചതോടെ ഹസീന നിലവിൽ ഇന്ത്യയിൽ തന്നെ തുടരുകയാണ്. അഭയം നൽകാൻ ബ്രിട്ടീഷ് ഇമിഗ്രേഷൻ ചട്ടം അനുവദിക്കില്ലെന്ന് ചൂണ്ടിക്കാട്ടിയാണ് അഭ്യർത്ഥന ബ്രിട്ടൻ നിരസിച്ചത്. അതേസമയം ഹസീന ഇന്ത്യയോട് അഭയം നൽകാൻ അഭ്യർത്ഥിച്ചിട്ടുണ്ടോ എന്ന കാര്യം ഇന്ത്യാ ഗവൺമെന്റ് ഇതുവരെ സ്ഥിരീകരിച്ചിട്ടില്ല.

ഇതിനിടെ ബംഗ്ലാദേശ് പാർലമെന്റ് പിരിച്ചുവിട്ടതായി പ്രസിഡണ്ട് മുഹമ്മദ് ഷഹാബുദ്ദീൻ വ്യക്തമാക്കി. വിദ്യാർത്ഥി പ്രക്ഷോഭകരുടെ ആവശ്യം അംഗീകരിച്ചാണ് നടപടി. വർഷങ്ങളായി തടങ്കലിലായിരുന്ന പ്രതിപക്ഷ പാർട്ടി നേതാവ് ഖാലിദ സിയയെ മോചിപ്പിച്ചു.

സർക്കാർ നിലംപൊത്തിയെങ്കിലും ബംഗ്ലാദേശിൽ കലാപം തുടരുകയാണ്. അവാമിലീഗ് നേതാവിന്റെ പഞ്ചനക്ഷത്ര ഹോട്ടലിന് തീയിട്ട പ്രക്ഷോഭകർ ഹോട്ടൽ ജീവനക്കാർ ഉൾപ്പെടെ 24 പേരെ ജീവനോടെ ചുട്ടു കൊന്നു. അവാമിലീഗ് ജില്ലാ ജനറൽ സെക്രട്ടറി ഷഹീൻ ചക്കൽദാറിന്റെ ജോഷോറിലുള്ള ഹോട്ടലിനാണ് തീയിട്ടത്. തലസ്ഥാനമായ ധാക്കയിൽ ഉൾപ്പെടെ സ്ഥിതി ആശങ്കാജനകമാണ്. പൊലീസുകാർ സമരം പ്രഖ്യാപിച്ച് ജോലിയിൽ നിന്ന് വിട്ടുനിന്നതും ക്രമസമാധാന പ്രശ്നം സൃഷ്ടിക്കുന്നുണ്ട്. പ്രക്ഷോഭകർ തെരുവുകളിൽ തന്നെ നിലയുറപ്പിച്ചിരിക്കുകയാണ്. സർക്കാർ ഓഫീസുകൾക്കും അവാമി ലീഗ് ഓഫീസുകൾക്കും ഇന്നലേയും വ്യാപക അക്രമമുണ്ടായി. ധാക്കയിലേത് ഉൾപ്പെടെ നിരവധി അവാമി ലീഗ് ഓഫീസുകൾക്ക് സമരക്കാർ തീയിട്ടു.



*കലാപം തുടരുന്ന ബംഗ്ലാദേശിൽ അവാമിലീഗ് നേതാവിന്റെ പഞ്ചനക്ഷത്ര ഹോട്ടലിന് കലാപകാരികൾ തീവെച്ചപ്പോൾ. ഹോട്ടൽ ജീവനക്കാരടക്കം 24പേരെയാണ് ഇവിടെ ജീവനോടെ ചുട്ടുകൊന്നത്*

## സ്ഥിതിഗതികൾ നിരീക്ഷിച്ചുവരികയാണെന്ന് കേന്ദ്രം

ന്യൂഡൽഹി: ബംഗ്ലാദേശിലെ സ്ഥിതിഗതികൾ സൂക്ഷ്മമായി നിരീക്ഷിച്ചു വരികയാണെന്ന് കേന്ദ്ര വിദേശകാര്യ മന്ത്രി എസ് ജെയ്ശങ്കർ പാർലമെന്റിനെ അറിയിച്ചു. ബംഗ്ലാദേശിലെ ഇന്ത്യൻ സമൂഹവുമായി നിരന്തരം ബന്ധപ്പെടുന്നുണ്ടെന്നും മന്ത്രി പ്രസ്താവനയിൽ വ്യക്തമാക്കി. ഷെയ്ഖ് ഹസീന പെട്ടെന്ന് അറിയിച്ചത് അനുസരിച്ചാണ് ഇന്ത്യയിലെത്തിയത്. ഇന്ത്യയിലേക്ക് വരണമെന്ന് ഷെയ്ഖ് ഹസീന പെട്ടെന്ന് അറിയിക്കുകയായിരുന്നു. പ്രത്യേക സാഹചര്യത്തിൽ അതിന് അനുമതി നൽകി. ബംഗ്ലാദേശിലെ സാഹചര്യങ്ങൾ വൈകാതെ സാധാരണ നിലയിലാകുമെന്നാണ് പ്രതീക്ഷ. ഇന്ത്യയും ബംഗ്ലാദേശും തമ്മിൽ ശക്തമായ ബന്ധമാണുള്ളത്.

തിരഞ്ഞെടുപ്പ് മുതൽ ബംഗ്ലാദേശ് അശാന്തമാണ്. വിദ്യാർത്ഥി പ്രക്ഷോഭം വളരെ വേഗം ശക്തമാവുകയായിരുന്നു. സുപ്രീംകോടതി ഇടപെടൽ ഉണ്ടായിട്ട് പോലും പ്രക്ഷോഭം തണുപ്പിച്ചില്ലെന്നും മന്ത്രി പറഞ്ഞു. ബംഗ്ലാദേശിലെ ഇന്ത്യൻ സമൂഹവുമായി നിരന്തരം ബന്ധപ്പെടുന്നുണ്ട്. നയതന്ത്ര മാർഗങ്ങളിലൂടെ ഇടപെടൽ നടത്തി വരികയാണ്. 19,000 ഇന്ത്യക്കാർ അവിടെയുണ്ട്. അതിൽ 9,000 പേർ വിദ്യാർത്ഥികളാണ്. ഭൂരിഭാഗവും ജൂലൈയിൽ ഇന്ത്യയിൽ മടങ്ങിയെത്തിയിരുന്നു. ശേഷിച്ചവരുടെ സുരക്ഷ ഉറപ്പാക്കാൻ നടപടി തുടരും. അതിർത്തിയിൽ സുരക്ഷ വർധിപ്പിച്ചതായും മന്ത്രി പറഞ്ഞു.



**വെറുമൊരു നമ്പറല്ല, ജീവന്റെ അടയാളമാണ്..**
*വയനാട് ഉരുൾപൊട്ടലിൽ മരിച്ചവരുടെ മൃതദേഹങ്ങൾ ഒന്നായി അടക്കം ചെയ്ത പുത്തുമലയിൽ അമ്മാവന്റെ മകൻ ഹരിദാസിനെ അടക്കിയ കുഴിമാടത്തിനരികെ വിങ്ങലോടെ നിൽക്കുന്ന മുരളി ഭവനിൽ മുരളീധരൻ. കുഴിമാടത്തിനു മുകളിലെ കല്ലിൽ രേഖപ്പെടുത്തിയ ഡി.എൻ.എ പരിശോധനാ നമ്പർ ഒത്തുനോക്കിയാണ് ഹരിദാസനെ അടക്കം ചെയ്ത സ്ഥലം മുരളി തിരിച്ചറിഞ്ഞത്.*
**സി.കെ തൻസീർ**

# കാണാമറയത്തുള്ളവരെ തേടി ദുർഘട വഴികളിലൂടെ

**കെ.എസ് മുസ്തഫ**
മേപ്പാടി

പൊട്ടിയൊലിച്ച ഉരുൾദുരന്തത്തിൽ കാണാമറയത്തായ 152 പേർക്കായി മനുഷ്യർ എത്തിപ്പെടാത്ത അതിദുർഘടമായ പ്രദേശങ്ങളിലൂടെ തിരച്ചിൽ തുടരുന്നു. ജീവന്റെ തുടിപ്പുകൾക്കായുള്ള പ്രതീക്ഷകളവസാനിച്ചെങ്കിലും ഉരുൾ ദുരന്തത്തിൽ കാണാതായവർക്ക് വേണ്ടി ദുരന്തത്തിന്റെ എട്ടാംദിവസവും വ്യാപക തിരച്ചിൽ നടന്നു. വയനാട്ടിലെ ദുരന്ത മേഖലയിൽ നിന്ന് ചാലിയാർ തീരത്തെ ദുർഘടമേഖലയായ സൺറൈസ് വാലിയിലേക്ക് ദൗത്യസംഘത്തെ ഹെലികോപ്റ്ററിലെത്തിച്ചാണ് തിരച്ചിൽ നടത്തിയത്.

ഉരുൾപൊട്ടലിന്റെ പ്രഭവകേന്ദ്രമായ പുഞ്ചിരിമട്ടം മുതൽ താഴേക്ക് മുണ്ടക്കൈയും ചൂരൽമലയും അടക്കമുള്ള മേപ്പാടി പഞ്ചായത്തിലെ ഭാഗങ്ങളിലും സൂചിപ്പാറ വെള്ളച്ചാട്ടം മുതൽ പോത്തുകല്ല്, നിലമ്പൂർ വരെ ചാലിയാറിലും ഇന്നലെ സൂക്ഷ്മ പരിശോധന നടത്തി. മേപ്പാടി മേഖലയിൽ ഉരുൾ പ്രവാഹത്തിന്റെ വഴികളിലൂടെയായിരുന്നു പരിശോധന. സൂചിപ്പാറ ഭാഗത്തിനു താഴെ ദുർഘടമായ സൺറൈസ് വാലിയിൽ ഹെലികോപ്റ്ററിൽ ദൗത്യസംഘത്തെ ഇറക്കിയും പരിശോധന നടത്തി. ഈ പരിശോധനകൾ ഇന്നും തുടരും.

ഇന്നലെ നടത്തിയ തിരച്ചിലിൽ ഏഴ് ശരീരഭാഗങ്ങൾ കൂടി കണ്ടെത്തി. വയനാട് ഭാഗത്ത് മൂന്ന് ശരീരഭാഗങ്ങളും നിലമ്പൂരിൽ നിന്നും നാല് ശരീരഭാഗങ്ങളുമാണ് ലഭിച്ചത്. ഇതോടെ ഉരുൾപ്പൊട്ടൽ ദുരന്തത്തിൽ മരിച്ചവരുടെ എണ്ണം 401 ആയി ഉയർന്നു. ഔദ്യോഗികമായി സ്ഥിരീകരിച്ച മരണസംഖ്യ 224 ആണ്. ശരീരഭാഗങ്ങൾ 189. വയനാട്ടിൽ നിന്നും 148 മൃതദേഹങ്ങളും നിലമ്പൂരിൽ നിന്നും 76 മൃതദേഹങ്ങളുമാണ് ഇതുവരെ ലഭിച്ചത്. ദുരന്ത മേഖലയിൽ നിന്നും 152 പേരെ കുറിച്ച് ഇനിയും വിവരം ലഭിക്കാനുണ്ട്.

ഒരു പ്രദേശത്ത് തിരച്ചിൽ പൂർത്തിയാക്കുന്നതനുസരിച്ച് സൈന്യം, വനംവകുപ്പ്, ഫയർ ഫോഴ്സ് എന്നിവരടങ്ങിയ സംഘത്തെ എയർലിഫ്റ്റ് ചെയ്ത് അടുത്ത സ്ഥലത്തേക്കെത്തിക്കുന്നതായിരുന്നു രീതി. സാഹസികമായ ഈ ദൗത്യം വൈകിട്ടോടെയാണ് അവസാനിപ്പിച്ചത്. സൺറൈസ് വാലി മുതൽ അരുണപ്പുഴ ചാലിയാറിൽ സംഗമിക്കുന്ന പ്രദേശം വരെയാണ് ഇന്നലെ തിരഞ്ഞത്. കൽപ്പറ്റ എസ് ജെ കെ എം ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ടിൽ നിന്നാണ് ദൗത്യസംഘവുമായി ഹെലികോപ്റ്റർ പറന്നത്. ലാൻഡിംഗ് ബുദ്ധിമുട്ടുള്ള സ്ഥലങ്ങളിൽ ആളുകളെ ഇറക്കുന്നതിനും എയർ ലിഫ്റ്റ് ചെയ്യുന്നതിനും ശേഷിയുള്ള അഡ്വാൻസ്ഡ് ലൈറ്റ് ഹെലികോപ്റ്ററാണ് വായുസേന ദൗത്യത്തിനായി ഉപയോഗിച്ചത്. ഇതോടൊപ്പം തന്നെ പുഞ്ചിരിമട്ടം, മുണ്ടക്കൈ, ചൂരൽമല ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ ഇന്നലെയും കാണാതായവർക്കുള്ള തെരച്ചിൽ നടത്തി. ചൂരൽമല മേഖലയിൽ ഐബോർഡ് പരിശോധനയും നടന്നു. ചൂരൽമലയിൽ ജിയോടാഗ് ഉൾപ്പെടെ സ്ഥാപിച്ച സ്ഥലത്ത് കരസേനയുടെ കെടാവർ ഡോഗുകളും പരിശോധിച്ചു. ഇതിൽ സൂചനകൾ ലഭിച്ച സ്ഥലം ചെളിനിറഞ്ഞ പ്രദേശമായതിനാൽ ചൊവ്വാഴ്ച കുഴിച്ച് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഇന്ന് രാവിലെ ഇവിടെ കുഴിയെടുത്ത് പരിശോധിക്കുമെന്നാണ് വിവരം. പുഞ്ചിരിമട്ടം, മുണ്ടക്കൈ മേഖലകളിലും അത്യാധുനിക സംവിധാനങ്ങൾ ഉപയോഗിച്ച് ഇന്നലെ തിരച്ചിൽ തുടർന്നു. തിരച്ചിലിൽ വിവിധ സേനകളിൽ നിന്നായി 1174 പേരെയാണ് വിന്യസിച്ചത്. 84 മണ്ണുമാന്തി യന്ത്രങ്ങളും ഉപയോഗിക്കുന്നുണ്ട്.

## പ്രത്യേക പീഡന കേന്ദ്രങ്ങളൊരുക്കി ഇസ്രാഈൽ

ടെൽഅവീവ്: ഫലസ്തീനികളെ ഭീകര പീഡനങ്ങൾക്കിരയാക്കാനായി മാത്രം ഇസ്രാഈൽ പ്രത്യേക തടങ്കൽ പാളയങ്ങൾ സ്ഥാപിച്ചിട്ടുണ്ടെന്ന് ഇസ്രാഈലി മനുഷ്യാവകാശ സംഘടനയായ ബി'സെലെം. ഗസ്സക്കുനേരെ ആക്രമണം തുടങ്ങിയ ശേഷം നിരവധി ജയിലുകൾ ഫലസ്തീനികളെ പീഡിപ്പിക്കാനുള്ള ക്യാമ്പുകളാക്കി മാറ്റിയതായി നരകത്തിലേക്ക് സ്വാഗതം എന്ന തലക്കെട്ടിൽ തയാറാക്കിയ റിപ്പോർട്ടിൽ സംഘടന പറയുന്നു.

## ഗുസ്തിയിൽ അട്ടിമറി ഫോഗട്ട് ഫൈനലിൽ

പാരീസിൽനിന്ന്
**കമാൽ വരദൂർ**

പാരീസ് ഒളിംപിക്സിൽ 50 കി.ഗ്രാം ഫ്രീസ്റ്റൈൽ ഗുസ്തിയിൽ ഇന്ത്യയുടെ വനിതാ താരം വിനേഷ് ഫോഗട്ട് അട്ടിമറികളോടെ ഫൈനലിൽ. ഇതോടെ ഇന്ത്യക്ക് ഈയിനത്തിൽ വെള്ളി ഉറപ്പായി. ഫൈനൽ ജയിച്ചാൽ സ്വർണവും. സെമി ഫൈനലിൽ ക്യൂബയുടെ യുസ്നെയ്ലിസ് ഗുസ്മാൻ ലോപ്പസിനെ 5-0ന് തോൽപിച്ചാണ് ഫോഗട്ട് ഫൈനലിലെത്തിയത്. പ്രീ ക്വാർട്ടറിൽ ഒളിംപിക് ഗുസ്തിയിലെ ഏറ്റവും വലിയ അട്ടിമറിയിലൂടെ ജപ്പാന്റെ ലോകചാമ്പ്യനായ യുയി സുസാക്കിയെ വീഴ്ത്തി ക്വാർട്ടറിൽ കടന്ന വിനേഷ്, ക്വാർട്ടറിലും ഗംഭീര പ്രകടനമാണ് കാഴ്ചവെച്ചത്. യുക്രെയ്ന്റെ ഒക്സാന ലിവാച്ചിനെ വീഴ്ത്തിയാണ് സെമി ടിക്കറ്റ് സ്വന്തമാക്കിയത്. പ്രീ ക്വാർട്ടറിൽ ലോക ഒന്നാം റാങ്കുകാരിയും നിലവിലെ ഒളിംപിക്സ് സ്വർണമെഡൽ ജേതാവും നാലു തവണ ലോക ചാമ്പ്യനുമായ ജപ്പാന്റെ യുയി സുസാകിക്കെതിരെ കരിയറിലെ തന്നെ മികച്ച പ്രകടനമാണ് ഇന്ത്യൻ താരം പുറത്തെടുത്തത്. ഒളിംപിക് വനിതാ ഗുസ്തിയിൽ ഫൈനലിൽ എത്തുന്ന ആദ്യ ഇന്ത്യൻ വനിതാ താരമാണ് വിനേഷ ഫോഗട്ട്. ബ്രിജ് ഭൂഷനെതിരായ ഗുസ്തി താരങ്ങളുടെ ഐതിഹാസിക പോരാട്ടത്തിന്റെ മുന്നണിപ്പോരാളിയായിരുന്നു ഫോഗട്ട്.



## മുസ്‌ലിംലീഗ് സംസ്ഥാന കമ്മിറ്റി യോഗം നാളെ

കോഴിക്കോട്: വയനാട് പുനരധിവാസ പദ്ധതിയുമായി ബന്ധപ്പെട്ട ചർച്ചകൾക്കായി മുസ്‌ലിംലീഗ് സംസ്ഥാന ഭാരവാഹികൾ, സെക്രട്ടേറിയറ്റ് അംഗങ്ങൾ, പ്രത്യേക ക്ഷണിതാക്കൾ, ജില്ല പ്രസിഡന്റ്, ജനറൽ സെക്രട്ടറിമാർ, എം.എൽ.എമാർ എന്നിവരുടെ പ്രത്യേക യോഗം നാളെ (വ്യാഴം) രാവിലെ 9.30ന് കോഴിക്കോട് ലീഗ് ഹൗസിൽ ചേരും. ബന്ധപ്പെട്ടവർ കൃത്യസമയത്ത് എത്തണമെന്ന് ജനറൽ സെക്രട്ടറി അഡ്വ. പി.എം.എ സലാം അറിയിച്ചു.

## സെലിബ്രിറ്റി മേക്കപ്പ് ആർട്ടിസ്റ്റുകളുടെ വീടുകളിൽ റെയ്ഡ്; കോടികളുടെ നികുതി വെട്ടിപ്പ് കണ്ടെത്തി

കൊച്ചി: സെലിബ്രിറ്റി മേക്കപ്പ് ആർട്ടിസ്റ്റുകളുടെ വീടുകളിലും സ്ഥാപനങ്ങളിലും സംസ്ഥാന വ്യാപകമായി നടത്തിയ ജി.എസ്.ടി പരിശോധനയിൽ കോടികളുടെ നികുതി വെട്ടിപ്പ് കണ്ടെത്തി. ഓപ്പറേഷൻ ഗുവാപ്പോ എന്ന പേരിൽ സംസ്ഥാന ചരക്ക് സേവനനികുതി വകുപ്പിന്റെ ഇന്റലിജൻസും എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റും (ഇ.ഡി) സംയുക്തമായാണ് പരിശോധന നടത്തിയത്.

രജിസ്ട്രേഷനില്ലാതെയും വരുമാനം വൻതോതിൽ കുറച്ചുകാണിച്ചുമാണ് നികുതി വെട്ടിപ്പ് നടത്തിയത്. ഇന്നലെ രാവിലെ ആരംഭിച്ച പരിശോധന രാത്രിവരെ നീണ്ടു. സെലിബ്രിറ്റി മേക്കപ്പ് ആർട്ടിസ്റ്റുകൾ വ്യാപകമായി നികുതി വെട്ടിക്കുന്നതായി ജി.എസ്.ടി വിഭാഗത്തിന് രഹസ്യവിവരം ലഭിച്ചിരുന്നു. സംസ്ഥാനതലത്തിൽ വിവരശേഖരണം നടത്തിയതിന് ശേഷമാണ് ഓപ്പറേഷനുമായി ഉദ്യോഗസ്ഥർ ഇറങ്ങിയത്. ഏറ്റവും അധികം സെലിബ്രിറ്റി മേക്കപ്പ് ആർട്ടിസ്റ്റുകളുള്ള കൊച്ചിയിൽ 23 സ്ഥാപനങ്ങളിലായിരുന്നു റെയ്ഡ്.

ഒട്ടുമിക്കതിനും രജിസ്ട്രേഷൻ ഉണ്ടായിരുന്നില്ല. സംസ്ഥാനത്താകെ 35ഓളം കേന്ദ്രങ്ങളിലാണു പരിശോധന. മേക്കപ്പ് ആർട്ടിസ്റ്റുകളുടെ മൊഴിയെടുപ്പ് രാത്രിവരെ നീണ്ടു.

### കനത്ത മഴയ്ക്ക് സാധ്യത
## യുഎഇയിൽ ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചു

അബുദാബി: യുഎഇയിൽ ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ച് കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം. രാജ്യത്ത് പലയിടങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്. വ്യാഴാഴ്ച വരെ മഴ തുടരുമെന്ന് കാലാവസ്ഥാ വിദഗ്ധർ വ്യക്തമാക്കി. വാഹനയാത്രക്കാർ ഉൾപ്പെടെ അതീവ ജാഗ്രത പുലർത്തണമെന്നും അധികൃതർ മുന്നറിയിപ്പ് നൽകി. കഴിഞ്ഞ ദിവസങ്ങളിൽ രാജ്യത്തെ താപനിലയിൽ കുറവ് രേഖപ്പെടുത്തിയിരുന്നു.

**കറൻസി മൂല്യം**

1 യു.എ.ഇ ദിർഹം 22.84 ₹
1 ഒമാനി റിയാൽ 218.00 ₹
1 സൗദി റിയാൽ 22.35 ₹
1 ഖത്തർ റിയാൽ 22.93 ₹
1 കുവൈത്ത് ദിനാർ 274.58 ₹
1 ബഹ്റൈൻ ദിനാർ 222.65 ₹

**സ്വർണവില**
(ഗ്രാമിന്-ദിർഹം)

24 കാരറ്റ് 292.25
22 കാരറ്റ് 270.50
21 കാരറ്റ് 261.75
18 കാരറ്റ് 224.50



# സുസ്ഥിരതക്കും വെല്ലുവിളികളെ നേരിടുന്നതിനും ആഗോള പങ്കാളിത്തം ശക്തിപ്പെടുത്തും: ശൈഖ് മുഹമ്മദ്

ദുബൈ: വെല്ലുവിളികളെ നേരിടുന്നതിനും സുസ്ഥിരതക്കും നൂതനമായ അടിസ്ഥാന സൗകര്യവികസനത്തിനും ആഗോള പങ്കാളിത്തം ശക്തിപ്പെടുത്തുമെന്ന് യുഎഇ വൈസ് പ്രസിഡന്റും പ്രധാനമന്ത്രിയും ദുബൈ ഭരണാധികാരിയുമായ ശൈഖ് മുഹമ്മദ് ബിൻ റാഷിദ് അൽമക്തൂം പ്രസ്താവിച്ചു. യുഎഇ പ്രസിഡന്റ് ശൈഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാന്റെ നേതൃത്വത്തിൽ വിവിധ മേഖലകളിൽ മികവ് പുലർത്താനും അതിന്റെ പങ്ക് വർധിപ്പിക്കാനും രാജ്യം പ്രതിജ്ഞാബദ്ധമാണെന്നും മനുഷ്യരാശിക്ക് മെച്ചപ്പെട്ട ഭാവി സൃഷ്ടിക്കുന്നതിൽ ഒരു പ്രധാന പങ്കാളിയാവുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ദുബൈ ഷിന്ദഗയിൽ ചേർന്ന പ്രതിവാര മജ്‌ലിസിൽ സംസാരിക്കുകയായിരുന്നു ശൈഖ് മുഹമ്മദ് ബിൻ റാഷിദ്. പ്രാദേശിക പ്രമുഖർ, വ്യവസായ പ്രമുഖർ, നിക്ഷേപകർ, മന്ത്രിമാർ, മുതിർന്ന ഉദ്യോഗസ്ഥർ സംബന്ധിച്ചു. ഭരണ നേതൃത്വത്തിന്റെ വ്യക്തമായ വീക്ഷണത്താൽ നയിക്കപ്പെടുന്ന രാജ്യത്തിന്റെ വികസന യാത്ര പ്രധാന മേഖലകളിൽ സുപ്രധാനമായ നേട്ടങ്ങൾ കൈവരിച്ചു. വരുമാന സ്രോതസ്സുകൾ വൈവിധ്യവത്കരിക്കുന്നതിനും നിക്ഷേപ അവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും പുതിയ ബിസിനസ്സ് അവസരങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള യുഎഇയുടെ തന്ത്രത്തിന് അനുസൃതമായി, സാമ്പത്തിക വികസനം നയിക്കുന്നതിൽ പ്രധാന പങ്കാളിയെന്ന നിലയിൽ സ്വകാര്യ മേഖലയുടെ പങ്ക് അദ്ദേഹം എടുത്തുപറഞ്ഞു. ഒരു സുപ്രധാന ആഗോള വ്യാപാര കേന്ദ്രം, സർഗ്ഗാത്മകമായ ഡിജിറ്റൽ സമ്പദ് വ്യവസ്ഥയുടെ കേന്ദ്രം, ബഹുരാഷ്ട്ര കമ്പനികളുടെ പ്രധാന ഡെസ്റ്റിനേഷൻ തുടങ്ങിയ നിലയിൽ ദുബൈ അതിന്റെ പദവി ശക്തിപ്പെടുത്തുന്നത് തുടരുകയാണെന്നും അദ്ദേഹം പറഞ്ഞു. വിനോദസഞ്ചാരം, ബിസിനസ്സ്, നിക്ഷേപം എന്നിവയുടെ മുഖ്യ ലക്ഷ്യസ്ഥാനമായി മാറാനാണ് ദുബൈ ശ്രമിക്കുന്നതെന്ന് ശൈഖ് മുഹമ്മദ് പറഞ്ഞു. ആഗോള മാറ്റത്തിന് അനുസൃതമായി നവീകരണവും നൂതന സാങ്കേതികവിദ്യയും ദുബൈയുടെ സമ്പന്നവും ശോഭനവുമായ ഭാവിയുടെ പ്രധാന ചാലകങ്ങളാണ്. ബിസിനസ് സുഗമമാക്കുന്നതിനും നടപടിക്രമങ്ങൾ ലളിതമാക്കുന്നതിനും നവീകരണത്തിന്റെ ആഗോള കേന്ദ്രമെന്ന നിലയിൽ ദുബൈയുടെ സ്ഥാനം ശക്തിപ്പെടുത്തും. നൂതന സാങ്കേതികവിദ്യകളുടെ സ്റ്റാർട്ടപ്പുകൾക്ക് അനുയോജ്യമായ അന്തരീക്ഷം നൽകാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ് ശൈഖ് മുഹമ്മദ് പറഞ്ഞു. യോഗത്തിൽ ദുബൈ സിവിൽ ഏവിയേഷൻ അതോറിറ്റി ചെയർമാനും ദുബൈ എയർപോർട്ട് ചെയർമാനും എമിറേറ്റ്സ് എയർലൈൻ ആൻഡ് ഗ്രൂപ്പിന്റെ ചെയർമാനും ചീഫ് എക്സിക്യൂട്ടീവുമായ ശൈഖ് അഹമ്മദ് ബിൻ സയീദ് അൽ മക്തൂം പങ്കെടുത്തു. ദുബൈ മീഡിയ ഇൻകോർപ്പറേറ്റഡ് ചെയർമാൻ ശൈഖ് ഹാഷർ ബിൻ മക്തൂം ബിൻ ജുമാ അൽ മക്തൂം, നിരവധി ശൈഖുമാരും മന്ത്രിമാരും മുതിർന്ന ഉദ്യോഗസ്ഥരും പങ്കെടുത്തു.



യുഎഇ വൈസ് പ്രസിഡന്റും പ്രധാനമന്ത്രിയും ദുബൈ ഭരണാധികാരിയുമായ ശൈഖ് മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂം ദുബൈ അൽ ഷിന്ദഗയിലെ തന്റെ പ്രതിവാര മജ്‌ലിസിൽ പ്രാദേശിക പ്രമുഖർ, വ്യവസായ പ്രമുഖർ, നിക്ഷേപകർ, മുതിർന്ന ഉദ്യോഗസ്ഥർ എന്നിവരുമായി കൂടിക്കാഴ്ച നടത്തുന്നു

## മജ്‌ലിസിൽ എംഎ യൂസഫലിയും

ദുബൈ: യുഎഇ വൈസ് പ്രസിഡന്റും പ്രധാനമന്ത്രിയും ദുബൈ ഭരണാധികാരിയുമായ ശൈഖ് മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂം ദുബൈയിലെ അൽ ഷിന്ദഗയിലെ തന്റെ പ്രതിവാര മജ്‌ലിസിൽ പ്രാദേശിക പ്രമുഖർ, വ്യവസായ പ്രമുഖർ, നിക്ഷേപകർ, മുതിർന്ന ഉദ്യോഗസ്ഥർ എന്നിവരുമായി നടത്തിയ കൂടിക്കാഴ്ചയിൽ ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ യൂസഫലിയും പങ്കെടുത്തു. മജ്‌ലിസിൽ ശൈഖ് മുഹമ്മദ് എല്ലാവരെയും സ്വീകരിച്ചു. യൂസഫലിയും മറ്റു പ്രമുഖരും അദ്ദേഹത്തെ അഭിവാദ്യം ചെയ്തു



ശൈഖ് മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂമിന്റെ പ്രതിവാര മജ്‌ലിസിൽ പങ്കെടുക്കാൻ എം.എ യൂസുഫലി എത്തിയപ്പോൾ

# ഇസ്രാഈലിലേക്കുള്ള ഇത്തിഹാദ് വിമാനങ്ങൾ റദ്ദാക്കി

അബുദാബി: ഇത്തിഹാദ് എയർവേയ്സ് അബുദാബിക്കും ടെൽ അവീവിനും ഇടയിലുള്ള ചില വിമാനങ്ങൾ റദ്ദാക്കി. തിരിച്ചുള്ള റൂട്ടിലും ഇതേ വിമാനങ്ങൾ റദ്ദാക്കിയിട്ടുണ്ട്. പ്രവർത്തനപരമായ കാരണങ്ങളാലാണ് തടസ്സമുണ്ടായതെന്ന് എയർലൈൻ അറിയിച്ചതായി ഖലീജ് ടൈംസ് റിപ്പോർട്ട് ചെയ്തു. യാത്രക്കാരുടെയും ജീവനക്കാരുടെയും സുരക്ഷ മുൻനിർത്തിയാണ് തീരുമാനമെന്ന് എയർലൈൻ വ്യക്തമാക്കിയിട്ടുണ്ട്. ഇസ്രാഈലും ഹിസ്ബുള്ളയും തമ്മിൽ പ്രാദേശിക സംഘർഷം രൂക്ഷമായിരിക്കുന്ന സാഹചര്യമുണ്ട്. പല വിമാനക്കമ്പനികളും ഇറാൻ, ലെബനൻ വ്യോമാതിർത്തികൾ ഒഴിവാക്കാനും ഇസ്രായേലിലേക്കും ലെബനനിലേക്കും ഉള്ള





വിമാനങ്ങൾ റദ്ദാക്കാനും തുടങ്ങിയിട്ടുണ്ട്. ഹമാസ് നേതാവ് കൊല്ലപ്പെട്ട സാഹചര്യത്തിൽ മേഖലയിൽ ഉണ്ടായേക്കാവുന്ന സംഘർഷത്തെക്കുറിച്ചുള്ള ആശങ്കകൾ വർദ്ധിക്കുകയാണ്. 2023 നവംബർ മുതൽ ടെൽ അവീവിലേക്കുള്ള എമിറേറ്റ്സിന്റെ വിമാനങ്ങൾ താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. ആ സമയത്ത് ഇസ്രായേലും ഗാസയും തമ്മിലുള്ള സംഘർഷം രൂക്ഷമായതിനെ തുടർന്ന് എയർലൈൻ മേഖലയിലേക്കുള്ള എല്ലാ വിമാനങ്ങളും റദ്ദാക്കിയിരുന്നു

## ഉൽക്കാവർഷം ആസ്വദിക്കാൻ ഷാർജയിൽ സംവിധാനം

ഷാർജ: ആകാശത്ത് വർണവിസ്മയം തീർക്കുന്ന പർസീയഡ് ഉൽക്കാവർഷം കാണാനും ആസ്വദിക്കാനും ഷാർജയിൽ സംവിധാനം. ഉൽക്കാവർഷം കാണുന്നതിന് വാനനിരീക്ഷകരെയും സഞ്ചാരികളെയും ക്ഷണിച്ച് ഷാർജ മലീഹ ആർക്കിയോളജിക്കൽ സെന്റർ. ഈ അപൂർവ്വ ദൃശ്യം ആസ്വദിക്കാൻ ഷാർജ മെലീഹ ആർക്കിയോളജിക്കൽ സെന്റർ ഒരുക്കിയ പ്രത്യേക പരിപാടിയിൽ പങ്കെടുക്കാം. മലീഹ മരുഭൂമിയിൽ പ്രത്യേകം തയാറാക്കിയ ക്യാമ്പ് സൈറ്റിൽ ഈ മാസം 12ന് വൈകിട്ട് ഏഴ് മുതൽ രാത്രി ഒന്നു വരെയാണ് പരിപാടി. മലീഹ മരുഭൂമിയിലെ മനോഹരമായ പശ്ചാത്തലത്തിൽ അത്യാധുനിക ടെലിസ്കോപ്പുകൾ ഉപയോഗിച്ച് വാനനിരീക്ഷണം നടത്താനുള്ള അവസരമുണ്ട്. ഉൽക്കാവർഷത്തെക്കുറിച്ചുള്ള വിദഗ്ധ പ്രഭാഷണം, ക്വിസ് മത്സരങ്ങൾ, ദൂരദർശിനിയിലൂടെ ചന്ദ്രനെയും ഗ്രഹങ്ങളെയും കാണൽ, ആസ്ട്രോ ഫോട്ടോഗ്രഫി പരിശീലനം തുടങ്ങിയ വിവിധ പരിപാടികളും ഒരുക്കിയിട്ടുണ്ട്. ആസ്ട്രോ ഫോട്ടോഗ്രഫിയിൽ പരിശീലനം ലഭിച്ച മലീഹയിലെ വിദഗ്ധരുടെ സഹായത്തോടെ ചിത്രങ്ങൾ പകർത്താനുമാവും.



## എം.കെ സജീവിന് അവാർഡ് സമർപ്പിച്ചു

അബുദാബി: യുഎഇ മീഡിയ ഹബിന്റെ ഇൻഡോ അറബ് ഇന്റർനാഷണൽ എക്സലൻസ് അവാർഡ് എം.കെ സജീവിന് സമർപ്പിച്ചു. ഫയർ ആന്റ് സേഫ്റ്റി വിഭാഗത്തിലാണ് അവാർഡ്. തത്തപ്പിള്ളി സ്വദേശിയായ മാനടിയിൽ സജീവ് അബുദാബി കേന്ദ്രമായി പ്രവർത്തിക്കുന്ന എവർ സേഫ് ഫയർ ആന്റ് സേഫ്റ്റി കമ്പനിയുടെ മാനേജിങ് ഡയരക്ടറാണ്. 32 വർഷമായി ഫയർ ആന്റ് സേഫ്റ്റി രംഗത്ത് മികച്ച പ്രവർത്തനം നടത്തുന്ന സജീവനെ യുഎഇയുടെ വ്യാവസായിക മുന്നേറ്റത്തിൽ മൂന്ന് പതിറ്റാണ്ടിലേറെയായി നൽകിവരുന്ന മാതൃകാപരമായ സേവനം മുൻനിർത്തിയാണ് അവാർഡിന് തിരഞ്ഞെടുത്തത്. ആരോഗ്യം,വിദ്യാഭ്യാസം, മാധ്യമ രംഗം, വ്യവസായ മേഖല,സിനിമ തുടങ്ങിയ മേഖലകളിലെ പ്രതിഭകൾക്കും അവാർഡ് നൽകുന്നുണ്ട്. ദുബൈ വേൾഡ് ട്രേഡ് സെന്ററിൽ നടന്ന ചടങ്ങിൽ കേന്ദ്ര സാമൂഹ്യ നീതി വകുപ്പ് മന്ത്രി രാംദാസ് അത്താവ്‌ലെ അവാർഡ് സമ്മാനിച്ചു. ഡോ. ഫഹദ് മെർഹബി,ഡോ. ബു അബ്ദുല്ല എന്നിവർ പ്രശംസാപത്രം കൈമാറി. സേവനം യുഎഇ പ്രസിഡന്റ് രാജൻ ഉൾപ്പെടെ പ്രമുഖർ പങ്കെടുത്തു.





യുഎഇ മീഡിയ ഹബിന്റെ ഇൻഡോ അറബ് ഇന്റർനാഷണൽ എക്സലൻസ് അവാർഡ് എവർ സേഫ് ഫയർ ആന്റ് സേഫ്റ്റി എം.ഡി എം.കെ. സജീവിന് കേന്ദ്ര സാമൂഹ്യ നീതി മന്ത്രി രാംദാസ് അത്താവ്‌ലെ ദുബൈയിൽ നടന്ന ചടങ്ങിൽ സമ്മാനിക്കുന്നു

### വയനാട് ദുരിതാശ്വാസം
# ഫണ്ട് സമാഹരണത്തിൽ പങ്കാളിയായി ദുബൈ കോഴിക്കോട് ജില്ലാ കെഎംസിസിയും

ദുബൈ: വയനാട് ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി മുസ്‌ലിം ലീഗ് സംസ്ഥാന കമ്മിറ്റി നടത്തുന്ന ഓൺലൈൻ വഴിയുള്ള ഫണ്ട് സമാഹരണത്തിൽ പങ്കാളിയായി ദുബൈ കെഎംസിസി കോഴിക്കോട് ജില്ലാ കമ്മിറ്റിയും. പ്രത്യേകമായി തയാറാക്കിയ മൊബൈൽ ആപ് വഴിയാണ് മുസ്‌ലിംലീഗ് ക്രൗഡ് ഫണ്ടിങ് നടത്തിവരുന്നത്. കെഎംസിസിയുടെ വിവിധ നിയോജക മണ്ഡലം കമ്മിറ്റികൾ മുഖേന ഓരോ പ്രവർത്തകനിൽ നിന്നും ഒരു ദിവസത്തെ വേതനം സമാഹരിക്കുന്നതിലൂടെ 25ലക്ഷം രൂപയാണ് കോഴിക്കോട് ജില്ലാ കെഎംസിസി ലക്ഷ്യമിടുന്നത്.

ഇതുസംബന്ധിച്ച് നടന്ന പ്രവർത്തക കൺവെൻഷനിൽ ജില്ലാ ആക്ടിങ് പ്രസിഡന്റ് തെക്കയിൽ മുഹമ്മദ് അധ്യക്ഷനായി. സംസ്ഥാന സെക്രട്ടറി ഹസൻ ചാലിൽ ഉദ്ഘാടനം ചെയ്തു. ഇസ്മായിൽ ഏറാമല പ്രസംഗിച്ചു. ജില്ലാ ജനറൽ സെക്രട്ടറി സയ്യിദ് ജലീൽ മഷ്ഹൂർ തങ്ങൾ സ്വാഗതവും ട്രഷറർ ഹംസ കാവിൽ നന്ദി പറഞ്ഞു.

ഇസ്മായിൽ ചെരുപ്പേരി, അഹമ്മദ് ബിച്ചി,എ.പി മൊയ്തീൻ കോയ ഹാജി, മൊയ്തു അരൂർ, കെ.പി അബ്ദുൽ വഹാബ്, ഷംസുദ്ദീൻ മാത്തോട്ടം, യു.പി സിദ്ദീഖ്, സറീജ് ചീക്കിലോട്, പി.കെ മുഹമ്മദ് (നാദാപുരം), നൗഷാദ് ചള്ളയിൽ (വടകര), കരീം വേളം (കുറ്റ്യാടി), നജ്മൽ മേപ്പയൂർ (പേരാമ്പ്ര), റിഷാദ് മാമ്പൊയിൽ (ബാലുശ്ശേരി), നാസിം പാണക്കാട് (കൊയിലാണ്ടി), ഫാസിൽ കാവുങ്ങൽ (എലത്തൂർ), ഹക്കീം മാങ്കാവ് (സിറ്റി), എൻ.സി ജലീഷ് (ബേപ്പൂർ), ഷമീർ (കുന്ദമംഗലം), ഒ.കെ സലാം (കൊടുവള്ളി), നസീർ കരിമ്പയിൽ (തിരുവമ്പാടി) എന്നിവർ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചു.



മുസ്‌ലിം ലീഗ് സംസ്ഥാന കമ്മിറ്റിയുടെ വയനാട് പുനരധിവാസ ഫണ്ട് വിജയിപ്പിക്കുന്നതിനായി ദുബൈ കോഴിക്കോട് ജില്ലാ കെഎംസിസിയുടെ ഓൺലൈൻ കാമ്പയിന് തുടക്കം കുറിച്ചപ്പോൾ



മുസ്‌ലിംലീഗ് വയനാട് പുനരധിവാസ ഫണ്ടിലേക്ക് കുവൈത്ത് കെഎംസിസി സംസ്ഥാന കമ്മിറ്റി സ്വരൂപിക്കുന്ന വിഹിതത്തിലേക്ക് അമൃത് ഹാർട്ട് ഫൗണ്ടേഷൻ ചെയർമാൻ ഡോ.ഗോപകുമാർ നൽകുന്ന ഒരു ലക്ഷം രൂപ കെഎംസിസി പ്രസിഡന്റ് സയ്യിദ് നാസർ അൽ മശ്ഹൂർ തങ്ങൾ ഏറ്റുവാങ്ങുന്നു. പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങളെ വർഷങ്ങളോളം ചികിത്സിച്ച ഡോക്ടറാണ് ഗോപകുമാർ

# കണ്ടൽക്കാടുകളുടെ സംരക്ഷണത്തിന് കുവൈത്തിൽ പുതിയ പദ്ധതി

റഷീദ് പയന്തോങ്ങ്
കുവൈത്ത് സിറ്റി

ഒമാൻ സുൽത്താനേറ്റുമായി സഹകരിച്ച് കണ്ടൽ ചെടികൾ നട്ടുവളർത്തുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ഗൾഫ് പദ്ധതിയുമായി കുവൈത്ത് പരിസ്ഥിതി പബ്ലിക് അതോറിറ്റി. അടുത്തിടെ ഒമാൻ സന്ദർശനത്തിനിടെ പരിസ്ഥിതി അതോറിറ്റിയിലെ പ്രകൃതി സംരക്ഷണ ഡയറക്ടർ ജനറൽ സുലൈമാൻ അൽ അഖ്സാമിയുമായി കൂടിക്കാഴ്ച നടത്തിയതായി അതോറിറ്റിയിലെ സാങ്കേതികകാര്യ ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ. അബ്ദുല്ല അൽസൈദാൻ പറഞ്ഞു.

ഒമാൻ പ്രാദേശികമായും ഗൾഫ് മേഖലയിലുടനീളമുള്ള പാരിസ്ഥിതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള അവരുടെ തുടർച്ചയായ സംഭാവനകൾക്കും പരിശ്രമങ്ങൾക്കും ഡോ.അൽ സൈദാൻ അഭിനന്ദനം അറിയിച്ചു. പാരിസ്ഥിതിക വിഷയങ്ങളിൽ ഗൾഫ് സഹകരണം തുടരുന്നതിന്റെ ഭാഗമായാണ് ഒമാൻ സന്ദർശനമെന്ന് ഡോ. അൽസൈദാൻ വിശദീകരിച്ചു. കുവൈത്തിന് കണ്ടൽ വിത്തുകൾ വിതരണം ചെയ്യുന്നതിൽ ഒമാന്റെ പങ്ക് അദ്ദേഹം എടുത്തു പറഞ്ഞു. 2018 മുതൽ കുവൈത്ത് ഈ വിത്തുകൾ കൂട്ടായ പ്രവർത്തനങ്ങളിലൂടെ വിജയകരമായി കൃഷി ചെയ്തിരുന്നു. സന്ദർശന വേളയിൽ ഒമാൻ ഈ സീസണിൽ ശേഖരിച്ച 2000 കണ്ടൽ വിത്തുകൾ കുവൈത്തിന് നൽകിയിരുന്നു. ഇവ ജഹ്‌റ റിസർവിൽ നടുന്നതിന് മുമ്പ് കുവൈത്ത് പരിസ്ഥിതി അതോറിറ്റിയുടെ ലബോറട്ടറികളിൽ പരീക്ഷണ കൃഷി നടത്തും. മസ്കത്തിലെ അൽ ഖുറം റിസർവ് പര്യടനത്തിലൂടെ ഒമാന്റെ ശ്രമങ്ങളെക്കുറിച്ചുള്ള അവലോകനവും തണ്ണീർത്തട പരിസ്ഥിതി വകുപ്പ് മേധാവി ബദർ അൽ ബുസൈദിയുമായുള്ള കൂടിക്കാഴ്ചയും നടന്നു. 1975ൽ പ്രകൃതി സംരക്ഷണ കേന്ദ്രമായി സ്ഥാപിതമായ ഈ റിസർവ് തണ്ണീർത്തടങ്ങളെക്കുറിച്ചുള്ള റാംസർ കൺവെൻഷന്റെ കീഴിൽ രജിസ്റ്റർ ചെയ്ത ആദ്യത്തെ സൈറ്റാണെന്നും ഇത് 104,5775 ഹെക്ടർ വിസ്തൃതിയുള്ളതാണെന്നും അൽബുസൈദി അഭിപ്രായപ്പെട്ടു. പ്രാദേശിക കാലാവസ്ഥയുമായി പൊരുത്തപ്പെടാൻ കഴിയുന്ന ഒരേയൊരു ഇനം അവിസെന്ന മറീന കണ്ടൽ മരങ്ങളുള്ള പ്രകൃതിദത്ത വനമാണിത്.





അനു വാരിയർ

## യുഎഇയിലെ മുൻ മാധ്യമ പ്രവർത്തകൻ നാട്ടിൽ നിര്യാതനായി

ദുബൈ: യുഎഇയിലെ മുൻ മലയാളി മാധ്യമപ്രവർത്തകൻ അനു വാരിയർ നാട്ടിൽ അന്തരിച്ചു. ഏറെ കാലം ഖലീജ് ടൈംസ് ഇംഗ്ലീഷ് പത്രത്തിൽ എഡിറ്റോറിയൽ വിഭാഗത്തിൽ ജോലി ചെയ്തിരുന്ന ഇദ്ദേഹം അർബുദ രോഗബാധയെ തുടർന്ന് ചികിത്സയ്ക്കായി നാട്ടിലേക്ക് പോയതായിരുന്നു. ദീർഘകാലം പ്രവാസിയായിരുന്ന അനു കോപ്പി എഡിറ്ററും എഴുത്തുകാരനുമായിരുന്നു. കഴിഞ്ഞ നാലു വർഷത്തോളമായി കാൻസർ ബാധിതനായിരുന്ന അനു വാരിയർ തിങ്കഴാഴ്ചയാണ് മരിച്ചത്. 49 വയസായിരുന്നു. 14 വർഷം ഖലീജ് ടൈംസിൽ പത്രത്തിലും ഓൺലൈനിലും ജോലി ചെയ്തു.

## കേരള വ്യാപാരി വ്യവസായി ഏകോപന സമിതി വയനാട്ടിൽ മൂന്ന് ഏക്കർ സ്ഥലം നൽകും

ഫറോക്ക്: വയനാട് ഉരുൾ പൊട്ടലിൽ വീട് നഷ്ടപ്പെട്ടവർക്ക് വീട് നിർമ്മിക്കുന്നതിനായി വയനാട്ടിൽ മൂന്നു ഏക്കർ സ്ഥലം നൽകുമെന്നും സ്ഥാപനവും തൊഴിലും നഷ്ടപ്പെട്ട വ്യാപാരികളുടെ പുനരധിവാസം ഉറപ്പാക്കുന്നതിന് പ്രത്യേക പദ്ധതി നടപ്പിലാക്കുമെന്നും കേരള വ്യാപരി വ്യവസായി ഏകോപന സമിതി സംസ്ഥാന പ്രസിഡന്റ് രാജു അപ്സര പറഞ്ഞു. സംസ്ഥാന സെക്രട്ടറിയേറ്റ് യോഗത്തിൽ പ്രസിഡന്റ് രാജു അപ്സര അദ്ധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ദേവസ്യാ മേച്ചേരി, ട്രഷറർ എസ്. ദേവരജൻ, സംസ്ഥാന ഭാരവാഹികളായ കെ.വി.അബ്ദുൾ ഹമീദ്, എം.കെ തോമസുകുട്ടി, പി.സി ജേക്കബ്, എ.ജെ ഷാജഹാൻ, കെ. അഹമ്മദ് ഷെരീഫ്, ബാബു കോട്ടയിൽ, സണ്ണി പൈമ്പിള്ളിൽ, ബാപ്പു ഹാജി, വൈ.വി ജയൻ, സി. ധനീഷ് ചന്ദ്രൻ, ജോജിൻ. ടി.ജോയി, വി.സബിൽ രാജ്, എ.ജെ. റിയാസ്, സലീം രാമനാട്ടുകര പ്രസംഗിച്ചു.

**ഗൾഫ്/വിദേശ വാർത്തകൾ**

### ഡ്രോണാക്രമണത്തിൽ നിരവധി പേർക്ക് പരിക്ക്

# ഇസ്രാഈലിനെ കടന്നാക്രമിച്ച് ഹിസ്ബുല്ല

ബെയ്റൂത്ത്: പശ്ചിമേഷ്യയിൽ ഭീതി കനത്തതോടൊപ്പം ഇസ്രാഈലിനെ കടന്നാക്രമിച്ച് ഹിസ്ബുല്ല പോരാളികൾ. ഹിസ്ബുല്ല അയച്ച ഡ്രോണുകൾ ഇസ്രാഈലിന്റെ വ്യോമാതിർത്തി കടന്ന് ഉൾഭാഗങ്ങളിൽ ആക്രമണം നടത്തി. ഇസ്രാഈലിന്റെ പല നഗരങ്ങളിലും അപായ സൈറണുകൾ മുഴങ്ങി. നിരവധി പേർക്ക് പരിക്കേറ്റതായും ചിലരുടെ നില അതീവ ഗുരുതരമാണെന്നും ഹിസ്ബുല്ല പറയുന്നു. ഹമാസ് നേതാവ് ഇസ്മാഈൽ ഹനിയ്യയുടെയും ഹിസ്ബുല്ല കമാൻഡറുടെയും വധത്തിന് പ്രതികാരം ചെയ്യുമെന്ന് ഇറാനും ഹിസ്ബുല്ലയും പ്രഖ്യാപിച്ചിട്ടുണ്ട്. അതിർത്തിയിൽനിന്ന് 20 കിലോമീറ്റർ അകലെയുള്ള ഇസ്രാഈലി പ്രദേശങ്ങളിൽ ആക്രമണം നടത്തുന്ന ഡ്രോണിന്റെ വീഡിയോ ഹിസ്ബുല്ല പുറത്തുവിട്ടു. ഇസ്രാഈലിന്റെ സൈനിക കേന്ദ്രം ലക്ഷ്യമിട്ടായിരുന്നു ആക്രമണമെന്ന് ഹിസ്ബുല്ല പറയുന്നു.

ലബനീസ് തലസ്ഥാനമായ ബെയ്റൂത്തിൽ ഇസ്രാഈൽ പോർവിമാനങ്ങൾ താഴ്ന്നു പറന്നതായി ദൃക്സാക്ഷികൾ പറയുന്നു. പശ്ചിമേഷ്യൻ സംഘർഷങ്ങളുടെ പശ്ചാത്തലത്തിൽ ഗസ്സയിലേക്കുള്ള യാത്ര ഒഴിവാക്കാൻ ജപ്പാൻ തങ്ങളുടെ പൗരന്മാർക്ക് നിർദ്ദേശം നൽകി. അതിർത്തിയിൽ ഇസ്രാഈൽ സേനയുമായുള്ള ഏറ്റുമുട്ടലിൽ തങ്ങളുടെ നാല് പോരാളികൾ കൊല്ലപ്പെട്ടതായി ഹിസ്ബുല്ല അറിയിച്ചു. ഗസ്സയിൽ കൂട്ടക്കുരുതി അവസാനിപ്പിക്കാതെ ആക്രണത്തിൽനിന്ന് പിന്മാറില്ലെന്ന് ഹിസ്ബുല്ല പറയുന്നു. ഹിസ്ബുല്ല-ഇസ്രാഈൽ ഏറ്റുമുട്ടലിന്റെ പശ്ചാത്തലത്തിൽ ലബനീസ് അതിർത്തിയിലെ യു.എൻ സമാധാന സേന കൂടുതൽ ജാഗ്രത പുലർത്തേണ്ടതുണ്ടെന്ന് യു.എൻ സെക്രട്ടറി ജനറലിന്റെ സമാധാന പ്രവർത്തനങ്ങൾക്കുള്ള അണ്ടർ സെക്രട്ടറി ജീൻ പിയറി ലാക്രോയിക്സ് പറഞ്ഞു.



അധിനിവേശ വെസ്റ്റ്ബാങ്കിൽ ഇസ്രാഈൽ സേനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ടവരുടെ മൃതദേഹങ്ങളുമായി ഫലസ്തീനികൾ

## വെസ്റ്റ്ബാങ്കിലും കൂട്ടക്കുരുതി

റാമല്ല: ഗസ്സയോടൊപ്പം വെസ്റ്റ്ബാങ്കിലും കൂട്ടക്കൊല തുടർന്ന് ഇസ്രാഈൽ സേന. അധിനിവേശ വെസ്റ്റ്ബാങ്കിന്റെ വിവിധ ഭാഗങ്ങളിൽ ഇസ്രാഈൽ നടത്തിയ ആക്രമണങ്ങളിൽ 12 പേർ കൊല്ലപ്പെട്ടു. ജെനീനിൽ അഞ്ചുപേരും അഖബ ടൗണിൽ നാലുപേരും കഫ്ർ ഖുദ് ഗ്രാമത്തിൽ മൂന്നുപേരും കൊല്ലപ്പെട്ടു. ഗസ്സയിൽ മരണനിരക്ക് 39,653 ആയി ഉയർന്നിട്ടുണ്ട്. ജെനീനിൽ ആക്രമണം തുടരുകയാണ്.

## ഹനിയ്യയെ വധിച്ചത് യുദ്ധം നീട്ടിക്കോണ്ടുപോകാനെന്ന് അബ്ബാസ്

ജറൂസലം: ഗസ്സ യുദ്ധം നീട്ടിക്കൊണ്ടുപോകുകയെന്ന ലക്ഷ്യത്തോടെയാണ് ഹമാസ് നേതാവ് ഇസ്മാഈൽ ഹനിയ്യയെ ഇസ്രാഈൽ കൊലപ്പെടുത്തിയതെന്ന് ഫലസ്തീൻ അതോറിറ്റി പ്രസിഡന്റ് മഹ്മൂദ് അബ്ബാസ്. ഇസ്രാഈലിന്റെ കടന്നാക്രമണം അവസാനിപ്പിക്കാനും ഗസ്സയിൽനിന്നുള്ള സേനാപിന്മാറ്റവും സംബന്ധിച്ച ചർച്ചകളെ ഹനിയ്യയുടെ വധം പ്രതികൂലമായി ബാധിക്കുമെന്ന് റഷ്യൻ വാർത്താ ഏജൻസിക്ക് അനുവദിച്ച അഭിമുഖത്തിൽ അദ്ദേഹം പറഞ്ഞു. ഈ മാസം 12ന് മോസ്കോയിലെത്തുന്ന അബ്ബാസ് റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിനുമായി ഫലസ്തീനിലെ സാഹചര്യങ്ങൾ ചർച്ച ചെയ്യും. 14ന് റഷ്യൻ സന്ദർശനം പൂർത്തിയാക്കി 15ന് തുർക്കിയിലേക്ക് പോകും.

## ഖാദർ കമ്മിറ്റി നിർദേശങ്ങൾ അപ്രായോഗികമെന്ന് മന്ത്രി

തിരുവനന്തപുരം: സ്കൂൾ സമയമാറ്റം അടക്കം ശുപാർശ ചെയ്യുന്ന ഖാദർ കമ്മിറ്റി റിപ്പോർട്ടിലെ പല നിർദേശങ്ങളും അപ്രായോഗികമെന്ന് മന്ത്രി വി. ശിവൻകുട്ടി. എയ്ഡഡ് മേഖലയിലെ അധ്യാപക നിയമനം പി.എസ്.സിക്ക് വിടുന്നത് ചർച്ചചെയ്ത് എടുക്കേണ്ട തീരുമാനമാണ്. നിയമനത്തിന് പ്രത്യേക ബോർഡ് രൂപീകരിക്കണം എന്ന കാര്യവും തീരുമാനിച്ചിട്ടില്ല. സ്കൂൾ സമയമാറ്റം കേരളത്തിൽ പ്രായോഗികമല്ല. ഖാദർ കമ്മിറ്റി റിപ്പോർട്ട് വിദ്യാഭ്യാസ വകുപ്പിലെ വിദഗ്ധരുമായി ചർച്ച ചെയ്യുമെന്നും അദ്ദേഹം വ്യക്തമാക്കി.

## യു.എസ് സൈനിക താവളത്തിൽ റോക്കറ്റാക്രമണം; നിരവധി പേർക്ക് പരിക്ക്

ബഗ്ദാദ്: പശ്ചിമേഷ്യയിൽ ഏത് നിമിഷവും യുദ്ധം പൊട്ടിപ്പുറപ്പെട്ടേക്കുമെന്ന ഭീതിക്കിടെ ഇറാഖിൽ അമേരിക്കൻ സൈനിക താവളത്തിനുനേരെ റോക്കറ്റാക്രമണം. അയ്നുൽ അസദ് സൈനിക താവളത്തിലുണ്ടായ ആക്രമണത്തിൽ നിരവധി യു.എസ് സൈനികർക്ക് പരിക്കേറ്റു. ആക്രമണത്തിന്റെ ഉത്തരവാദിത്തം ആരും ഏറ്റെടുത്തിട്ടില്ല. രാജ്യത്ത് സൈനിക താവളങ്ങൾക്കും നയതന്ത്ര കാര്യാലയങ്ങൾക്കും നേരെയുള്ള ആക്രമണങ്ങളെ ഇറാഖ് സേന അപലപിച്ചു. ഇത്തരം നീക്കങ്ങൾ സംഘർഷം ആളിക്കത്തിക്കുമെന്ന് സൈന്യം മുന്നറിയിപ്പുനൽകി. രണ്ടാമതും ആക്രമണ സാധ്യയുള്ളതായി യു.എസ് ഭയക്കുന്നു.

## രാഹുൽ ഗാന്ധിയുടെ പ്രഖ്യാപനത്തിന് റാസൽഖൈമയുടെ കയ്യൊപ്പ്

റാസൽഖൈമ: വയനാടിന് ഓരോ വീടുകൾ പ്രഖ്യാപിച്ച് റാക് കേരള സമാജവും റാസൽഖൈമയിലെ കോൺഗ്രസ് അനുഭാവികളും. ദുരന്തഭൂമി സന്ദർശിച്ച കേരള സമാജം പ്രസിഡന്റ് നാസർ അൽദാന വയനാട് എം.എൽ.എ സിദ്ദീഖ് മുഖേനയാണ് വീട് നൽകുമെന്ന് അറിയച്ചതെന്ന് സമാജം സെക്രട്ടറി സജി വരിയങ്ങാട്, ട്രഷറർ ഷാനവാസ് ഉസ്മാൻ എന്നിവർ പറഞ്ഞു. രാഹുൽ ഗാന്ധി പ്രഖ്യാപിച്ച നൂറു വീടുകളിലേക്ക് യുഎഇ ഇൻകാസുമായി സഹകരിച്ച് റാസൽഖൈമയിലെ കോൺഗ്രസ് കൂട്ടായ്മ ഒരു വീട് നൽകാൻ തീരുമാനിച്ചതായി യുഎഇ ഇൻകാസ് സെക്രട്ടറി കൂടിയായ നാസർ അൽദാന അറിയിച്ചു. സിദ്ദീഖ് എം.എൽ.എ, ഇൻകാസ് യു.എ.ഇ മുൻ പ്രസിഡന്റ് മഹാദേവൻ വാഴശ്ശേരി,അഡ്വ. വൈ.എ റഹീം, ഷാജി കാസിമി എന്നിവർ പങ്കെടുത്ത യോഗത്തിലാണ് തീരുമാനം അറിയിച്ചത്. ഷാജു മോഡേൺ, ഹസൈനാർ കണ്ണൂർ, ആരിഫ് കുറ്റ്യാടി, അനസ് മാന്തടം, സിറാജ് മൊയ്തീൻകുട്ടി, ഷക്കീർ പൂഴിതൊടി, ഇസ്മായിൽ സാറോസ്, സജി വരിയങ്ങാട്, നവാസ് കുന്നംകുളം, അജാസ് ഖാൻ, അജി കേശവപുരം, റഫീഖ്, സുരേഷ് വെങ്ങോട്, ആസിഫ് തുടങ്ങി നിരവധി പ്രവർത്തകരുടെ നേതൃത്വത്തിലാണ് കൂട്ടായ്മയുടെ പ്രവർത്തനം.

## ഹാരിസിന്റെ വൈസ് പ്രസിഡന്റ് സ്ഥാനാർത്ഥിയായി ടിം വാൽസ്

വാഷിങ്ടൺ: അമേരിക്കൻ പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ ഡെമോക്രാറ്റിക് പാർട്ടി സ്ഥാനാർത്ഥിയായി മത്സരിക്കുന്ന കമല ഹാരിസ് വൈസ് പ്രസിഡന്റ് സ്ഥാനാർത്ഥിയായി മിനസോട്ട ഗവർണർ ടിം വാൽസിനെ തിരഞ്ഞെടുത്തു.

പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ രണ്ടാമതും മത്സരിക്കാനുള്ള നീക്കത്തിൽനിന്ന് ജോ ബൈഡൻ പിന്മാറിയതോടെയാണ് 59കാരിയായ ഹാരിസ് ഡെമോക്രാറ്റിക് സ്ഥാനാർത്ഥിയായത്. നവംബറിൽ നടക്കുന്ന തിരഞ്ഞെടുപ്പിൽ റിപ്പബ്ലിക്കൻ പാർട്ടിയുടെ ഡൊണാൾഡ് ട്രംപിനെയും വൈസ് പ്രസിഡന്റ് സ്ഥാനാർത്ഥി ജെ.ഡി വാൻസിനെയും ഇരുവരു ഒന്നിച്ചു നേരിടും. ഹാരിസ് വിജയിച്ചാൽ വാൽസ് വൈസ് പ്രസിഡന്റാകും. ഇന്ന് ഫിലാഡൽഫിയയിൽ നടക്കുന്ന തിരഞ്ഞെടുപ്പിൽ ഹാരിസിനോടൊപ്പം വാൽസും പങ്കെടുക്കും. അറുപതുകാരനായ വാൽസ് 2018ലാണ് മിനസോട്ട ഗവർണറായി തിരഞ്ഞെടുക്കപ്പെട്ടത്. 2022ലെ തിരഞ്ഞെടുപ്പിലും അദ്ദേഹം ഗവർണർ പദവി നിലനിർത്തി. അമേരിക്കൻ സേനയിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.



ടിം വാൽസ്

## അവാമി ലീഗ് നേതാവിന്റെ ഹോട്ടലിന് തീവെച്ചു; 24 മരണം

ധാക്ക: ബംഗ്ലാദേശിലെ ജോഷോർ ജില്ലയിൽ അവാമി ലീഗ് നേതാവിന്റെ ഉടമസ്ഥതയിലുള്ള ഹോട്ടലിന് തീവെച്ച് 24 പേരെ ജീവനോടെ ചുട്ടുകൊന്നതായി റിപ്പോർട്ട്. തിങ്കളാഴ്ച വൈകീട്ടാണ് ഹോട്ടലിന് തീപിടിച്ചത്. രാത്രി എട്ടോടെ തീ അണച്ചതായും ദൃക്സാക്ഷികൾ പറയുന്നു. മരിച്ചവരിൽ ഒരു ഇന്തോനേഷ്യക്കാരനുമുണ്ട്. ഹോട്ടലിന്റെ മൂന്നാം നിലയിൽ നിന്ന് നിരവധി മൃതദേഹങ്ങൾ കണ്ടെടുത്തു. 150ലേറെ പേരെ പേർക്ക് പരിക്കേറ്റതായി ആശുപത്രി വൃത്തങ്ങൾ പറയുന്നു. വിദ്യാർത്ഥി പ്രക്ഷോഭത്തെ തുടർന്ന് പ്രധാനമന്ത്രി ഷെയ്ഖ് ഹസീന രാജിവെക്കുകയും രാജ്യംവിടുകയും ചെയ്ത ശേഷം അവാമി ലീഗ് നേതാക്കൾക്കുനേരെ വ്യാപക അക്രമങ്ങളാണ് നടക്കുന്നത്.



ബംഗ്ലാദേശിലെ ജോഷോർ ജില്ലയിൽ അവാമി ലീഗ് നേതാവിന്റെ ഉടമസ്ഥതയിലുള്ള ഹോട്ടലിന് തീവെച്ചപ്പോൾ




വിദൂര വിദ്യാഭ്യാസ വിഭാഗം പുനഃസ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട് കാലിക്കറ്റ് സർവകലാശാലയിലേക്ക് മലബാർ ഉന്നത വിദ്യാഭ്യാസ സംരക്ഷണ സമിതി നടത്തിയ ബഹുജന മാർച്ച്

## ദുരന്തം ടേക്ക് ഓഫ് ചെയ്ത രാത്രി കരിപ്പൂർ വിമാന ദുരന്തത്തിന് ഇന്നേക്ക് നാലാണ്ട്

**പി.വി ഹസീബ് റഹ്മാൻ**
കൊണ്ടോട്ടി

21 പേരുടെ ജീവനിലേക്ക് മരണം ടേക്ക് ഓഫ് ചെയ്ത കരിപ്പൂരിലെ വിമാന ദുരന്തത്തിന് ഇന്നേക്ക് നാലാണ്ട്. കോവിഡ് മഹാമാരിയും കനത്ത മഴയും ഒത്തുചേർന്ന 2020ലെ ആഗസ്റ്റ് 7ന് രാത്രിയാണ് ലോകം നടുക്കിയ ദുരന്തം സംഭവിച്ചത്.ദുബായിൽ നിന്നും കരിപ്പൂർ വിമാനത്താവളത്തിന്റെ മുകളിൽ എത്തിയ ഐ.എക്സ് 1344 എയർ ഇന്ത്യ എക്സ്പ്രസ് വിമാനമാണ് മഹാ ദുരന്തത്തിലേക്ക് പറന്നിറങ്ങിയത്. 184 യാത്രക്കാരും ആറ് ജീവനക്കാരുമായി എത്തിയ വിമാനം കനത്ത മഴയിൽ റൺവേ കാണാതെ രണ്ട് വട്ടം ലാൻഡ് ചെയ്യാനാവാതെ പറന്നുയർന്നു.പിന്നീട് വിമാനം ലാൻഡ് ചെയ്തത് സാധാരണ ലാൻഡ് ചെയ്യാൻ ഉപയോഗിക്കാത്ത 10 റൺവേയിൽ. തൊട്ടു പിന്നാലെ ദുരന്തം പിണഞ്ഞു. റൺവേയിൽ നിന്ന് തെന്നിമാറിയ വിമാനം ചതുപ്പ് നിലവും കടന്നു കിഴക്ക് ഭാഗത്തെ 35 മീറ്ററോളം താഴേക്ക് കൂപ്പു കുത്തി വീണു 3 കഷ്ണമായി പിളർന്നു. വിമാനത്താവളത്തിന്റെ ചുറ്റുമതിൽ തകർത്ത് വിമാനത്തിന്റെ മുൻ ഭാഗം പുറത്തേക്ക് തള്ളി. പൈലറ്റ് ദീപക് വസന്ത് സാഥേ, സഹ പൈലറ്റ് അഖിലേഷ് കുമാർ എന്നിവർ ഉൾപ്പെടെ 19 പേർ സംഭവ ദിവസം രണ്ട് പേർ പിന്നീട് ആശുപത്രിയിലും മരണപ്പെട്ടു. 160ൽ ഏറെ പേർക്ക് അപകടത്തിൽ പരിക്കേറ്റിരുന്നു. 22 പേരുടെ പരിക്ക് സാരമായിരുന്നു. ഇവർ പലതവണയാണ് ശസ്ത്രക്രിയകൾക്ക് വിധേയരായത്. കുറെ പേർ ജീവിതത്തിലേക്ക് തിരിച്ചു വന്നിട്ടുണ്ടങ്കിലും ഇവരിൽ പലരും ദുരിതത്തിന്റെ വേദന സഹിച്ചാണ് ഇന്നും കഴിയുന്നത്. കോവിഡ് കാരണം യാത്രക്കാരെ കർശന പരിശോധനകൾക്കു ശേഷം ക്വാറന്റൈൻ കേന്ദ്രങ്ങളിലേക്ക് അയക്കുന്ന സമയം കൂടിയായിരുന്നു ഇത്.

അപകട കാരണം ഇന്നും ദുരൂഹമാണ്. പൈലറ്റിന്റെ അശ്രദ്ധയാണ് ദുരന്തത്തിലേക്ക് വഴി വെച്ചത് എന്ന് കേന്ദ്ര, സംസ്ഥാന ഏജൻസികളുടെ പ്രാഥമിക അന്വേഷണത്തിൽ തന്നെ വ്യക്തമായി രുന്നു. എന്നാൽ റൺവേയുടെ അസൗകര്യത്തെ പഴി ചാരി ഗതിമാറ്റാനായിരുന്നു സിവിൽ വ്യോമയാന വകുപ്പ് തിടുക്കം കാണിച്ചത്. ദുരന്തത്തിൽ മരണ സംഖ്യ കുറച്ചത് കൊണ്ടോട്ടിയിലെയും പരിസര ത്തെയും ഒരു യുവതയുടെ ജീവൻ പണയം വെച്ച് നടത്തിയ രക്ഷാപ്രവർത്തനം കൊണ്ട് മാത്രമായിരുന്നു. പ്രതികൂല സാഹചര്യം വക വെക്കാതെ നിരവധി പേരെയാണ് രക്ഷാപ്രവർത്തകർ രക്ഷപ്പെടുത്തിയിരുന്നത്. ദുരന്ത ദിവസം കൈമെയ് മറന്ന് സഹായിച്ചവരെ രക്ഷപ്പെട്ട യാത്രക്കാർ ഓർത്തു കൊണ്ടിരിക്കുന്നു. ഇൻഷുറൻസ് തുകയായി 640 കോടി രൂപ എയർഇന്ത്യക്ക് ലഭിച്ചിരുന്നു. മരിച്ചവരുടെ ആശ്രിതർക്ക് എയർ ഇന്ത്യ പിന്നീട് രണ്ടുകോടി രൂപ മുതൽ ആറുകോടി രൂപ വരെ നഷ്ട പരിഹാരം നൽകിയിരുന്നു. 12 ലക്ഷം മുതൽ നാല് കോടിവരെ പരിക്കേറ്റവർക്കും ലഭ്യമായി. നഷ്ട പരിഹാരം എല്ലാവർക്കും ലഭിച്ചിട്ടുണ്ടെങ്കിലും പിന്നീട് ചിലർ തുക കുറവ് ആണന്ന് കാണിച്ച് കേസ് നൽകിയിട്ടുണ്ട്.

നടുക്കുന്ന ദുരന്തത്തിന്റെ ഓർമ ചിത്രമായി തകർന്ന വിമാനത്തിന്റെ അവശിഷ്ഠങ്ങൾ റൺവേക്ക് സമീപം കേന്ദ്ര സുരക്ഷ സേനയുടെ ബാരക്കിന് അടുത്ത് സൂക്ഷിച്ചിട്ടുണ്ട്. നിലവിലെ 9600 അടി റൺവേയുടെ അപര്യാപ്തതയാണ് അപകട കാരണം എന്ന് പറഞ്ഞ് വലിയ വിമാനങ്ങൾക്ക് വന്ന വിലക്ക് പിന്നീട് പരിഹരിക്കപ്പെട്ടില്ല. പരിഹാരമായി റസയുടെ നീളം വർധിപ്പിക്കാൻ തീരുമാനമായി. ഇതിനായി സർക്കാർ 12.50 ഏക്കർ ഭൂമി ഏറ്റെടുത്ത് നൽകിട്ടുണ്ട്. റസക്ക് വേണ്ടി നിലം ഒരുക്കുന്ന പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. പൂർത്തിയാവുന്നതോടെ റൺവേയുടെ നീളം 13000 അടിയായി മാറും.



കരിപ്പൂർ വിമാനപകടം 2020 (ഫയൽ ചിത്രം)

### താനൂർ ബോട്ട് ദുരന്തം

# അന്വേഷണ കമ്മീഷനോട് സഹകരിക്കാതെ സർക്കാർ

തിരൂർ: കുട്ടികളടക്കം 22 പേരുടെ മരണത്തിനിടയാക്കിയ താനൂർ ബോട്ട്ദുരന്തത്തിന്റെ കാരണങ്ങൾ അന്വേഷിക്കുന്ന ജസ്റ്റിസ് വി.കെ. മോഹനൻ കമ്മിഷനോട് സഹകരിക്കാതെ സംസ്ഥാന സർക്കാർ. തിരൂർ പൊതുമരാമത്ത് വിശ്രമകേന്ദ്രത്തിൽ നടന്ന നാലാമത്തെ സിറ്റിങിലും സർക്കാറിന് വേണ്ടി ഹാജരാകേണ്ട ചീഫ് സെക്രട്ടറിയോ പ്രതിനിധിയോ സ്റ്റേറ്റ്മെന്റ് ഫയൽ ചെയ്തില്ല. ഇത് കാരണമായി കമ്മീഷന്റെ തെളിവെടുപ്പ് വിചാരണ വീണ്ടും നീണ്ടു. ചീഫ് സെക്രട്ടറിയെ കൂടാതെ കേസിൽ കക്ഷികളായ ചില വകുപ്പ് ഉദ്യോഗസ്ഥരുടെ സത്യവാങ്മൂലവും മാരിടൈം ബോർഡ് സി.ഇ.ഒയുടെ ഭാഗത്തു നിന്നുള്ള റിപ്പോർട്ടും ഇതുവരെ കമ്മീഷന് ലഭിച്ചിട്ടുമില്ല.

വയനാട് ദുരന്തത്തിന്റെ പശ്ചാതലത്തിൽ ചീഫ് സെക്രട്ടറി തിരക്കിലായതിനാൽ ഇപ്പോൾ കടുത്ത നിലപാടിലേക്ക് പോകുന്നില്ലെങ്കിലും അടുത്ത സിറ്റിങ്ങിലും ചീഫ് സെക്രട്ടറിയോ പ്രതിനിധിയോ സ്റ്റേറ്റ്മെന്റ് ഹാജരാക്കാത്ത പക്ഷം കമ്മീഷനിൽ നിക്ഷിപ്തമായ ചുമതലകളുമായി മുന്നോട്ട് പോകുമെന്ന് കമ്മീഷൻ വ്യക്തമാക്കി. ബോട്ടപകട കേസിൽ കമ്മീഷൻ സ്വമേധയയാണ് സർക്കാറിനെ കക്ഷി ചേർത്തത്.സർക്കാറിന് വേണ്ടി ചീഫ് സെക്രട്ടറിയോ പ്രതിനിധിയോ കമ്മീഷന് മുമ്പിൽ ഹാജരാകേണ്ടത്.എന്നാൽ ചീഫ് സെക്രട്ടറിയുടെ സത്യവാങ്മൂലം വൈകുന്നതിനാൽ അപകടത്തിൽ മരിച്ചവരുടെ ബന്ധുക്കൾക്കും പരിക്കേറ്റവർക്കും കേസിൽ കക്ഷി ചേർന്നവർക്കും പ്രതിഷേധമുണ്ട്.6 മാസമാണ് സർക്കാർ കമ്മിഷന് കാലാവധി നൽകിയിട്ടുള്ളത്.

ചീഫ് സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ സഹകരിക്കാത്തത് കമ്മിഷന്റെ റിപ്പോർട്ടിനെ ബാധിക്കും.അപകടത്തിൽ പരുക്കേറ്റവരുടെ ചികിത്സ സഹായത്തിന്റെ കാര്യത്തിൽ കമ്മീഷന് തീരുമാനമെടുക്കാമെന്നാണ് സർക്കാർ നിയമസഭയിലും അറിയിച്ചിട്ടുള്ളത്.അതിനാൽ തെളിവെടുപ്പ് നീണ്ട് പോകുന്നതിൽ ചികിത്സാ സഹായം കാത്ത് നിൽക്ക ന്നവർക്കും വൻ തിരിച്ചടിയാകുന്നുണ്ട്.ജില്ലാ ദുരന്തനിവാരണ അതോറിട്ടി ബോട്ടപകടത്തെ കുറിച്ച് തയ്യാറാക്കിയ റിപ്പോർട്ട് ഹാജരാക്കാൻ മലപ്പുറം ജില്ലാ മുസ്‌ലിം ലീഗ് കമ്മിറ്റിക്ക് വേണ്ടി കേസിൽ ഹാജരാകുന്ന അഡ്വ.കെ.എ ജലീൽ കഴിഞ്ഞ സിറ്റിങ്ങിൽ അപേക്ഷ നൽകിയിരുന്നെങ്കിലും ഇന്നലെ നടന്ന സിറ്റിങ്ങിൽ ജില്ലാ കലക്ടർ ഹാജരാക്കിയില്ല. അടുത്ത സിറ്റിങ് സെപ്തംബർ 12 ന് നടക്കും.

## അല്ലാഹുവിന്റെ സന്ദേശങ്ങൾ ഔലിയാക്കൾ സമൂഹത്തിന് കൈമാറി: റഷീദലി തങ്ങൾ

മഞ്ചേരി: അല്ലാഹുവിന്റെ സന്ദേശങ്ങളാണ് ഔലിയാക്കൾ സമൂഹത്തിന് കൈമാറിയതെന്ന് പാണക്കാട് സയ്യിദ് റഷീദലി ശിഹാബ് തങ്ങൾ. അഹ്‌ലുസ്സുന്നയുടെ ആശയകൈമാറ്റം ഇന്നും തുടരുന്നത് മഹാന്മാരിലൂടെയാണ്. ഔലിയാക്കൾക്ക് അള്ളാഹു വിശുദ്ധി നൽകും. അവർക്ക് മഹത്വവും സൗകര്യങ്ങളും നൽകും. അവർ ശരീഅത്ത് ഉൾക്കൊണ്ട് മാത്രമേ പ്രവർത്തിക്കൂ. അത്തരം ജീവിതമാണ് പകർത്തേണ്ടതെന്നും തങ്ങൾ പറഞ്ഞു. തൃപ്പനച്ചി മുഹമ്മദ് മുസ്‌ലിയാർ 13-ാം ഉറൂസ് പരിപാടികളുടെ രണ്ടാം ദിനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു. അസ്ഗറലി ഫൈസി പട്ടിക്കാട് അധ്യക്ഷനായി. കീച്ചേരി അബ്ദുൽ ഗഫൂർ മൗലവി പ്രഭാഷണം നടത്തി. സൈനുൽ ആബിദീൻ തങ്ങൾ കുന്നംകൈ പ്രാർഥനക്ക് നേതൃത്വം നൽകി. കോട്ടുമല മൊയ്തീൻകുട്ടി മുസ്‌ലിയാർ,അബ്ദുല്ല ദാരിമി വളമംഗലം,അബ്ദുൽ ലത്തീഫ് ഫൈസി പാതിരമണ്ണ, ഹംസ ഫൈസി അൽ ഹൈതമി,അലവി ഫൈസി കുളപ്പറമ്പ്,മുഹമ്മദലി ശിഹാബ് ഫൈസി കൂമണ്ണ, ളിയാഉദ്ദീൻ ഫൈസി മേൽമുറി, ഒ.ടി മുസ്തഫ ഫൈസി മുടിക്കോട്,ഉമ്മർ ഫൈസി മുടിക്കോട്, അബ്ദുസ്സലാം ഫൈസി ഒളവട്ടൂർ പ്രസംഗിച്ചു.ഇന്ന് രാവിലെ ഒമ്പതിന് അഖില കേരള മുശാഅറ മത്സരം പാണക്കാട് സയ്യിദ് റാജിഹ് അലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്യും. അബ്ദുല്ല ദാരിമി വളമംഗലം അധ്യക്ഷനാകും. രാത്രി ഏഴിന് ഹിഫ്ള് പൂർത്തിയാക്കിയ വിദ്യാർഥികൾക്കുള്ള സനദ്ദാനം പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ നിർവഹിക്കും. ഡോ.ബഹാഉദ്ദീൻ നദ്‌വി കൂരിയാട് അധ്യക്ഷനാകും. കുമ്മനം നിസാമുദ്ദീൻ അസ്ഹരി പ്രഭാഷണം നടത്തും. നാളെ വൈകീട്ട് ഏഴിന് സ്വലാത്ത് മജ്‌ലിസ് പാണക്കാട് സയ്യിദ് അബ്ബാസലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്യും. സയ്യിദ് അബ്ദുന്നാസർ ഹയ്യ് ശിഹാബ് തങ്ങൾ അധ്യക്ഷനാകും. സയ്യിദ് ബാപ്പു തങ്ങൾ ജമലുല്ലൈലി കുന്നുംപുറം നേതൃത്വം നൽകും. രാത്രി ഒമ്പതിന് ജലാലിയ്യ റാതീബിന് ശൈഖ് ഇബ്രാഹീം അൽ ഖലീൽ ആന്റ് പാർട്ടി നാഗൂർ ശരീഫ് നേതൃത്വം നൽകും.

## പേരുമാറ്റം കേന്ദ്രം അംഗീകരിച്ചു

തിരുവനന്തപുരം: കൊച്ചു വേളി റെയിൽവേ സ്റ്റേഷൻ ഇനി മുതൽ തിരുവനന്തപുരം നോർത്ത് എന്നും നേമം സ്റ്റേഷൻ തിരുവനന്തപുരം സൗത്ത് എന്നും അറിയപ്പെടും. രണ്ട് സ്റ്റേഷനുകളുടെയും പേരു മാറ്റണമെന്ന സംസ്ഥാന സർക്കാരിന്റെ ആവശ്യം കേന്ദ്ര സർക്കാർ അംഗീകരിച്ചു. പേരു മാറ്റം അനുവദിച്ചുകൊണ്ടുള്ള കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ കത്ത് സംസ്ഥാനത്തിന് ലഭിച്ചു. ഇതോടെ, ഈ രണ്ടു സ്റ്റേഷനുകളെയും തിരുവനന്തപുരം സെൻട്രൽ റെയിൽവേ സ്റ്റേഷന്റെ സാറ്റലൈറ്റ് ടെർമിനലുകളാക്കാനുള്ള നടപടികൾ സജീവമാകും. ഏറെ നാളായുള്ള ആവശ്യം സംസ്ഥാനത്തിന്റെ നിരന്തര സമ്മർദ്ദത്തെ തുടർന്നാണ് അംഗീകരിച്ചത്.

# നിരീക്ഷണം

നിങ്ങൾ നന്ദികാണിച്ചാൽ തീർച്ചയായും ഞാൻ നിങ്ങൾക്ക് (അനുഗ്രഹം) വർദ്ധിപ്പിച്ചു തരുന്നതാണ്. എന്നാൽ, നിങ്ങൾ നന്ദികേട് കാണിക്കുകയാണെങ്കിൽ തീർച്ചയായും എന്റെ ശിക്ഷ കഠിനമായിരിക്കും' എന്ന് നിങ്ങളുടെ രക്ഷിതാവ് പ്രഖ്യാപിച്ച സന്ദർഭം (ശ്രദ്ധേയമത്രെ.)
( വിശുദ്ധ ഖുർആൻ: 14: 07 )

gulfchandrikanews@gmail.com

ഗൾഫ് ചന്ദ്രിക
1446 സഫർ 03 • 1199 കർക്കിടകം 23

## വഖഫിൽ കണ്ണുനട്ട് കേന്ദ്ര സർക്കാർ

കോടിക്കണക്കിന് രൂപയുടെ വഖഫ് സ്വത്തിൽ കണ്ണുനട്ടും വർഗീയ ധ്രുവീകരണം ലക്ഷ്യമിട്ടും വഖഫ് നിയമ ഭേദഗതിയുമായി കേന്ദ്ര സർക്കാർ രംഗത്തെത്തിയിരിക്കുകയാണ്. കഴിഞ്ഞി ദിവസം മന്ത്രിസഭ അംഗീകാരം നൽകിയ വഖഫ് നിയമ ഭേദഗതി ബിൽ വൈകാതെ പാർലമെന്റിൽ അവതരിപ്പിക്കാനുള്ള തയാറെടുപ്പിലാണ് സർക്കാർ. 1995 ലെ കേന്ദ്ര വഖഫ് നിയമത്തിൽ 40 ഓളം ഭേദഗതികളാണ് കൊണ്ടുവരുന്നത്. അതിനുപുറമെ വഖഫ് സ്വത്തുക്കളുടെ സംരക്ഷണവും ക്രിയാത്മക വിനിയോഗവും ലക്ഷ്യം വെച്ചും, അനാവശ്യ അവകാശവാദങ്ങളും ദുരുപയോഗവും തടയുന്നതിനു വേണ്ടിയും യു.പി.എ സർക്കാർ ബോർഡിന് നൽകിയ അധികാരങ്ങൾ എടുത്തുകളയുന്നുമുണ്ട്. ബോർഡിന്റെ ഘടനയെ തന്നെ അട്ടിമറിക്കാനുള്ള നീക്കവും പുതിയ ഭേദഗതിയിൽ ഇടംപിടിച്ചിട്ടുണ്ട്. നിലവിൽ കേന്ദ്രത്തി ൽ വഖഫ് കൗൺസിലിന്റെയും സംസ്ഥാനങ്ങളിൽ വഖഫ് ബോർഡുകളുടേയും കൈവശമുള്ള വഖഫ് സ്വത്തുക്കളിൽ കേന്ദ്ര സർക്കാറിന് നേരിട്ട് ഇടപെടുന്നതിന് പരിമിതികളുണ്ട്. അത് മറികടന്ന് വഖഫ് സ്വത്തുകൾ അധീനപ്പെടുത്താനുള്ള മോദി സർക്കാറിന്റെ ഗൂഢ തന്ത്രമാണ് നീക്കത്തിനു പിന്നിലെന്നും വിമർശനമുണ്ട്.

നിർദ്ദിഷ്ട ഭേദഗതികൾ പ്രകാരം, വഖഫ് ബോർഡിന് വസ്തുക്കളുടെ മേൽ അവകാശം ഉന്നയിക്കാൻ ലഭിച്ചിരുന്ന അനിയന്ത്രിത അധികാരം ഇല്ലാതാകും. മാത്രമല്ല, വഖഫ് സ്വത്തുക്കളിന്മേൽ കേന്ദ്ര സർക്കാറിന്റെ നിർബന്ധിത പരിശോധനയ്ക്ക് വഴിതുറക്കുകയും ചെയ്യും. നിലവിൽ, വഖഫ് സ്ഥാപനങ്ങൾക്ക് ഏത് വസ്തുവും വഖഫ് സ്വത്തായി പ്രഖ്യാപിക്കാൻ അധികാരമുണ്ട്. ഈ അധികാരം എടുത്തു കളയാനാണ് നീക്കം. വഖഫ് സ്വത്തുക്കളിൽ നിന്ന് ലഭിക്കുന്ന വരുമാനം നിലവിലെ നിയമ പ്രകാരം മുസ്‌ലിം സമൂഹത്തിന്റെ ഉന്നമനത്തിനായാണ് വിനിയോഗിക്കപ്പെടുന്നത്. ഇതിൽ കൈകടത്തലും കേന്ദ്ര സർക്കാർ നീക്കത്തിന്റെ ലക്ഷ്യമാണ്. വഖഫ് ബോർഡിൽ സ്ത്രീകൾക്ക് പ്രാതിനിധ്യം ഉറപ്പാക്കാനും നിർദിഷ്ട ബിൽ വ്യവസ്ഥ ചെയ്യുന്നു. 28 സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലുമായി 30 വഖഫ് ബോർഡുകളാണ് രാജ്യത്തുള്ളത്. രണ്ടാം മോദി സർക്കാരിന്റെ കാലത്തുതന്നെ ന്യൂനപക്ഷ കാര്യ മന്ത്രാലയം വഖഫ് ബോർഡിന്റെ അധികാരങ്ങൾ വെട്ടിക്കുറയ്ക്കണമെന്ന നിർദേശം മുന്നോട്ടു വച്ചിരുന്നുവെങ്കിലും ഇപ്പോൾ അതിന്റെ നടപടിക്രമങ്ങളിലേക്ക് കാലെടുത്തുവെച്ചിരിക്കുകയാണ്.

ഹരിയാന, മഹാരാഷ്ട്ര, ജാർഖണ്ഡ് സംസ്ഥാനങ്ങളിലെ നിയമസഭാ തിരഞ്ഞെടുപ്പ് ഈ വർഷം ഒക്ടോബറിൽ നടക്കാനിരിക്കെ, രാഷ്ട്രീയ ലക്ഷ്യം കൂടി മുന്നിൽ കണ്ടാണ് ന്യൂനപക്ഷങ്ങൾക്കെതിരായ മോദി സർക്കാറിന്റെ നീക്കം. പ്രസ്തുത സംസ്ഥാനങ്ങളിൽ വഖഫ് സ്വത്തുക്കളിൽ ഹിന്ദുത്വ സംഘടനകൾ വ്യാപകമായി അവകാശവാദം ഉന്നയിച്ചുകൊണ്ടിരിക്കുകയാണ്. ഈ സംഘടനകളെ തൃപ്തിപ്പെടുത്തുകയും അതുവഴി തിരഞ്ഞെടുപ്പിൽ നേട്ടമുണ്ടാക്കലും ഭേദഗതിക്കുപിന്നിലെ ഒരിനമാണ്. 9.4 ലക്ഷം ഏക്കറുകളിലായി 8.7 ലക്ഷം വരുന്ന വസ്തുക്കളിൽ കേന്ദ്ര സർക്കാറും സംഘ്പരിവാർ ശക്തികളും കണ്ണുവെക്കുമ്പോൾ മുസ്‌ലിം സമുദായത്തിന് ഇത് വെറും സ്വത്തുവകകൾ മാത്രമല്ല. ഇസ്‌ലാം മത വിശ്വാസപ്രകാരം വഖഫ് സ്വത്തുക്കൾ വ്യക്തികൾക്കോ സംവിധാനങ്ങൾക്കോ തന്നിഷ്ടപ്രകാരം കൈകാര്യം ചെയ്യാനുള്ള അവകാശം മതം അനുവദിച്ചു നൽകുന്നില്ല. വഖഫ് ചെയ്ത ആളുടെ അഭിലാഷമാണ് ആ സ്വത്തുക്കൾ കൈകാര്യം ചെയ്യുന്നതിനുള്ള ഒരേയൊരു മാനദണ്ഡം. എന്നാൽ വിശ്വാസപരമായ ഈ അടിസ്ഥാന തത്വത്തെ ബലികഴിപ്പിച്ച് ഭരണകൂടം ഉദ്ദേശിക്കുന്ന രീതിയിലേക്ക് മാറ്റിമറിക്കപ്പെടുന്നതിനുള്ള എല്ലാ ഒളിയജണ്ടകളും ഈ നിയമ ഭേദഗതികൾ സസൂക്ഷ്മം വിലയിരുത്തുമ്പോൾ പ്രകടമാണ്. ഇങ്ങനെ ഓരോമതത്തിന്റെയും കാര്യങ്ങളിൽ ഭരണകൂടം നടത്തുന്ന കൈകടത്തിൽ ഭരണഘടന അനുശാസിക്കുന്ന മത സ്വാതന്ത്ര്യത്തിന്റെ നഗ്നമായ ലംഘനമാണ്.

അതിശക്തമായ പ്രതികരണമാണ് വഖഫ് നിയമ ഭേദഗതിക്കെതിരെ പ്രതിപക്ഷം ഉയർത്തിയിരിക്കുന്നത്. അഖിലേഷ് യാദവ് ഉൾപ്പെടെയുള്ളവർ ഇപ്പോൾ തന്നെ രംഗത്തെത്തിക്കഴിഞ്ഞു. മാത്രമല്ല, ന്യൂനപക്ഷങ്ങളുടെ പിൻബലമുള്ള നിതീഷ്കുമാറും ചന്ദ്രബാബു നായിഡുവുമെല്ലാം വിഷയത്തിൽ എങ്ങിനെ പ്രതികരിക്കുമെന്ന് പ്രവചിക്കാനാവില്ല. ഈ ഘട്ടത്തിലും ഇത്തരമൊരു നീക്കവുമായി ബി.ജെ.പി രംഗത്തുവരുന്നുവെങ്കിൽ അതിനു പിന്നിൽ വർഗീയ ധ്രുവീകരണം മാത്രമാണ് ലക്ഷ്യം. മഹാരാഷ്ട്രയിലുൾപ്പെടെ മൂന്നു സംസ്ഥാനങ്ങളിലേയും തിരഞ്ഞെടുപ്പ് ഫലം അവരെ സംബന്ധിച്ച് അതിനിർണായകമാണ്. ജനവിധി എതിരാവുന്ന പക്ഷം അത് കേന്ദ്ര സർക്കാറിന്റെ നിലനിൽപിനെ പോലും സ്വാധീനിക്കുമെന്ന കാര്യത്തിൽ സംശയമില്ല. എന്നിട്ടും രാജ്യം കൈയ്യൊഴിഞ്ഞ ധ്രുവീകരണ ശ്രമങ്ങളുമായി മോദിയും കൂട്ടരും രംഗത്തെത്തുമ്പോൾ അത് അവരുടെ ആശയപ്പാപ്പരത്തത്തിന്റെ മറ്റൊരുദാഹരണമായി മാറുകയാണ്.

### അടിക്കുറിപ്പ്

എല്ലാവരും ഒരുമിച്ച് നിൽക്കേണ്ട സമയമാണിത്. പല കാരണങ്ങൾ കൊണ്ട് സ്ഥിരം വിവാദനായകനായ, ഒരുപാടാളുകൾക്കിടയിൽ വിശ്വാസ്യത നഷ്ടപ്പെട്ട ഒരുദ്യോഗസ്ഥന് ഈ ഘട്ടത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുമായി ബന്ധപ്പെട്ട ഒരു പ്രധാന ചുമതല നൽകിയത് ഉചിതമാണോ എന്ന് മുഖ്യമന്ത്രി തന്നെ വിലയിരുത്തണം.

വി.ടി ബൽറാം

### ചരിത്രത്തിൽ ഇന്ന്

1789 അമേരിക്കയിൽ യുദ്ധവകുപ്പ് രൂപവത്കരിച്ചു.
1960 ഐവറി കോസ്റ്റ് സ്വതന്ത്രരാജ്യമായി.
1998 ടാൻസാനിയയിലെ ദാർ എസ് സലാം, കെനിയയിലെ നെയ്റോബി എന്നിവിടങ്ങളിലെ അമേരിക്കൻ എംബസികൾക്കു നേരെ ബോംബാക്രമണം. സംഭവത്തിൽ 224 പേർ മരിക്കുകയും, 4500ലധികം പേർക്ക് പരിക്കേൽക്കുകയും ചെയ്തു

# ഏകാധിപത്യത്തിന്റെ അനിവാര്യ പതനം



ഡോ.ടി.സൈനുൽ ആബിദ്

2005 ഏപ്രിൽ 23ന് ലോകത്താദ്യമായി യൂട്യൂബിലൂടെ ഒരു വീഡിയോ അപ് ലോഡ് ചെയ്ത ജാവേദ് കരീം ബംഗ്ലാദേശ് സ്വദേശിയായ നഈമുൽ കരീമിന്റെ മകനാണ്. ഇതോടെ ജാവേദ് കരീം യൂട്യൂബിന്റെ സഹസ്ഥാപകനായി മാറി. ബംഗ്ലാദേശിലെ വനിതാ സംരംഭകരെ ശാക്തീകരിക്കുന്നതിനും സാമൂഹിക സാമ്പത്തിക വികസനം പ്രോൽസാഹിപ്പിക്കുന്നതിനും വേണ്ടി മുഹമ്മദ് യൂനുസ് എന്ന സാമ്പത്തിക ശാസ്ത്ര വിദഗ്ധൻ സ്ഥാപിച്ചതാണ് ബംഗ്ലാദേശിൽ ഇന്ന് വിജയകരമായി മുന്നോട്ട് പോകുന്ന ഗ്രാമീൺ ബാങ്ക് മൈക്രോ ഫൈനാൻസിംഗ് മേഖലയിൽ ബംഗ്ലാദേശിൽ മുഹമ്മദ് യൂനുസ് നടത്തിയ വിപ്ലവകരമായ പ്രവർത്തനങ്ങൾക്കാണ് 2006 ലെ നോബൽ സമ്മാനം നൽകപ്പെട്ടത്.

കൈത്തറി വ്യവസായം, മരുന്നുൽപാദനം, കാർഷികാഭിവൃദ്ധി, അടിസ്ഥാന സൗകര്യ വികസനം, ഡിജിറ്റൽ മാർക്കറ്റിംഗ് എന്നീ മേഖലകളിലെല്ലാം വൻമുന്നേറ്റം നടത്തിവരുന്ന രാജ്യമാണിന്ന് ബംഗ്ലാദേശ്.ദക്ഷിണേഷ്യൻ രാജ്യങ്ങളിൽ ഏറ്റവും മികച്ച ജി.ഡി.പി ശരാശരിയാണിന്ന് ബംഗ്ലാദേശിനുളളത്. രാജ്യത്തിന്റെ ഈ മുന്നേറ്റം മുഴുവൻ അവിടെ തുടർച്ചയായി അധികാരം കയ്യാളുന്ന ശൈഖ് ഹസീനയുടെ മാത്രം നേട്ടമല്ല. യഥാർത്ഥത്തിൽ മുഹമ്മദ് യൂനുസിനെപ്പോലെയുള്ള സാമ്പത്തിക വിദഗ്ധരും ജാവേദ് കരീമിനെപ്പോലെ വിവര സാങ്കേതിക വിദ്യയിൽ അവഗാഹം നേടി സ്വദേശത്തും വിദേശത്തുമിരുന്ന് അഹോരാത്രം ജോലിചെയ്യുന്ന യുവതയുടേയും കർഷകരുടേയുമെല്ലാം പങ്കാളിത്തത്തോടെയാണ് ആധുനിക ബംഗ്ലാദേശ് സാമ്പത്തിക സാമൂഹിക രംഗത്ത് മുന്നേറ്റം നടത്തിവരുന്നത്. ചെറിയ ഇടവേള ഒഴിച്ചു നിർത്തിയാൽ ശൈഖ് ഹസീനയാണ് കഴിഞ്ഞ ഇരുപത് വർഷത്തിലേറെക്കാലം ബംഗ്ലാദേശിൽ ഭരണം നടത്തുന്നത്.

സർക്കാർ ജോലികളിലെ സംവരണവുമായി ബന്ധപ്പെട്ട് ധാക്കാ സർവകലാശാലാ വിദ്യാർത്ഥികൾ നഹീദ് ഇസ് ലാം എന്ന വിദ്യാർത്ഥിയുടെ നേതൃത്വത്തിൽ ആരംഭിച്ച പ്രക്ഷോഭം ശക്തമായതോടെ മുന്നൂറിലധികം പേർ വധിക്കപ്പെട്ടു. പൊടുന്നനെ അതൊരു സർക്കാർ വിരുദ്ധ ജനകീയസമരമായി മാറി. 2024 ആഗസ്റ്റ് അഞ്ചിന് തിങ്കളാഴ്ച സമരക്കാർ ധാക്കാ മാർച്ച് പ്രഖ്യാപിക്കുകയും പ്രധാനമന്ത്രിയുടെ ഔദ്യോഗിക വസതി ലക്ഷ്യമിട്ട് മുന്നേറുകയും ചെയ്തു. തുടർന്ന് സൈന്യത്തിന്റെ മുന്നറിയിപ്പ് കൂടി ലഭിച്ചതോടെ നിൽക്കക്കള്ളിയില്ലാതായ ശൈഖ് ഹസീന രാജിക്കാര്യം സൈനീക മേധാവിയെ അറിയിച്ച് സഹോദരിയെയുംകൂട്ടി ഉച്ചയോടെ ധാക്കയിൽ നിന്നും പ്രത്യേക ഹെലികോപ്റ്ററിൽ രാജ്യം വിടുകയായിരുന്നു. മണിക്കൂറുകൾക്ക് ശേഷമാണ് ഹസീനയുടെ വിമാനം ഇന്ത്യയുടെ തലസ്ഥാനമായ ദില്ലിയോട് ചേർന്ന ഗാസിയാബാദിലെ ഹിൻഡൺ വ്യോമതാവളത്തിലിറങ്ങിയ വിവരം പുറത്ത് വന്നത്. അവിടെ നിന്നും ഇനി അവർ ഇംഗ്ലണ്ടിൽ അഭയം തേടുമെന്നാണ് വാർത്താ ഏജൻസികൾ നൽകുന്ന വിവരം.



1971ൽ ഇന്ത്യൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ പരിപൂർണ്ണ പിന്തുണയോടെ പാക്കിസ്താനിൽ നിന്നും കിഴക്കൻ പാക്കിസ്ഥാനെ വേർപെടുത്തി പുതിയ രാജ്യമാക്കി മാറ്റിയതാണ് ബംഗ്ലാദേശ്. അനേക വർഷത്തെ പ്രതാപധന്യമായ രാഷ്ട്രീയ ചരിത്രം ഈ ദേശത്തിനുണ്ട്. 1757ലെ പ്ലാസി യുദ്ധത്തോടെ ഇന്ത്യാഉപഭൂഖണ്ഡത്തിൽ നൂറ്റാണ്ടുകളായി ഭരണം നടത്തിവന്ന മുഗൾ സാമ്രാജ്യം തകർച്ച നേരിടുകയും ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി സ്ഥാപിച്ച് ബ്രിട്ടീഷുകാർ മേഖലയിലെ രാഷ്ട്രീയ ശക്തിയായി വളരുകയും ചെയ്തു. 1905 ലെ ബ്രിട്ടീഷുകാരുടെ ഭിന്നിപ്പിക്കൽ തന്ത്രങ്ങളിലൂടെ ബംഗാൾ വിഭജിക്കപ്പെട്ടു. എ.കെ. ഫസലുൽഹഖ്, എച്ച്. എസ് സുഹ്രവർദി, നവാബ് സലീമുല്ല തുടങ്ങിയ ലോകപ്രശസ്തരായ രാഷ്ട്രമീമാംസകർ പ്രശോഭിക്കുകയും അധികാരം കയ്യാളുകയും ചെയ്തുവന്ന പ്രദേശമായിരുന്നു അത്. തൽഫലമായി രൂപപ്പെട്ട ഏറ്റവും വലിയ രാഷ്ട്രീയ മുന്നേറ്റമാണ് നവാബ് സലീമുല്ലയുടേയും മുഹ്സിനുൽ മുൽക്കിന്റെയും നേതൃത്വത്തിൽ 1906ൽ ധാക്കയിൽ ഉദയം ചെയ്ത സർവ്വേന്ത്യാ മുസ് ലിം ലീഗ്. ഉപഭ ഭൂഖണ്ഡത്തിലെ രാഷ്ട്രീയ ചരിത്രത്തിൽ പിന്നീട് നടന്ന പല അടിയൊഴുക്കുകളുടെയും അന്തർനാടകങ്ങളുടെയും ബ്രിട്ടീഷുകാരുടെ വിഭജനരാഷ്ട്രീയ ത്തിന്റെയുമെല്ലാം ഇരയായി ഈ പ്രദേശം 1947മുതൽ പാക്കിസ്ഥാനു കീഴിലായി.

1971ൽ ജനറൽ മുജീബ് നേതൃത്വം നൽകിയ പോരാട്ടത്തിലൂടെയും ഇന്ത്യയുടെ സഹകരണത്തോടെയും ബംഗ്ലാദേശ് എന്ന പുതിയ രാജ്യം രൂപീകരിച്ചു. 1972 മുതൽ 1975 വരെ ജനറൽ മുജീബ് റഹ്മാൻ പ്രധാനമന്ത്രിയാവുകയും തുടർന്ന് 1975ൽ അവിടെ സൈനീക അട്ടിമറി നടക്കുകയും ചെയ്തു. ജനറൽ മുജീബിനെയും കുടുംബത്തെയും സൈന്യം 1975 ആഗസ്റ്റ് 15ന് വധിച്ചു. അന്ന് ജർമ്മനിയിലായിരുന്ന മകൾ ശൈഖ് ഹസീന അവരുടെ പാർട്ടിയായ അവാമി ലീഗിലൂടെ പിന്നീട് രാഷ്ട്രീയത്തിലെത്തി. ഈ ഘട്ടത്തിലാണ് മേജർ ജനറൽ സിയാഉറഹ്മാൻ അധികാരം പിടിച്ചത്. 1981 മെയ് 30 ന് അദ്ദേഹവും വധിക്കപ്പെട്ടു. 1978ൽ സിയാഉറഹ്മാൻ സ്ഥാപിച്ച ബംഗ്ലാദേശ് നാഷണലിസ്റ്റ് പാർട്ടി(പി.എൻ.ബി)യുടെ നേതാവായി അവരുടെ വിധവ ബീഗം ഖാലിദാസിയയും അവരോധിക്കപ്പെട്ടു.അങ്ങിനെ രണ്ട് വനിതകൾ ഒരു രാജ്യത്തെ രണ്ട് പ്രമുഖ രാഷ്ട്രീയ പാർട്ടികളെ നയിക്കുന്ന അപൂർവ കാഴ്ചക്ക് ബംഗ്ലാദേശ് സാക്ഷ്യം വഹിച്ചു. 1991 മുതൽ 1996 വരെയും 2001 മുതൽ 2006 വരേയും ബീഗം ഖാലിദാസിയ പ്രധാനമന്ത്രിയായി.

2009 ജനുവരി മുതൽ ശൈഖ് ഹസീനയാണ് ബംഗ്ലാദേശ് പ്രധാനമന്ത്രി. ഈ ഘട്ടം മുതൽ ശൈഖ് ഹസീനയുടെ ഭരണം കൃത്യമായും ഏകാധിപത്യ വാഴ്ചയായി മാറാൻ തുടങ്ങി. 1971 ലെ സ്വാതന്ത്ര്യ സമര കാലത്തെ യുദ്ധക്കുറ്റങ്ങൾ വിചാരണ ചെയ്യുന്നതിനായി 2010 ൽ ഒരു ട്രൈബൂണൽ രൂപീകരിച്ചു. പ്രതിപക്ഷ നിരയിലെ അനേകം നേതാക്കളേയും ജമാഅത്തെ ഇസ് ലാമിയുടെ നിരവധി പണ്ഡിതൻമാരേയും ഹസീനയുടെ ഭരണം വധശിക്ഷക്കിരയാക്കി. പിന്നീട് നടന്ന പൊതുതിരഞ്ഞെടുപ്പുകളിലെല്ലാം പ്രധാന പ്രതിപക്ഷ പാർട്ടിയായ ബി.എൻ.പിയുടെ നേതാക്കളെ അവർ ജയിലിലടക്കുകയോ അയോഗ്യരാക്കുകയോ ചെയ്തു. ഹസീനയുടെ നേതൃത്വത്തിൽ നടത്തിയ തിരഞ്ഞെടുപ്പ് ക്രമക്കേടുകളെക്കുറിച്ച് ആരോപണം ഉയരുകയും പ്രതിപക്ഷ പാർട്ടികൾ തിരഞ്ഞെടുപ്പുകൾ ബഹിഷ്കരിക്കുകയും ചെയ്തു. ബംഗ്ലാദേശിലെ സാമ്പത്തിക മുന്നേറ്റത്തിന് ബുദ്ധിപരമായി നേതൃത്വം നൽകി യ നോബൽ സമ്മാന ജേതാവ് മുഹമ്മദ് യൂനുസിനെപ്പോലും ഹസീനയുടെ ഭരണകൂടം നൂറിലധികം കേസുകൾ ചുമത്തിയാണ് ജയിൽശിക്ഷക്ക് വിധിച്ചത്.

2014 മുതൽ ഇന്ത്യയിൽ അധികാരത്തിൽ വന്ന മോദി സർക്കാറിനോട് ഹസീന ഉറ്റ സൗഹാർദ്ദം സ്ഥാപിച്ചു. അനേകം ബംഗ്ലാദേശ് പൗരൻമാരെ നേരിട്ട് ബാധിക്കുന്ന പല അതിർത്തി വിഷയങ്ങളിലും ഹസീന അയൽ രാജ്യങ്ങളോട് മൗനം പാലിച്ചു. പശ്ചിമേഷ്യയിലും മറ്റുമായി മുസ് ലിം ജനസമൂഹം കഴിഞ്ഞ കാലങ്ങളിൽ ലോകത്താകമാനം നേരിട്ട രാഷ്ട്രീയ വിഷയങ്ങളിലൊന്നും ഹസീന പ്രതികരിച്ചതേയില്ല. ഇവരെക്കുറിച്ചായിരുന്നു പലരും ജനാധിപത്യത്തിലെ മുസ് ലിം സ്ത്രീ പ്രാധിനിധ്യമെന്ന് പലവുരു ആഘോഷിച്ചിരുന്നത്.

ശൈഖ് ഹസീനയുടെ ഏകാധിപത്യ വാഴ്ചയുടെ തീർത്തും അനിവാര്യമായ ഇപ്പോഴത്തെ രാഷ്ട്രീയപതനം ബംഗ്ലാദേശിനും ഇന്ത്യക്കും വലിയഭീഷണി തീർക്കുമെന്നും ബംഗ്ലാദേശിൽ മതമൗലികവാദം ശക്തിപ്പെടുമെന്നുമൊക്കെയാണ് കേരളത്തിലെ പോലും പല രാഷ്ട്രീയ നിരീക്ഷകരും തട്ടിവിടുന്നത്. തീർത്തും തെറ്റായ ഒരു ധാരണമാത്രമാണത്. ഏകാധിപത്യ വാഴ്ച അസഹ്യമായപ്പോഴെല്ലാം ലോകത്തെല്ലായിടത്തും ജനകീയ സമരങ്ങൾ പൊട്ടിഒഴുകുകയും അവിടെ ജനാധിപത്യം പുനസ്ഥാപിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ബംഗ്ലാദേശ് എന്ന് കേൾക്കുമ്പോഴേക്കും മതമൗലികവാദം എന്ന ചിന്ത മനസിൽവരുന്നത് ഒരു രോഗലക്ഷണമാണ്. അതിന് ചികിത്സ വേറെ നടത്തണം. യഥാർത്ഥത്തിൽ അവിടെ അനർഹർക്ക് അന്യായമായ അമിത സംവരണം ഏർപ്പെടുത്തിയതിനെതിരെ സർവകലാശാലാ വിദ്യാർത്ഥികൾ തുടങ്ങി വെച്ച സമരം പിന്നീട് ഉദ്യോഗസ്ഥരും സാധാരണ ജനങ്ങളും ഏറ്റെടുക്കുകയായിരുന്നു. അതിനെ വിജയത്തിലേക്കെത്തിക്കുവാനും ആ രാജ്യത്തെ പുരോഗതിയുടെ പാതയിൽ നിലനിർത്തുവാനും അവർക്ക് തന്നെ സാധിക്കുമെന്ന പ്രത്യാശയാണ് നമുക്ക് വേണ്ടത്. സുദീർഘമായ രാഷ്ട്രീയ പാരമ്പര്യം ജൈവികമായി അലിഞ്ഞു ചേർന്ന ധാക്കയുടെ മണ്ണിന് അത് തീർച്ചയായും സാധ്യമാകും.

> 2009 ജനുവരി മുതൽ ശൈഖ് ഹസീനയാണ് ബംഗ്ലാദേശ് പ്രധാനമന്ത്രി. ഈ ഘട്ടം മുതൽ ശൈഖ് ഹസീനയുടെ ഭരണം കൃത്യമായും ഏകാധിപത്യ വാഴ്ചയായി മാറാൻ തുടങ്ങി. 1971 ലെ സ്വാതന്ത്ര്യ സമര കാലത്തെ യുദ്ധക്കുറ്റങ്ങൾ വിചാരണ ചെയ്യുന്നതിനായി 2010 ൽ ഒരു ട്രൈബൂണൽ രൂപീകരിച്ചു. പ്രതിപക്ഷ നിരയിലെ അനേകം നേതാക്കളേയും നിരവധി പണ്ഡിതൻമാരേയും ഹസീനയുടെ ഭരണം വധശിക്ഷക്കിരയാക്കി. പിന്നീട് നടന്ന പൊതുതിരഞ്ഞെടുപ്പുകളിലെല്ലാം പ്രധാന പ്രതിപക്ഷ പാർട്ടിയായ ബി.എൻ.പിയുടെ നേതാക്കളെ അവർ ജയിലിലടക്കുകയോ അയോഗ്യരാക്കുകയോ ചെയ്തു.

# ‘പച്ചപുതപ്പിച്ചുവേണം എന്നെ ഖബറിലേക്കെടുക്കാൻ’



പാറക്കൽ അബ്ദുല്ല



> വടകരതാലൂക്കിൽ മുസ്‌ലിം ലീഗ് പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിൽ നിസ്വാർത്ഥ സേവനം അർപ്പിച്ച ഖാദർ ഏറാമലയെ മുസ്‌ലിം ലീഗ് സംസ്ഥാന സെക്രട്ടറി പാറക്കൽ അബ്ദുല്ല അനുസ്മരിക്കുന്നു

ഖാദർ ഏറാമലയെന്ന നിസ്വാർത്ഥ മുസ്‌ലിം ലീഗ് സേവകൻ വിടവാങ്ങിയിരിക്കുന്നു. വടകര താലൂക്കിൽ വിശിഷ്യാ ഓർക്കാട്ടേരിഏറാമല ഭാഗങ്ങളിൽ പാർട്ടി കെട്ടിപ്പടുക്കാൻ അഹോരാത്രം പ്രയത്നിച്ച പോരാളി. എഴുപതുകൾ മുതൽ അദ്ദേഹം പ്രവർത്തന രംഗത്തുണ്ട്. ഒരു അധികാരവും പ്രതീക്ഷിക്കാതെ പ്രവർത്തിച്ചയാൾ. 1972 അവസാനത്തിൽ, ഏറാമലയിൽ മുസ്‌ലിം ലീഗ് പോലും സജീവമല്ലാത്ത കാലത്ത് എം.എസ്.എഫ് എന്ന ആശയവുമായി എത്തി ഞങ്ങളെയെല്ലാം സംഘടിപ്പിക്കുകയും പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുകയും ചെയ്തയാളാണ് ഖാദർ.

ഒരുൾവിളി പോലെ ഖാദർ ഒരു ദിനമിറങ്ങി മുസ്‌ലിം വിദ്യാർത്ഥി ഫെഡറേഷൻ രൂപീകരിക്കാൻ മുൻകൈ എടുക്കുകയായിരുന്നു. പിന്നീട് ലീഗ് സംഘടനാ രംഗത്തും മഹല്ല് പ്രവർത്തനങ്ങളിലും നേതൃനിരയിൽ പ്രവർത്തിച്ച ഒ.പി മൊയ്തു, ക്രസന്റ് അബ്ദുല്ല എന്നിവർക്ക് പിന്നിലെ ചാലക ശക്തിയും ഖാദർ ആയിരുന്നു. 1974-75 കാലഘട്ടങ്ങളിൽ വളരെ വ്യത്യസ്തമായ പ്രവർത്തനങ്ങൾക്ക് എം.എസ്.എഫ് നേതൃത്വം നൽകി. റമസാൻ കാലത്ത് ‘കഞ്ഞിപാർച്ച’ നടത്തിയിരുന്നു. നോമ്പു തുറക്കുമ്പോൾ കഞ്ഞിയും പുഴുക്കും വിതരണം ചെയ്യുക എന്നതായിരുന്നു അത്. ദാരിദ്ര്യം അനുഭവിച്ചിരുന്ന കുടുംബാംഗങ്ങൾ ഏറെയുള്ള അക്കാലത്ത് അത് പലർക്കും ഏറെ അനുഗ്രഹമായി. പെരുന്നാളിന് മുമ്പ് മുണ്ട്, കുപ്പായത്തുണി എന്നിവയോടെ വസ്ത്ര വിതരണവും ഞങ്ങൾ നടത്തി. സ്കൂൾ തുറക്കുമ്പോൾ സ്ലേറ്റ്, പെൻസിൽ, പാഠ പുസ്തകം, നോട്ട് ബുക്, പെൻ എന്നിവ ദരിദ്ര വിദ്യാർത്ഥികൾക്ക് എത്തിച്ചുനൽകി. ഇത്തരം പ്രവർത്തനങ്ങളിൽ നേതൃപരമായ പങ്ക് അദ്ദേഹമാണ് വഹിച്ചത്.

ഏറാമലയിലെ മഹല്ലിന്റേയും മദ്രസ്സയുടേയും മുസ്‌ലിം ലീഗ് പാർട്ടിയുടേയും ജീവനാഡിയായി പ്രവർത്തിച്ച ഖാദർ പിന്നീട് ഉമ്മയുടെ വീട് നിലനിൽക്കുന്ന അഴിയൂർ പഞ്ചായത്തിലെ കുഞ്ഞിപ്പള്ളിയിലേക്ക് താമസം മാറി. ബഹ്റൈനിലും പിന്നീട് ദുബായിലുമായി ഉപജീവനത്തിനായി ഗൾഫിലെത്തിയപ്പോഴും കെ.എം.സി.സിലീഗ് പ്രവർത്തനങ്ങളിൽ സജീവമായി തന്നെ നിന്നു. മുസ്‌ലിംലീഗ് എന്നത് ജീവനായി കൊണ്ടുനടന്ന അദ്ദേഹം ചന്ദ്രികയുമായി ഏറെ അടുപ്പം സൂക്ഷിച്ചു. ചന്ദ്രിക പ്രചാരണ പ്രവർത്തനങ്ങളിൽ മുന്നിൽ നിന്ന് പ്രവർത്തിച്ചു. റഹീം മേച്ചേരി, കെ.പി കുഞ്ഞിമൂസ്സ ഉൾപ്പെടെ മുതിർന്ന പത്രപ്രവർത്തകരുടെ സുഹൃത്തുമായിരുന്നു. അന്തരിച്ച മുസ്‌ലിം ലീഗ് നേതാവ് പി.ശാദുലി ഉൾപ്പെടെ നേതാക്കൾ ഖാദറിന്റെ പ്രവർത്തനങ്ങളെ എടുത്തുപറയാറുണ്ടായിരുന്നു. ലീഗാവുകയെന്നാൽ ഖാദർ ഏറാമലയെപ്പോലെയാവുക എന്നതാണ് മാതൃക എന്നതായിരുന്നു ശാദുലിയുടെ ആഹ്വാനം.

അവസാന കാലഘട്ടത്തിൽ പോലും മുസ്‌ലിം ലീഗിനു വേണ്ടി സ്വയം സമർപ്പിച്ചാണ് അദ്ദേഹം കടന്നുപോവുന്നത്. ഇപ്പോൾ താമസിക്കുന്ന മുക്കാളി, ബീച്ചിലേക്ക് പോവുന്ന റോഡിൽ ഒരു മുസ്‌ലിം ലീഗ് ഓഫീസ് സ്ഥാപിക്കാൻ നേതൃത്വം കൊടുക്കുകയും അത് കഴിഞ്ഞയാഴ്ച പാണക്കാട് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങളെക്കൊണ്ട് ഉദ്ഘാടനം ചെയ്യിക്കുകയും ചെയ്തു. ആ ചടങ്ങിൽ പങ്കെടുക്കേണ്ടിയിരുന്നത് ഒരു യാത്രയിൽ ആയതിനാൽ എനിക്ക് കഴിഞ്ഞില്ല.

മുസ്‌ലിം ലീഗിന്റെ രാഷ്ട്രീയ ചരിത്രം ഏറെ ആഴത്തിൽ വായിച്ചു പഠിച്ച അദ്ദേഹം മുസ്‌ലിം ലീഗിന്റെ ‘ബുഖാരി’ എന്ന പോലെ അറിവും ജ്ഞാനവും ഉള്ളയാളായിരുന്നു. ആർക്കും സംശയനിവാരണം നടത്താവുന്ന വ്യക്തിത്വം കൂടിയായി പലപ്പോഴും യുവാക്കൾക്ക് ആവേശമായി അദ്ദേഹമുണ്ടായിരുന്നു. ഹൃദയസംബന്ധമായ ശസ്ത്രക്രിയ നടത്തിയതിനാലുള്ള അനാരോഗ്യം വകവെക്കാതെയും കർമ്മരംഗത്ത് മുന്നോട്ടുപോയി. കഴിഞ്ഞാഴ്ച അഴിയൂർ പഞ്ചായത്ത് ലീഗ് പ്രസിഡന്റ് റഹീമിനൊപ്പം എന്റെ വീട്ടിലെത്തിയ അദ്ദേഹം മണിക്കൂറുകൾ ചെലവഴിച്ചു. അഴിയൂരിലേയും പരിസരങ്ങളിലേയും ലീഗ് രാഷ്ട്രീയവും അത് ശക്തിപ്പെടുത്താനുള്ള കാര്യങ്ങളുമായിരുന്നു മുഖ്യ ചർച്ചാ വിഷയം.

പാണക്കാട് കുടുംബവുമായി ഏറെ അടുപ്പം സൂക്ഷിച്ച അദ്ദേഹം സി.എച്ചിനെ വികാരപരമായി കൊണ്ടുനടന്ന, പല ലീഗ് നേതാക്കളോടും ഏറെ അടുപ്പം സൂക്ഷിച്ച വ്യക്തിത്വമാണ്. സൗഹൃദ സംഭാഷണങ്ങൾക്കിടെ ഇടക്കെല്ലാം പച്ചപുതപ്പിച്ചു വേണം എന്നെ ഖബറിലേക്കെടുക്കാൻ എന്ന് ഞങ്ങൾ അടുത്ത സുഹൃത്തുക്കളെ ഓർമപ്പെടുത്താറുള്ള ഖാദറിനോട് അപ്പോഴൊക്കെ ഞാൻ പറഞ്ഞിരുന്ന മറുപടി ഞങ്ങളെയൊക്കെ പച്ചപുതപ്പിച്ചേ ഖാദറെ നിങ്ങൾ മടങ്ങൂ... എന്നായിരുന്നു. ഞാനിപ്പോൾ ഖാദറിനെ പച്ചപുതപ്പിക്കേണ്ടി വന്നിരിക്കുന്നു. അല്ലാഹു പരലോക മോക്ഷം നൽകട്ടെ.

RNI 3018/1957 Vol No. 91. Issue No.206 Printed and Published by P K K Bava for The Muslim Printing and Publishing Company Limited, Kozhikode at Chandrika Press, Y M C A road, Kozhikode - 673 001.
Editor-Kamal Varadoor (responsible for selection of news under PRB Act). Phone: 0495-2766032, 2765122, Fax: 0495-2765950. Email-chandrika1000@gmail.com, chandadvt@gmail.com



## എയിംസ് പരിഗണനയിലുണ്ട്

ന്യൂഡൽഹി: കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ എയിംസ് (ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്) സ്ഥാപിക്കുന്നത് കേന്ദ്ര സർക്കാരിന്റെ സജീവ പരിഗണനയിലാണെന്ന് കേന്ദ്ര ആരോഗ്യമന്ത്രി ജെ.പി നദ്ദ. എയിംസ് കൂടുതൽ സംസ്ഥാനങ്ങളിലേക്ക് വ്യാപിപ്പിക്കുന്നത് പരിഗണനയിലാണ്. കേരളം അതിൽ ഒരു സംസ്ഥാനമാണ്. എയിംസുകൾ സ്ഥാപിക്കുന്നത് രാജ്യത്ത് തുടർന്നു കൊണ്ടിരിക്കുന്ന നടപടിയാണ്. എല്ലാ സംസ്ഥാനങ്ങളെയും അതിനായി പരിഗണിക്കും. സാഹചര്യങ്ങൾ അനുകൂലമാകുന്ന മുറയ്ക്ക് പുതിയ എയിംസുകൾ അനുവദിക്കുക എന്നതാണ് കേന്ദ്ര സർക്കാരിന്റെ തീരുമാനം.



## ഹിന്ദുത്വ അജണ്ട നടപ്പാക്കുന്നു

ഹൈദരാബാദ്: വഖഫ് ബോർഡിന്റെ അധികാരം വെട്ടിക്കുറയ്ക്കാനുള്ള കേന്ദ്ര സർക്കാർ നീക്കം ഹിന്ദുത്വ അജണ്ടയുടെ ഭാഗമാണെന്ന് ഹൈദരാബാദ് എം.പിയും എ.ഐ.എം.ഐ.എം മേധാവിയുമായ അസദുദ്ദീൻ ഉവൈസി. വഖഫ് ബോർഡിന്റെ സ്വയംഭരണാവകാശം തകർക്കാനും മതസ്വാതന്ത്ര്യത്തിന് എതിരായ ഇടപെടൽ നടത്താനുമാണ് മോദി സർക്കാർ ലക്ഷ്യമിടുന്നത്. ബി.ജെ.പി ആദ്യം മുതൽ തന്നെ വഖഫ് ബോർഡുകൾക്കും വഖഫ് സ്വത്തുക്കൾക്കും എതിരാണ്. വഖഫ് ബോർഡുകളും അവയുടെ സ്വത്തുക്കളും തകർക്കാനുള്ള നീക്കത്തെ ചെറുക്കും. കേന്ദ്ര ഇടപെടലുണ്ടായാൽ വഖഫ് സ്വത്തുക്കൾ എങ്ങനെ പ്രവർത്തിപ്പിക്കും.

# ഇന്ത്യ വാർത്തകൾ

### ചുരുക്കത്തിൽ

### ഭൂമി ഇടപാട്; ലാലുവിനും തേജസ്വിക്കും എതിരെ അനുബന്ധ കുറ്റപത്രം

ന്യൂഡൽഹി: ഭൂമി ഇടപാട് കേസിൽ മുൻ റെയിൽവേ മന്ത്രിയും ആർ.ജെ.ഡി അധ്യക്ഷനുമായ ലാലു പ്രസാദ് യാദവ്, മകൻ തേജസ്വി യാദവ് എന്നിവരെ ഉൾപ്പെടുത്തി ഇ.ഡി അനുബന്ധ കുറ്റപത്രം സമർപ്പിച്ചു. കുറ്റപത്രത്തിൽ ലാലുവിനെയും തേജസ്വിയെയും കൂടാതെ എട്ടു പേരെ കൂടി പ്രതികളായി ചേർത്തിട്ടുണ്ട്.
സി.ബി.ഐ സമർപ്പിച്ച എഫ്.ഐ.ആറിന്റെ അടിസ്ഥാനത്തിലാണ് ഇ.ഡി കേസ് രജിസ്റ്റർ ചെയ്തത്. കള്ളപ്പണം വെളുപ്പിക്കൽ കുറ്റത്തിന് പ്രതികളെ പ്രോസിക്യൂട്ട് ചെയ്യണമെന്നും സ്വത്ത് കണ്ടുകെട്ടണമെന്നും ഇ.ഡി ആവശ്യപ്പെട്ടു. പ്രത്യേക ജഡ്ജി വിശാൽ ഗോഗ്നെ മുമ്പാകെ സമർപ്പിച്ച കുറ്റപത്രം ഓഗസ്റ്റ് 13ന് പരിഗണിക്കാനായി മാറ്റി. ലാലു 2004 മുതൽ 2009 വരെ റെയിൽവേ മന്ത്രിയായിരിക്കെ മധ്യപ്രദേശിലെ ജബൽപൂരിൽ റെയിൽവേയുടെ വെസ്റ്റ് സെൻട്രൽ സോണിൽ നടത്തിയ ഗ്രൂപ്പ്ഡി നിയമനങ്ങളുമായി ബന്ധപ്പെട്ടതാണ് കേസ്. വിവിധ തസ്തികകളിലായി അനധികൃതമായി അദ്ദേഹം നിയമനം നടത്തിയെന്നാണ് ആരോപണം. ഈ നിയമനത്തിന് പകരമായി വ്യക്തികൾ തങ്ങളുടെ ഭൂമി ലാലുവിന്റെ കുടുംബാംഗങ്ങൾക്കും കൈമാറിയെന്നും അന്വേഷണ ഏജൻസികൾ പറയുന്നു.

### മിശ്രവിവാഹം: യുവാവിനെ ഭാര്യയുടെ ബന്ധുക്കൾ വെട്ടിക്കൊന്നു

ഗാന്ധിനഗർ: ഗുജറാത്തിൽ മിശ്രവിവാഹം ചെയ്തതിന് യുവാവിനെ ഭാര്യയുടെ ബന്ധുക്കൾ വെട്ടിക്കൊന്നു. 24കാരനായ യാഗ്നിക് ദുദ്റെജിയയെയാണ് കൊലപ്പെടുത്തിയത്. ദേവഭൂമി ദ്വാരക ജില്ലയിലെ ഷെദഖായി ഗ്രാമത്തിലാണ് സംഭവം. യുവാവിന്റെ ഭാര്യാ സഹോദരൻ ഉൾപ്പെടെ ആറു പേരെ പൊലീസ് അറസ്റ്റു ചെയ്തു. കുടുംബത്തിന്റെ അനുമതിയില്ലാതെയാണ് ഏറെ നാൾ പ്രണയത്തിലായിരുന്ന യാഗ്നികും റംസ എന്ന പെൺകുട്ടിയും വിവാഹിതയായത്. എതിർപ്പ് അവഗണിച്ച് ഇരുവരും കോടതിയുടെ അനുമതിയോടെയാണ് വിവാഹിതരായത്. തുടർന്ന് ഇരുവരും മാറി താമസിച്ചു. ജൂണിൽ പെൺകുഞ്ഞ് പിറന്നതിനു പിന്നാലെ നാട്ടിൽ തിരിച്ചെത്തിയെങ്കിലും കുടുംബം ഇവരെ അംഗീകരിച്ചില്ല. സുഹൃത്തുക്കൾക്കൊപ്പം പുറത്തുപോയ യാഗ്നികിനെ പിന്തുടർന്ന ബന്ധുക്കൾ വെട്ടിപരിക്കേൽപ്പിക്കുകയായിരുന്നു. ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

### യുവതിയെ കഴുത്തറുത്ത് കൊന്നു; മകളും കാമുകനും അറസ്റ്റിൽ

ലക്നോ: ഉത്തർപ്രദേശിൽ യുവതിയെ കഴുത്തറുത്ത് കൊലപ്പെടുത്തിയ സംഭവത്തിൽ മകളെയും കാമുകനെയും പൊലീസ് അറസ്റ്റു ചെയ്തു. ബാന്ദയിലെ ബല്ലൻ ഗ്രാമത്തിലെ 45കാരി റജുലിയയെയാണ് മകൾ നീതുവും കാമുകനായ അതുൽ ആർകും ചേർന്ന് കൊലപ്പെടുത്തിയത്. കേസിലെ മറ്റൊരു പ്രതിയായ ദാദുവ ഇപ്പോഴും ഒളിവിലാണ്. പ്രദേശത്തെ കുളത്തിനു സമീപത്തു ഉപേക്ഷിക്കപ്പെട്ട നിലയിലാണ് റജുലിയയുടെ മൃതദേഹം കണ്ടെടുത്തു. പൊലീസിനെ തെറ്റിദ്ധരിപ്പിക്കാനാണ് ഇത്തരത്തിൽ മൃതദേഹം ഉപേക്ഷിച്ചതെന്ന് പൊലീസ് അഡീഷണൽ സൂപ്രണ്ട് ലക്ഷ്മി നിവാസ് മിശ്ര പറഞ്ഞു. നീതുവിന്റെയും അതുലിന്റെയും ബന്ധമറിഞ്ഞ മാതാവ് അതിൽ നിന്ന് പിന്തിരിപ്പിക്കാൻ ശ്രമിച്ചതാണ് കൊലപാതകത്തിൽ കലാശിച്ചതെന്ന് അദ്ദേഹം പറഞ്ഞു.



CLICK ബംഗ്ലാദേശ് സംഘർഷം ചർച്ച ചെയ്യാൻ കേന്ദ്ര സർക്കാർ പാർലമെന്റിൽ വിളിച്ചു ചേർത്ത സർവകക്ഷി യോഗത്തിൽ നിന്ന്

## ബംഗ്ലാദേശിലെ സംഭവങ്ങളിൽ
# പാകിസ്താന് പങ്കുണ്ടോ?

■ കേന്ദ്രത്തോട് ചോദ്യമുന്നയിച്ച് രാഹുൽ ഗാന്ധി

ന്യൂഡൽഹി: ബംഗ്ലാദേശിലെ സംഭവങ്ങൾക്ക് പിന്നിൽ വിദേശ ശക്തികൾക്ക് പങ്കുണ്ടോയെന്ന ചോദ്യം സർവകക്ഷി യോഗത്തിൽ ഉന്നയിച്ച് ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി. വിദേശ ശക്തികൾക്ക്, പ്രത്യേകിച്ച് പാകിസ്താന് വിഷയത്തിൽ പങ്കുണ്ടോ രാഹുലിന്റെ എന്നായിരുന്നു ചോദ്യം.

ബംഗ്ലാദേശിലെ സംഭവവികാസങ്ങളെക്കുറിച്ച് ചർച്ച ചെയ്യാൻ പാർലമെന്റിൽ ചേർന്ന സർവകക്ഷി യോഗത്തിനിടെയാണ് രാഹുൽ ചോദ്യമുന്നയിച്ചത്. ഇതേക്കുറിച്ച് അന്വേഷിക്കുന്നുണ്ടെന്നായിരുന്നു വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കറിന്റെ മറുപടി. ബംഗ്ലാദേശിൽ കലാപം രൂക്ഷമാകുന്നതിന് പിന്നാലെ ഒരു പാക് നയതന്ത്രജ്ഞൻ തന്റെ സാമൂഹികമാധ്യമത്തിലെ മുഖചിത്രം മാറ്റിക്കൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം കൃത്യമായി പരിശോധിക്കുമെന്ന് കേന്ദ്രസർക്കാർ വ്യക്തമാക്കി. സംഭവവികാസങ്ങളെ കുറിച്ച് യോഗത്തിൽ വിശദീകരിച്ചതായി വിദേശകാര്യമന്ത്രി പറഞ്ഞു. കക്ഷികളിൽ നിന്നും ഏകകണ്ഠമായുള്ള പിന്തുണ ലഭിച്ചതായും അദ്ദേഹം എക്സിൽ കുറിച്ചു.

ബംഗ്ലാദേശിലെ അധികാരമാറ്റത്തിന്റെ പശ്ചാത്തലത്തിൽ ഉണ്ടായേക്കാവുന്ന നയതന്ത്രപരമായ പ്രത്യാഘാതങ്ങൾ കൈകാര്യം ചെയ്യുന്നതിലുള്ള കേന്ദ്രസർക്കാർ സ്വീകരിക്കുന്ന ഹ്രസ്വ- ദീർഘകാല നടപടികളെന്താണെന്നായിരുന്നു രാഹുലിന്റെ മറ്റൊരു ചോദ്യം. ധാക്കയിലെ നിലവിലെ സാഹചര്യം സൂക്ഷ്മമായി നിരീക്ഷിക്കുകയാണെന്നായിരുന്നു എസ്. ജയ്ശങ്കറിന്റെ മറുപടി. അതിലൂടെ മാത്രമേ അടുത്ത നീക്കം തീരുമാനിക്കാനാകൂ എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ബംഗ്ലദേശിൽ കലാപം രൂക്ഷമാകുന്നത് പ്രതിഫലിക്കുന്ന തരത്തിൽ ഒരു പാകിസ്താൻ നയതന്ത്ര ഉദ്യോഗസ്ഥൻ തുടരെത്തുടരെ സമൂഹമാധ്യമത്തിലെ മുഖചിത്രം മാറ്റിക്കൊണ്ടിരുന്നത് ശ്രദ്ധയിൽപ്പെട്ടതായും ഇക്കാര്യം അന്വേഷിക്കുന്നതായും സർക്കാർ വൃത്തങ്ങൾ യോഗത്തെ അറിയിച്ചതായി റിപ്പോർട്ടുണ്ട്. ബംഗ്ലദേശിൽ പെട്ടെന്ന് സാഹചര്യം മാറിമറിഞ്ഞതിനു പിന്നാലെ പാകിസ്താന്റെ കരങ്ങൾ ഇതിനു പിന്നിലുണ്ടെന്ന അഭ്യൂഹം ഉയർന്നിരുന്നു.

പാക് ചാര ഏജൻസിയായ ഐ.എസ്.ഐയ്ക്കും ചൈനയ്ക്കും ഷെയ്ഖ് ഹസീന വിരുദ്ധ പ്രക്ഷോഭത്തിൽ പങ്കുണ്ടെന്ന് ഇന്ത്യൻ ഇന്റലിജൻസ് വൃത്തങ്ങളും സംശയിക്കുന്നുണ്ട്. ബംഗ്ലാദേശിൽ വിദ്യാർത്ഥി സംഘടനയായ ഇസ്‌ലാമി ഛാത്ര ശിബിർ ആണ് സംവരണ വിരുദ്ധ പ്രക്ഷോഭത്തെ സർക്കാർ വിരുദ്ധ പ്രക്ഷോഭമാക്കി വഴിമാറ്റി വിട്ടതെന്ന് ഇന്റലിജൻസ് വൃത്തങ്ങൾ പറയുന്നു. ഇന്ത്യ അനുകൂല നിലപാട് സ്വീകരിച്ചിരുന്ന ഷെയ്ഖ് ഹസീനയെ പുറത്താക്കി പാക്- ചൈന ചായ്‌വ് പുലർത്തുന്ന ഭരണകൂടത്തെ പ്രതിഷ്ഠിക്കാനാണ് ഇതെന്നാണ് വിലയിരുത്തൽ.

## ഷിരൂരിന് സമീപം കടലിൽ മൃതദേഹം കണ്ടതായി റിപ്പോർട്ട്; തിരച്ചിൽ

■ ഒന്നും കണ്ടെത്താനായില്ലെന്ന് കർണാടക പൊലീസ്

ഷിരൂർ: കർണാടകയിലെ ഷിരൂരിൽ മണ്ണിടിച്ചിലുണ്ടായ പ്രദേശത്ത് നിന്ന് 50 കിലോമീറ്ററിലധികം മാറി കടലിൽ ജീർണിച്ച നിലയിൽ മൃതദേഹം കണ്ടതായി റിപ്പോർട്ട്. മത്സ്യത്തൊഴിലാളികൾ നൽകിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ കടലിൽ തിരിച്ചിൽ നടത്തിയെങ്കിലും മൃതദേഹം കണ്ടെത്താൻ കഴിഞ്ഞില്ലെന്ന് കർണാടക പൊലീസ് അറിയിച്ചു.

ഷിരൂർ മണ്ണിടിച്ചിൽ ദുരന്തത്തിൽ കാണാതായ കോഴിക്കോട് സ്വദേശി അർജുനു വേണ്ടി കുടുംബം ഇപ്പോഴും കാത്തിരിപ്പ് തുടരുന്നതിനിടെയാണ് അപ്രതീക്ഷിതമായി കടലിൽ മൃതദേഹം കണ്ടെന്ന വിവരം ലഭിച്ചത്. എന്നാൽ ഇത് അർജുന്റേതാവാൻ സാധ്യത കുറവാണെന്നാണ് വിലയിരുത്തൽ. തിരിച്ചറിയാൻ കഴിയാത്ത നിലയിലാണ് മൃതദേഹമെങ്കിലും അധികം പഴക്കമില്ലെന്നാണ് മത്സ്യത്തൊഴിലാളികൾ നൽകിയ വിവരം. അർജുൻ ഓടിച്ചിരുന്ന ട്രക്കിന്റെ ഉടമ മനാഫിനെയാണ് മത്സ്യത്തൊഴിലാളികൾ ആദ്യം വിവരം അറിയിച്ചത്.

തുടർന്ന് മനാഫ് കർണാടക പൊലിസിനെ വിവരം അറിയിക്കുകയായിരുന്നു. ഈ പ്രദേശത്ത് നിന്ന് ഒഡീഷ സ്വദേശിയായ ഒരു മത്സ്യത്തൊഴിലാളിയെ മൂന്നു ദിവസം മുമ്പ് കാണാതായിരുന്നതായി റിപ്പോർട്ടുണ്ട്. ഇയാളുടേതാണോ മൃതദേഹം എന്ന സംശയമാണ് പൊലീസ് പ്രകടിപ്പിക്കുന്നത്. അകനാശിനി ബാഡ അഴിമുഖത്തിനു സമീപം കരയിൽ നിന്ന് 25 കിലോമീറ്ററിലധികം മാറി കുംടയിൽ പുറംകടലിലാണ് ഒഴുകി നടക്കുന്ന നിലയിൽ മൃതദേഹം കണ്ടെത്തിയതെന്നാണ് വിവരം. കൈയിൽ വളയും കാലിൽ വല കുരുങ്ങിയ നിലയുമാണ് മൃതദേഹമുള്ളതെന്നും പുരുഷന്റേതാണെന്നുമാണ് മൃതദേഹം കണ്ടെത്തിയ മത്സ്യത്തൊഴിലാളികൾ നൽകിയ വിവരം. എന്നാൽ മൃതദേഹം ബോട്ടിലേക്ക് മാറ്റാൻ ഇവർ തയ്യാറായിരുന്നില്ല. ഇതേതുടർന്നാണ് മൃതദേഹം കണ്ടെന്ന് പറഞ്ഞ മേഖലയിൽ പൊലീസ് തിരച്ചിൽ നടത്തിയത്. വിവരം അറിഞ്ഞ് ഈശ്വർ മാൽപ്പെയും അകനാശിനിബാഡയിലേക്ക് തിരിച്ചിരുന്നു. നേരത്തെ അർജുനു വേണ്ടി ഗംഗാവലി നദിയിൽ കുത്തൊഴിക്കിനെ വകവെക്കാതെ ഈശ്വർ മാൽപ്പെയും സംഘവും മൂന്നു ദിവസം തിരച്ചിൽ നടത്തിയിരുന്നു.

ഇതിനിടെ കടലിൽ കണ്ട മൃതദേഹത്തിന് ഡിഎൻഎ പരിശോധന ആവശ്യപ്പെട്ട് അർജുന്റെ കുടുംബം രംഗത്തെത്തി. നേരത്തെ, അർജുന്റെ സഹോദരന്റെ ഡിഎൻഎ സാമ്പിൾ ജില്ലാഭരണകൂടം ശേഖരിച്ചിരുന്നു. ഇതുമായി ചേർത്ത് പരിശോധിക്കണമെന്നാണ് ആവശ്യം. മൃതദേഹം എത്രയും പെട്ടെന്ന് കരക്കെത്തിച്ച് പരിശോധന നടത്താനാണ് ശ്രമമെന്ന് മഞ്ചേശ്വരം എം.എൽ.എ എ.കെ.എം അഷ്റഫ് അറിയിച്ചു. ദിവസങ്ങളോളം തെരച്ചിൽ നടത്തിയിട്ടും അർജുനെ കണ്ടെത്താനായിരുന്നില്ല.

ഇതിനിടെ, തെരച്ചിൽ നിർത്തിയ കർണാടക സർക്കാരിന് തിരച്ചിൽ തുടരണമെന്നാവശ്യപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയനും പ്രതിപക്ഷ നേതാവ് വി.ഡി സതീശനും കത്തയച്ചിരുന്നെങ്കിലും പ്രതികൂല സാഹചര്യങ്ങൾ ചൂണ്ടിക്കാട്ടി തിരച്ചിൽ ഇതുവരെ പുനാരാരംഭിച്ചിട്ടില്ല. സ്വന്തം നിലയിൽ വീണ്ടും തിരച്ചിൽ നടത്താൻ സന്നദ്ധമാണെന്ന് ഈശ്വർ മാൽപ്പെ അറിയിച്ചെങ്കിലും സുരക്ഷ കണക്കിലെടുത്ത് ജില്ലാ ഭരണകൂടം അനുമതി നൽകിയിരുന്നില്ല. നേരത്തെ തിരിച്ചലിനിടെ ഒരുതവണ ഈശ്വർ മാൽപ്പെ വടംപൊട്ടി ഒഴുകിപ്പോയി അപകടമുണ്ടായിരുന്നു.

### മലേഗാവ് സ്ഫോടനം: സമീർ കുൽക്കർണിയുടെ ഹർജി തള്ളി

ന്യൂഡൽഹി: 2008-ലെ മലേഗാവ് സ്ഫോടനവുമായി ബന്ധപ്പെട്ട് കേസിലെ പ്രതി സമീർ കുൽക്കർണി സമീർപ്പിച്ച ഹർജി സുപ്രീംകോടതി തള്ളി. യു.എ.പി.എയുടെ 45(2) വകുപ്പു പ്രകാരം പ്രോസിക്യൂഷന് അനുമതി ലഭിച്ചിട്ടില്ലെന്നും അതിനാൽ യു.എ. പി.എ പ്രകാരമുള്ള കുറ്റം നിലനിൽക്കില്ലെന്നും ചൂണ്ടിക്കാട്ടിയാണ് ഇയാൾ കോടതിയെ സമീപിച്ചത്. ബോംബെ ഹൈക്കോടതിയുടെ ഉത്തരവിൽ ഇടപാടില്ലെന്ന് ജസ്റ്റിസുമാരായ എം.എം സുന്ദരേഷ്, അരവിന്ദ് കുമാർ എന്നിവരടങ്ങിയ ബെഞ്ച് വ്യക്തമാക്കി. മഹാരാഷ്ട്രയിലെ മലേഗാവിൽ 2008 സെപ്തംബർ 29ന് ഉണ്ടായ സ്ഫോടനത്തിൽ ആറു പേർ കൊല്ലപ്പെടുകയും 100-ലധികം പേർക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു.

## ബജറ്റ് ജനങ്ങളെ പരിഹസിക്കുന്നത്; കേന്ദ്രത്തെ കടന്നാക്രമിച്ച് മഹുവ

ന്യൂഡൽഹി: കേന്ദ്രസർക്കാറിനെയും ധനമന്ത്രി നിർമല സീതാരാമനെയും ലോക്സഭയിൽ കടന്നാക്രമിച്ച് തൃണമൂൽ കോൺഗ്രസ് എം.പി മഹുവ മൊയ്ത്ര. ബജറ്റിലൂടെ കേന്ദ്ര സർക്കാർ ജനങ്ങളെ പരിഹസിച്ചുവെന്ന് അവർ പറഞ്ഞു.

സാധാരണക്കാരുടെ ആവശ്യങ്ങൾ പരിഹരിക്കുന്നതിൽ ബജറ്റ് പരാജയപ്പെട്ടു. ഈ നാട്ടിലെ ജനങ്ങൾ മാറ്റം ആഗ്രഹിച്ചിരുന്നു, എന്നാൽ നിങ്ങൾ ചെയ്തത് നേരെ മറിച്ചാണ്. കഴിഞ്ഞ വർഷങ്ങളിലേതുപോലെ അതേ കാബിനറ്റ്, അതേ ധനമന്ത്രി, അതേ മോശം ബജറ്റ് നൽകിയ അതേ ധനമന്ത്രിയെ നിങ്ങൾ ഇത്തവണയും നിലനിർത്തി. ആർക്ക് വേണ്ടിയാണ് ഈ ബജറ്റ്? 31 ശതമാനത്തോളം വരുന്ന മധ്യവർഗത്തേയും 60-65 ശതമാനത്തോളം വരുന്ന ദരിദ്രരേയും ബജറ്റ് ബോധപൂർവ്വം തഴഞ്ഞു. സർക്കാരിന് ഇത് കസേര സംരക്ഷിക്കാനുള്ള ബജറ്റാണ്. രാജ്യത്തിന്റെ നികുതി സമ്പ്രദായത്തിലെ അസന്തുലിതാവസ്ഥയിലും മഹുവ കേന്ദ്രസർക്കാറിനെ കടന്നാക്രമിച്ചു.



*മഹുവ മൊയ്ത്ര*

'നമ്മുടെ രാജ്യത്തിലെ സമ്പന്നരായ കോർപ്പറേറ്റുകളേക്കാൾ വലിയ നികുതി ഭാരം സാധാരണക്കാരായ ജനങ്ങൾ അനുഭവിക്കുന്നുണ്ട്. ഈ സർക്കാരിനു കീഴിൽ നേരിട്ടുള്ള ആദായനികുതിയുടെ 55 ശതമാനം ഇടത്തരം വിഭാഗം സംഭാവന ചെയ്യുമ്പോൾ, സമ്പന്നരായ കോർപ്പറേറ്റുകൾ സംഭാവന ചെയ്യുന്നത് 45 ശതമാനം മാത്രമാണ്. ലൈഫ്, മെഡിക്കൽ ഇൻഷുറൻസ് എന്നിവയുടെ ഉയർന്ന ജിഎസ്ടി നിരക്കിനെയും അവർ വിമർശിച്ചു. തൊഴിലവസരം സൃഷ്ടിക്കുന്നതിൽ സർക്കാർ പരാജമാണെന്നും ഊർജ സുരക്ഷ കൈകാര്യം ചെയ്യുന്നതിലും വീഴ്ച സംഭവിച്ചിട്ടുണ്ടെന്നും മഹുവ മൊയ്ത്ര ചൂണ്ടിക്കാട്ടി.

സി.ബി.ഐ, ഇ.ഡി തുടങ്ങിയ ഏജൻസികൾക്കുള്ള ബജറ്റ് വെട്ടിക്കുറച്ചതിനെയും അവർ പരിഹസച്ചു. 'ഞങ്ങൾ ഒരു കാര്യത്തിൽ ധനമന്ത്രിയോട് യോജിക്കുന്നു, ഈ വർഷം സി.ബി.ഐ.യുടെയും ഇ.ഡിയുടെയും ബജറ്റ് കുറച്ചു. അവരുടെ ദുരുപയോഗം വോട്ടർമാർക്ക് ഇഷ്ടപ്പെടാത്തത് കൊണ്ടാണോ അതോ നിങ്ങൾ അവരെ അഹമ്മദാബാദിലെ ഒരു വ്യവസായിയെ ഏൽപ്പിച്ചത് കൊണ്ടാണോ?- ഇതായിരുന്നു മഹുവയുടെ പരിഹാസം.

## സംയമനം പാലിക്കണം; വർഗീയ നീക്കം അരുതെന്ന് മമത

കൊൽക്കത്ത: ബംഗ്ലാദേശിലെ പുതിയ സംഭവവികാസങ്ങളുടെ പശ്ചാത്തലത്തിൽ സംയമനം പാലിക്കണമെന്ന് അഭ്യർത്ഥിച്ച് പശ്ചിമ ബാംഗാൾ മുഖ്യമന്ത്രി മമത ബാനർജി. ശാന്തത പാലിക്കണമെന്നും വർഗീയപരമായ നീക്കത്തിൽ ഏർപ്പെടുകയോ നിയമം കൈയിലെടുക്കുകയോ ചെയ്യരുതെന്നും അവർ ആവശ്യപ്പെട്ടു.

സമാധാനം തകർക്കുന്ന ഒന്നും പോസ്റ്റ് ചെയ്യരുതെന്ന് എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും നേതാക്കളോടും മറ്റെല്ലാവരോടും അഭ്യർത്ഥിക്കുന്നു. അക്രമത്തിനോ പ്രകോപനത്തിനോ കാരണമാകുന്ന അഭിപ്രായങ്ങൾ ഒന്നും പറയരുത്. അവിടെയുള്ള നമ്മുടെ സഹോദരീ, സഹോദരന്മാർ എന്തെങ്കിലും പ്രശ്നങ്ങൾ നേരിട്ടാൽ ഇന്ത്യയിലെയും ബംഗ്ലാദേശിലെയും സർക്കാറുകൾ നോക്കിക്കൊള്ളും. കേന്ദ്ര സർക്കാർ പറയുന്നതെന്താണോ അതനുസരിച്ച് സംസ്ഥാന ഭരണകൂടം പ്രവർത്തിക്കുമെന്നും മമത പറഞ്ഞു.

സമാധാനത്തിനും ശരിയായ അവബോധത്തിനും വേണ്ടി എല്ലാ സമുദായ നേതാക്കളും സംസാരിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ മന്ത്രിസഭയിലെ മുതിർന്ന സഹപ്രവർത്തകർക്ക് മുഖ്യമന്ത്രി നിർദേശം നൽകിയിട്ടുമുണ്ട്. ബംഗ്ലാദേശ് സാഹചര്യത്തെക്കുറിച്ചും പ്രധാനമന്ത്രി ഷെയ്ഖ് ഹസീനയുടെ രാജിയെ കുറിച്ചും പ്രതികരിക്കാൻ മമത വിസമ്മതിച്ചു. 'ബംഗ്ലാദേശിലെ സ്ഥിതിഗതികളെക്കുറിച്ച് നമുക്കെല്ലാവർക്കും ആശങ്കയുണ്ട്. എന്നാൽ ബംഗാളിലോ രാജ്യത്തിലോ സമാധാനം തകർക്കുന്ന വികാരങ്ങളുടെ സ്വാധീനത്തിൽ എന്തെങ്കിലും എഴുതുകയോ പോസ്റ്റുചെയ്യുകയോ ചെയ്യരുതെന്നായിരുന്നു മറുപടി.

ബി.ജെ.പി ഉൾപ്പെടെ എല്ലാവരോടും ഞാൻ ഇത് പറയും. ചില ബി.ജെ.പി നേതാക്കൾ ഇതിനകം ചിലത് പോസ്റ്റ് ചെയ്തതായി ശ്രദ്ധയിൽപ്പെട്ടു. അത് ഉചിതമല്ലെന്ന് ഞാൻ കരുതുന്നു. അത്തരത്തിലുള്ള എന്തെങ്കിലും പറയുകയോ പോസ്റ്റുചെയ്യുകയോ ചെയ്യരുതെന്ന് നമ്മുടെ നേതാക്കളോട് അഭ്യർത്ഥിക്കുകയാണ്. അയൽരാജ്യത്ത് ചില സംഭവവികാസങ്ങൾ ഉണ്ടായാൽ നമ്മുടെ രാജ്യത്തും അതി?ൻറെ പ്രത്യാഘാതം ഉണ്ടായേക്കാം. നമ്മൾ ശാന്തരായിരിക്കുകയും എന്തു വിലകൊടുത്തും സമാധാനം സംരക്ഷിക്കുകയും വേണം- അവർ കൂട്ടിച്ചേർത്തു.

### ഒരു കോടി ഹിന്ദു അഭയാർഥികൾ ബംഗാളിലെത്തും: സുവേന്ദു

കൊൽക്കത്ത: സംഘർഷം തുടരുന്ന ബംഗ്ലാദേശിൽ നിന്നും ഒരു കോടി ഹിന്ദു അഭയാർഥികൾ വരുംദിവസങ്ങൾക്കുള്ളിൽ പശ്ചിമബംഗാളിലെത്തുമെന്ന് ബി.ജെ.പി നേതാവ് സുവേന്ദു അധികാരി. ഈ അഭയാർഥികളുടെ പ്രവേശനത്തിന് ബംഗാളിലെ ജനങ്ങൾ തയ്യാറാവണമെന്ന് നിയമസഭയുടെ വർഷകാല സമ്മേളനത്തോടനുബന്ധിച്ച് മാധ്യമപ്രവർത്തകരോട് സംസാരിക്കവെ അധികാരി പറഞ്ഞു. മുഖ്യമന്ത്രി മമത ബാനർജി, ബംഗാൾ ഗവർണർ സിവി ആനന്ദ ബോസ് എന്നിവരോട് വിഷയത്തെക്കുറിച്ച് കേന്ദ്രത്തോട് സംസാരിക്കണമെന്നും ബംഗാളിലെ പ്രതിപക്ഷ നേതാവ് ആവശ്യപ്പെട്ടു. ബംഗ്ലാദേശിലെ നിലവിലെ സ്ഥിതി മൂന്ന് ദിവസത്തിനുള്ളിൽ മാറിയില്ലെങ്കിൽ രാജ്യം മതമൗലികവാദികളുടെ പിടിയിലാകുമെന്നും അധികാരി വ്യക്തമാക്കി. 'ഒരു കോടി ഹിന്ദു അഭയാർത്ഥികൾക്ക് അഭയം നൽകാൻ മാനസികമായി തയ്യാറാവുക. ഞാനതിന് ഒരുങ്ങിക്കഴിഞ്ഞു. 1971ൽ ചെയ്തതുപോലെ ഹിന്ദു അഭയാർത്ഥികൾക്ക് അഭയം നൽകണം- അദ്ദേഹം പറഞ്ഞു.

## ശരീരഭാഗങ്ങൾ വോട്ടെടുപ്പ് ചിഹ്നം; ഹർജി തള്ളി

ന്യൂഡൽഹി: രാഷ്ട്രീയ പാർട്ടികളുടെ തിരഞ്ഞെടുപ്പ് ചിഹ്നമായി ശരീര ഭാഗങ്ങൾ ഉപയോഗിക്കുന്നതിനെതിരെ സമർപ്പിച്ച ഹർജി സുപ്രീംകോടതി തള്ളി.

ഇത്തരം ചിഹ്നങ്ങൾ ഉപയോഗിക്കുന്നത് തടയാൻ തിരഞ്ഞെടുപ്പ് കമ്മീഷനോട് നിർദേശിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച പൊതുതാൽപര്യ ഹർജിയാണ് തള്ളിയത്. തിരഞ്ഞെടുപ്പ് ചിഹ്നമായി ഇന്ത്യൻ നാഷണൽ കോൺഗ്രസ് കൈ അടയാളം ഉപയോഗിക്കുന്നത് ഉൾപ്പെടെ ചോദ്യം ചെയ്താണ് ഹർജി സമർപ്പിച്ചത്.



എന്നാൽ എന്ത് തരത്തിലുള്ള ഹർജിയാണിതെന്ന് ചീഫ് ജസ്റ്റിസ് ഡി.വൈ ചന്ദ്രചൂഡ്, ജസ്റ്റിസുമാരായ ജെ.ബി പർദിവാല, മനോജ് മിശ്ര എന്നിവരടങ്ങിയ ബെഞ്ച് ചോദിച്ചു. രാഷ്ട്രീയ ചിഹ്നമായി നിലവിലുള്ള കൈ ചിഹ്നം ഒഴിവാക്കലാണ് ഇത്തരമൊരു ഹർജിക്കു പിന്നിലെന്ന് ബെഞ്ച് വ്യക്തമാക്കി.

സർഗുജ സൊസൈറ്റി ഫോർ ഫാസ്റ്റ് ജസ്റ്റിസ് എന്ന സന്നദ്ധ സംഘടന സമർപ്പിച്ച ഹർജിയാണ് സുപ്രീംകോടതി തള്ളിയത്. മനുഷ്യ ശരീരഭാഗങ്ങളോട് സാമ്യമുള്ള വോട്ടെടുപ്പ് ചിഹ്നങ്ങൾ തിരഞ്ഞെടുപ്പ് ചട്ടങ്ങൾ ലംഘിക്കാൻ സാധ്യതയുണ്ടെന്നായിരുന്നു ഹർജിയിൽ ചൂണ്ടിക്കാട്ടിയത്.

### മമ്മൂട്ടിയും വിൻസിയും ഫിലിംഫെയർ അവാർഡ് ഏറ്റുവാങ്ങി

ഹൈദരാബാദ്: 69-ാമത് ശോഭ ഫിലിംഫെയർ അവാർഡ്സിൽ മികച്ച മലയാള ചിത്രമായി 2018ഉം സംവിധായകനായി 2018ന്റെ സംവിധായകൻ ജൂഡ് ആന്റണി ജോസഫും തിരഞ്ഞെടുക്കപ്പെട്ടു. മികച്ച നടൻ- മമ്മൂട്ടി (നൻപകൽ നേരത്ത് മയക്കം), മികച്ച നടി- വിൻസി അലോഷ്യസ് (രേഖ). ഹൈദരാബാദിലെ ജെആർസി കൺവെൻഷൻ ജൂബിലി ഹിൽസിൽ നടന്ന അവാർഡ്നിശയിൽ മലയാളത്തിനു പുറമെ തെലുങ്ക്, തമിഴ്, കന്നഡ, മലയാളം സിനിമാ മേഖലയിലെ പ്രതിഭകൾക്കും വിവിധ അവാർഡുകൾ സമ്മാനിച്ചു. തെലുങ്കിലെ മികച്ച പിന്നണിഗായികയ്ക്കുള്ള പുരസ്കാരം ശ്വേത മോഹന് അമ്മ സുജാത മോഹൻ സമ്മാനിച്ചു. പുരുഷപ്രേതത്തിലെ പ്രകടനത്തിന് ജഗദീഷ് മികച്ച മലയാളത്തിലെ സഹനടനായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ നേരിലെ അഭിനയത്തിന് അനശ്വര രാജനും തുറമുഖത്തിലെ മികച്ച പ്രകടനത്തിന് പൂർണിമ ഇന്ദ്രജിത്തും മികച്ച സഹനടി അവാർഡ് പങ്കിട്ടു. സാം സി എസ് സംഗീത സംവിധാനം നിർവഹിച്ച ആർഡിഎക്സ് മികച്ച മ്യൂസിക് ആൽബമായി തിരഞ്ഞെടുക്കപ്പെട്ടു.

## ബിഹാർ മുഖ്യമന്ത്രിക്ക് ഭീഷണി; യുവാവ് ബംഗാളിൽ അറസ്റ്റിൽ

കൊൽക്കത്ത: ബിഹാർ മുഖ്യമന്ത്രി നിതീഷ് കുമാറിന്റെ ഓഫീസിന് ബോംബ് ഭീഷണി മുഴക്കിയ സംഭവത്തിൽ യുവാവ് പശ്ചിമ ബംഗാളിൽ അറസ്റ്റിൽ. ബിഹാറിലെ ബെഗുസരായ് ജില്ലയിലെ ഭഗവാൻപൂർ ബ്ലോക്കിൽ താമസിക്കുന്ന മുഹമ്മദ് സാഹിദിനെ (51) ആണ് കൊൽക്കത്തയിൽ പിടിയിലായത്.

ജൂലൈ 16 ന് അൽഖയ്ദയുടെ പേരിലാണ് പ്രതി ഇ-മെയിൽ ഭീഷണി സന്ദേശം അയച്ചത്. നിതീഷ് കുമാറിന്റെ ഓഫീസ് സ്ഫോടനത്തിൽ തകർക്കുമെന്നായിരുന്നു ഭീഷണി. സംഭവത്തിൽ സെക്രട്ടേറിയറ്റ് പൊലീസ് സ്റ്റേഷനിൽ എഫ്ഐആർ രജിസ്റ്റർ ചെയ്യുകയായിരുന്നു.

അന്വേഷണത്തിൽ, കൊൽക്കത്തയിലെ ബൗബസാർ ഏരിയയിൽ നിന്നാണ് സന്ദേശമെത്തിയതെന്ന് കണ്ടെത്തി. 40 ബിബി ഗാംഗുലി സ്ട്രീറ്റിൽ പാൻ കട നടത്തുകയായിരുന്നു സാഹിദ്. മൂന്ന് വ്യക്തികളെ കുടുക്കാനാണ് ഇമെയിൽ അയച്ചതെന്ന് ഇയാൾ സമ്മതിച്ചു. ഇ-മെയിൽ അയയ്ക്കാൻ ഉപയോഗിച്ച മൊബൈൽ ഫോൺ പൊലീസ് പിടിച്ചെടുത്തു.

ഇ-മെയിലിൽ മൂന്ന് മൊബൈൽ നമ്പറുകൾ പ്രതിസൂചിപ്പിച്ചിരുന്നു. ഈ നമ്പറുകളുമായി ബന്ധപ്പെട്ട വ്യക്തികൾ നിരപരാധികളാണെന്ന് കണ്ടെത്തിയാതി സദർ പറ്റ്നയിലെ എസ്ഡിപിഒ സുശീൽ കുമാർ പറഞ്ഞു.

## ജല മലിനീകരണം പാരിസ്ഥിതിക തകർച്ചയ്ക്ക് കാരണമാകുന്നു: സുപ്രീംകോടതി

ന്യൂഡൽഹി: ജല സ്രോതസ്സുകളിലെ മലിനീകരണം ഗുരുതരമായ പാരിസ്ഥിതിക തകർച്ചക്കും ജലജീവികളുടെ നാശത്തിനും കാരണമാകുന്നതായി സുപ്രീംകോടതി. ജലാശയങ്ങളിലേക്ക് പ്ലാസ്റ്റിക്കും മറ്റ് പാഴ് വസ്തുക്കളും അനിയന്ത്രിതമായി വലിച്ചെറിയതും ഗുരുതര പ്രശ്നങ്ങൾക്ക് ഇടയാകുമെന്ന് ജസ്റ്റിസുമാരായ ഋഷികേശ് റോയ്, എസ്.വി.എൻ ഭാട്ടി എന്നിവരടങ്ങിയ ബെഞ്ച് ആശങ്ക പ്രകടിപ്പിച്ചു. ഗംഗ ഉൾപ്പെടെ നദികളിലെ അനധികൃത നിർമാണം പരിഹരിക്കുന്നതിനും ജലത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുമായി അധികാരികൾ നടത്തുന്ന ശ്രമങ്ങൾ ജനങ്ങളുടെ സഹകരണമില്ലാതെ നടപ്പാക്കാനാവില്ലെന്ന് ബെഞ്ച് ചൂണ്ടിക്കാട്ടി. കേന്ദ്ര സർക്കാറിനും ദേശീയ ഗംഗാ ശുചീകരണ ദൗത്യ സംഘത്തിനും വേണ്ടി ഹാജരായ അഡീഷണൽ സോളിസിറ്റർ ജനറൽ ഐശ്വര്യ ഭാട്ടിയോട് നാലാഴ്ചക്കുള്ളിൽ സത്യവാങ്മൂലം സമർപ്പിക്കാൻ കോടതി ആവശ്യപ്പെട്ടു.

## കാറിൽ തോക്ക് വെച്ച് യുവാവിനെ കള്ളക്കേസിൽ കുടുക്കി; യു.പിയിൽ നാല് പൊലീസുകാർക്ക് സസ്പെൻഷൻ

ബുലന്ദ്ഷഹർ: യുവാവിനെ കള്ളക്കേസിൽ കുടുക്കാൻ കാറിൽ തോക്ക് വെച്ചെന്ന ആരോപണത്തെ തുടർന്ന് നാല് പൊലീസുകാരെ സസ്പെൻഡ് ചെയ്തു. ഉത്തർപ്രദേശിലെ ശിക്കാർപൂർ പൊലീസ് സ്റ്റേഷൻ പരിധിയിലാണ് സംഭവം. അമിത് എന്ന യുവാവാണ് പൊലീസുകാരുടെ ക്രൂരതയ്ക്കിരയായത്. ജൂലൈ 21ന് തന്റെ മകൻ ഒരു ചടങ്ങിൽ പങ്കെടുത്ത് മടങ്ങുമ്പോൾ കാർ മാർക്കറ്റിൽ വച്ച് ചില പൊലീസുകാർ തടഞ്ഞുനിർത്തി ബലമായി പിസ്റ്റൾ വാഹനത്തിൽ വെച്ചതായി യുവാവിന്റെ പിതാവ് ദിനേഷ് കുമാർ ആരോപിച്ചു. തുടർന്ന് അമിതിനെതിരെ കേസെടുത്ത് ജയിലിൽ അടച്ചു. പൊലീസുകാർ മോട്ടോർ സൈക്കിളിൽ നിന്ന് ആയുധം എടുത്ത് അമിതിന്റെ കാറിൽ വയ്ക്കുന്നതിന്റെ വിഡിയോ ഓൺലൈൻ മാധ്യമത്തിൽ വൈറലായിരുന്നു. അന്വേഷണം നടത്തിയ ഉന്നത ഉദ്യോഗസ്ഥർ ശിക്കാർപൂർ പോലീസ് സ്റ്റേഷൻ ഇൻചാർജ്, ടൗൺ ഔട്ട്പോസ്റ്റ് ഇൻചാർജ്, രണ്ട് കോൺസ്റ്റബിൾമാർ എന്നിവരെ സസ്പെൻഡ് ചെയ്തതായി പൊലീസ് സൂപ്രണ്ട്, രാകേഷ് കുമാർ മിശ്ര മാധ്യമപ്രവർത്തകരോട് പറഞ്ഞു. വീഡിയോയിൽ കാണുന്ന രണ്ട് ഹോം ഗാർഡുകളുമായി ബന്ധപ്പെട്ട് പ്രത്യേക റിപ്പോർട്ട് അയച്ചിട്ടുണ്ടെന്നും അന്വേഷണ റിപ്പോർട്ട് സീനിയർ പൊലീസ് സൂപ്രണ്ടിന് അയക്കുമെന്നും അദ്ദേഹം അറിയിച്ചു.



## തിരച്ചിലിന് വിവിധ സേനകളിൽ നിന്ന് 1174 പേർ

തിരുവനന്തപുരം: ചൂരൽമല, മുണ്ട ക്കൈ, പുഞ്ചിരിമട്ടം എന്നിവിടങ്ങളിൽ ആറ് സെക്ടറുകളായി തിരിച്ചുള്ള തിര ച്ചിലിൽ വിവിധ സേനകളിൽ നിന്നായി 1174 പേരെയാണ് വിന്യസിച്ചിരിക്കുന്ന ത്. 84 ഹിറ്റാച്ചികളും അഞ്ച് ജെ.സി.ബി കളുമാണ് തെരച്ചിലിന് ഉപയോഗിച്ചത് 112 ടീമുകളായി 913 വളണ്ടിയർമാരും പ്ര ദേശവാസികളും സേനാംഗങ്ങളോടൊ പ്പം ചേർന്നു. പൊലീസ്, കരസേന, ത മിഴ്നാട് അഗ്നിരക്ഷാ സേന എന്നിവ യുടെ ഡോഗ് സ്ക്വാഡ് തെരച്ചിലിന് രം ഗത്തുണ്ട്.

രക്ഷാപ്രവർത്തനത്തിൽ കൈകോ ർക്കാൻ നിരവധി സന്നദ്ധപ്രവർത്തക രും സംഘടനകളുമാണ് മുന്നോട്ടുവ ന്നത്. ജില്ലാ ഭരണസംവിധാനം ഒരുക്കി യ സംവിധാനത്തിലൂടെ 18,000 പേർ വോളണ്ടിയർമാരായി രജിസ്റ്റർ ചെയ് തു. ഇതിൽ 5400 പേർ വയനാട് ജില്ല യിൽ നിന്ന് തന്നെയാണ്. ആറു മേഖല കളായി തിരിഞ്ഞ് നടത്തുന്ന രക്ഷാപ്ര വർത്തനത്തിൽ 750 മുതൽ 1000 വരെ വോളണ്ടിയർമാരാണ് ഒരു ദിവസം ഇറ ങ്ങുന്നത്. ഇന്നലെ 1126 പേർ സന്നദ്ധ സേനക്കൊപ്പം ദുരന്ത മേഖലയിലുണ്ട് ഇതിനു പുറമേ 140 ടീമുകളും വോള ണ്ടിയർ പ്രവർത്തനത്തിന് രജിസ്റ്റർ ചെ ... രണം പ്രയോജനപ്പെടുത്തും.

ദുരന്തത്തിൽ കാണാതായവർക്കായി സൂചിപ്പാറയിൽ സൈന്യം തിരച്ചിൽ നടത്തുന്നു

# വീണ്ടെടുപ്പിന് ഒത്തൊരുമിച്ച്

## കേരളത്തെ കുറ്റപ്പെടുത്തി ലേഖനമെഴുതാൻ കേന്ദ്രം ശാസ്ത്രജ്ഞരോട് ആവശ്യപ്പെട്ടതായി റിപ്പോർട്ട്

ന്യൂഡൽഹി: രാജ്യത്തെ നടുക്കിയ വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിൽ മോദി സർക്കാർ രാഷ്ട്രീയ മുതലെടുപ്പിന് ശ്രമം നടത്തിയെന്ന് വ്യക്തമാക്കുന്ന റിപ്പോർട്ട് പുറത്ത്. ഉരുൾപൊട്ടൽ ദുരന്തത്തിന് ഇടയാക്കിയത് കേരള സർക്കാറിന്റെ തെറ്റായ നയങ്ങളാണെന്ന് ആരോപിച്ച് ലേഖനമെഴുതണമെന്നാവശ്യപ്പെട്ട് കേന്ദ്ര സർക്കാർ പ്രസ് ഇൻഫർമേഷൻ ബ്യൂറോ വഴി ശാസ്ത്രജ്ഞരെ സമീപിച്ചതായാണ് ആരോപണം. ദ ന്യൂസ് മിനുട്ട് ആണ് ഇതുസംബന്ധിച്ച റിപ്പോർട്ട് പുറത്തുവിട്ടത്. ദുരന്തത്തിന് കേരളത്തെ പഴിചാരി ലേഖനമെഴുതാൻ നിർദേശിച്ച് മൂന്ന് ശാസ്ത്രജ്ഞരെയാണ് പി.ഐ.പി വഴി ബന്ധപ്പെട്ടതെന്നാണ് റിപ്പോർട്ട് പറയുന്നത്. അനധികൃത ഖനനം, നിയന്ത്രണമില്ലാത്ത ക്വാറികളുടെ പ്രവർത്തനം, ഭൂമി കൈയേറ്റം തുടങ്ങിയ കാര്യങ്ങൾ ദുരന്തത്തിന് വഴിവെച്ചതായി ലേഖനത്തിൽ സമർത്ഥിക്കണമെന്നും നിർദേശിച്ചു. കേരളത്തിലെ ക്വാറി പ്രശ്നങ്ങളുമായി ബന്ധപ്പെട്ട ഒരു വേഡ് ഡ്യോക്യുമെന്റ് അയച്ച് നൽകിയാണ് ഇത്തരത്തിൽ ലേഖനമെഴുതാൻ ആവശ്യപ്പെട്ടത്. രാജ്യം കണ്ട ഏറ്റവും വലിയ ഉരുൾപൊട്ടൽ ദുരന്തത്തിന് ഇരയായ വയനാടിന്റെ അതിജീവനത്തിന് പിന്തുണ നൽകാൻ ശ്രമിക്കുന്നതിനേക്കാൾ വേഗത്തിൽ സംസ്ഥാനത്തെ പഴിപറയാൻ കേന്ദ്രം നടത്തിയ ശ്രമമാണ് ചർച്ചയാകുന്നത്. വയനാട് ദുരന്തം പാർലമെന്റിൽ വന്നപ്പോൾ തന്നെ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ സംസ്ഥാനത്തിനെതിരെ വിമർശനം ഉന്നയിച്ചിരുന്നു. കേന്ദ്രം നൽകിയ ദുരന്ത സാധ്യതാ മുന്നറിയിപ്പ് സംസ്ഥാനം അവഗണിച്ചെന്നായിരുന്നു വിമർശനം. ഇതിനു പിന്നാലെ കേന്ദ്ര വനം പരിസ്ഥിതി മന്ത്രിയും കേരളത്തെ കുറ്റപ്പെടുത്തി രംഗത്തെത്തിയിരുന്നു.

## ദുരന്തബാധിത മേഖലകളിൽ സൗജന്യ റേഷൻ

തിരുവനന്തപുരം: ദുരന്തബാധിത മേഖലകളിൽ സൗജന്യ റേഷൻ വിതരണം ചെയ്യുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചു. ഉരുൾപൊട്ടലിൽ നശിച്ച പ്രദേശത്തെ രണ്ട് റേഷൻ കടകളുടെ പ്രവർത്തനം മേപ്പാടിയിൽ തന്നെ ആരംഭിച്ചു. ആവശ്യമായ സാധനങ്ങൾ എത്തിക്കാൻ മൊബൈൽ മാവേലി സ്റ്റോറുകളും ഒരുക്കിയിട്ടുണ്ട്. അതത് മേഖലകളിലെ വില്ലേജ് ഓഫീസർമാർ ആവശ്യപ്പെടുന്നതിന് അനുസൃതമായി സപ്ലൈകോ ഔട്ട്ലെറ്റുകളിൽ നിന്നും അവശ്യവസ്തുക്കൾ ബന്ധപ്പെട്ട ക്യാമ്പുകളിലേക്ക് വിതരണം ചെയ്യുന്നുണ്ട്. പ്രകൃതിക്ഷോഭത്തിൽ ആളുകൾക്ക് നഷ്ടപ്പെട്ട ഗ്യാസ് സിലിണ്ടർ, റെഗുലേറ്റർ, പാസ് ബുക്ക് എന്നിവ ലഭ്യമാക്കുന്നതിന് ഗ്യാസ് ഏജൻസികൾക്ക് നിർദ്ദേശം നൽകി. ജില്ലയിലെ എല്ലാ റേഷൻ കടകളിലും ആഗസ്റ്റ് മാസത്തെ വിതരണത്തിനുള്ള റേഷൻ സാധനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. മൊബൈൽ ഫോൺ നഷ്ടപ്പെട്ടവർക്ക് പുതിയ ഫോണും സിം കാർഡും കണക്റ്റിവിറ്റിയും നൽകും. ദുരന്ത ബാധിത പ്രദേശങ്ങളിലെ റേഷൻ കടകൾ വഴി സൗജന്യ റേഷൻ വിതരണം ചെയ്യാനും നിർദേശം നൽകിയിട്ടുണ്ട്. മുണ്ടക്കൈ, ചൂരൽമല ദുരന്ത ബാധിത മേഖലയിൽ 24 മണിക്കൂറും മൊബൈൽ പൊലീസ് പട്രോളിംഗും ശക്തിപ്പെടുത്തി. നഷ്ടമായ രേഖകളുടെ വിവരശേഖരണം നടന്നു വരുന്നു. രേഖകൾ എത്രയും വേഗം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കും. ഇതിനായി അക്ഷയ, ഐടി മിഷൻ, പഞ്ചായത്തുകൾ എന്നിവയെ ഏകോപിപ്പിച്ച് പ്രത്യേക സംവിധാനമൊരുക്കും. സർട്ടിഫിക്കറ്റുകളുടെ വീണ്ടെടുപ്പ് സുഗമമാക്കുന്നതിന് ക്യാമ്പുകൾ സംഘടിപ്പിക്കാനും ആലോചിക്കുന്നതായി മുഖ്യമന്ത്രി അറിയിച്ചു.

## ജനപ്രതിനിധികൾ രംഗത്തിറങ്ങണമെന്ന് എൽ.ജി.എം.എൽ

കോഴിക്കോട്: വയനാട് പുനരധിവാസത്തിന് മുസ് ലിം ലീഗ് നേതൃത്വം നൽകുന്ന തദ്ദേശ സ്ഥാപനങ്ങൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് തനത് ഫണ്ടിൽനിന്നും സംഭാവന നൽകണമെന്നും മുസ്‌ലിംലീഗിന്റെ ദുരിതാശ്വാസ ഫണ്ട് വിജയിപ്പിക്കുന്നതിന് മുഴുവൻ ജനപ്രതിനിധികളും രംഗത്തിറങ്ങണമെന്നും ലോക്കൽ ഗവൺമെന്റ് മെമ്പേഴ്സ് ലീഗ് സംസ്ഥാന കമ്മിറ്റി അഭ്യർത്ഥിച്ചു. 2023–24 വർഷത്തെ ബജറ്റ് വിഹിതം ലഭിക്കാത്തതിനെതുടർന്ന് തദ്ദേശസ്ഥാപനങ്ങൾ പദ്ധതി പ്രവർത്തനരംഗത്ത് കടുത്ത പ്രതിസന്ധിയാണ് നേരിടുന്നത്. പദ്ധതി പ്രവർത്തനത്തെയും അനിവാര്യ ചെലവുകളെയും ബാധിക്കാത്ത രീതിയിൽ തനത് ഫണ്ടിൽനിന്നും തുക അനുവദിക്കണം. പ്രസിഡണ്ട് കെ. ഇസ്മാഈൽ മാസ്റ്റർ അധ്യക്ഷത വഹിച്ചു. പി.കെ ഷറഫുദ്ദീൻ, സി മുഹമ്മദ് ബഷീർ, മുഹമ്മദ് ബഷീർ വയനാട്, അഡ്വ. എ.കെ മുസ്തഫ, വഹീദ കൽപ്പകഞ്ചേരി, ഗഫൂർ മാട്ടൂൽ, ശരീഫ് പറവൂർ, റിയാസ് പ്ലാമൂട്ടിൽ, സുജല ചെത്തിൽ, ഗഫൂർ കോൽക്കളത്തിൽ, എ.കെ റഫീഖ്, ജാസർ പാലക്കൽ, വി.കെ ബാവ, ഉസ്മാൻ പരപ്പനങ്ങാടി, വി.പി ഇബ്രാഹീം കുട്ടി, അനസ് അടിമാലി, മുജീബ് കമ്പാർ പ്രസംഗിച്ചു.

## വയനാടിന്റെ കണ്ണീരൊപ്പാൻ പെൻഷനേഴ്സ് ലീഗും

കോഴിക്കോട്: പ്രകൃതി ദുരന്ത കെടുതിയിൽ അകപ്പെട്ട വയനാടിന്റെ പുനരധിവാസ പദ്ധതിയിലേക്ക് സഹായ ഹസ്തവുമായി പെൻഷനേഴ്സ് ലീഗും. ഒരു ദിവസത്തെ പെൻഷൻ തുക മുസ്‌ലിംലീഗ് ആശ്വാസ പദ്ധതിയിലേക്ക് നൽകുമെന്ന് സംസ്ഥാന പ്രസിഡന്റ് അഹമ്മദ് മേത്തൊടിയും ജനറൽ സെക്രട്ടറി എ.കെ സൈനുദ്ദീനും അറിയിച്ചു. പെൻഷനേഴ്സ് അംഗങ്ങൾ പ്രാദേശിക കമ്മിറ്റികൾ വഴിയാണ് തുക കൈമാറുക.

## സൗജന്യ വിദ്യാഭ്യാസം നൽകുമെന്ന് അൽ അസ്ഹർ ഗ്രൂപ്പ്

തൊടുപുഴ: വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിൽ മാതാവോ, പിതാവോ നഷ്ടപ്പെട്ട മുഴുവൻ വിദ്യാർഥികളുടെയും തുടർപഠനം തൊടുപുഴയിലെ അൽ അസ്ഹർ ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റിയൂഷൻസിന്റെ വിവിധ കാമ്പസുകളിൽ തികച്ചും സൗജന്യമായി നൽകാൻ തയ്യാറാണെന്ന് അൽ അസ്ഹർ ചെയർമാൻ ഹാജി കെ എം മൂസ അറിയിച്ചു. ഇക്കാര്യം ചൂണ്ടിക്കാട്ടി മുഖ്യമന്ത്രിക്ക് കത്ത് നൽകി. കെജി മുതൽ മെഡിക്കൽ,എഞ്ചിനീയറിംഗ് കോളേജ് വരെയുള്ള പത്തോളം സ്ഥാപനങ്ങളാണിവിടെയുള്ളത്.

## സമസ്ത ദുരിതാശ്വാസ പദ്ധതിയിലേക്ക് മദ്രസാധ്യാപകരുടെ ഒരു ദിവസത്തെ ശമ്പളം

ചേളാരി: വയനാട് ദുരന്തത്തിനിരയായവരെ സഹായിക്കുന്നതിനും പുനരധിവാസ പ്രദേശത്ത് പള്ളികളും മദ്രസകളും സ്ഥാപിക്കുന്നതിനും സമസ്തയുടെ കീഴിൽ രൂപം നൽകിയ സഹായ പദ്ധതിയിലേക്ക് സമസ്തയുടെ കീഴിലുള്ള മുഴുവൻ മദ്രസാ അധ്യാപകരും ഒരു ദിവസത്തെ ശമ്പളം നൽകാൻ സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ സെൻട്രൽ കൗൺസിൽ നിർവാഹക സമിതി തീരുമാനിച്ചു. റെയ്ഞ്ചുകൾ മുഖേന മദ്രസാ അധ്യാപകരിൽ നിന്നും വിഹിതം സമാഹരിച്ച് ജില്ലാ കമ്മിറ്റികൾ 15ന് മുമ്പായി ചേളാരി ജംഇയ്യത്തുൽ മുഅല്ലിമീൻ ഓഫീസിൽ അടക്കണമെന്നും യോഗം അഭ്യർത്ഥിച്ചു. കെ.കെ ഇബ്റാഹീം മുസ്‌ലിയാർ അധ്യക്ഷനായി. വാക്കോട് മൊയ്തീൻകുട്ടി ഫൈസി ഉദ്ഘാടനം ചെയ്തു. എം.എ ചേളാരി റിപ്പോർട്ട് സമർപ്പിച്ചു. ഡോ. എൻ.എ.എം അബ്ദുൽ ഖാദിർ, അബ്ദുല്ല മാസ്റ്റർ കൊട്ടപ്പുറം, കെ. മോയിൻകുട്ടി മാസ്റ്റർ, പി.കെ അബ്ദുൽ ഖാദിർ അൽഖാസിമി, പി. ഹസൈനാർ ഫൈസി കോഴിക്കോട്, അശ്റഫ് ഫൈസി പനമരം, സി. മുഹമ്മദലി ഫൈസി കോട്ടോപ്പാടം, ടി.കെ മുഹമ്മദ്കുട്ടി ഫൈസി പട്ടാമ്പി, ഹുസൈൻകോയ തങ്ങൾ കാസർകോട്, ഒ.എം ശരീഫ് ദാരിമി നീലഗിരി, വി.എം ഇല്യാസ് ഫൈസി തൃശൂർ, എം.യു ഇസ്മാഈൽ ഫൈസി എറണാകുളം, അബ്ദുൽകരീം മുസ്‌ലിയാർ ഇടുക്കി, എ. അബ്ദുൽ ഖാദിർ മുസ്‌ലിയാർ കോട്ടയം, പി.എം ആരിഫ് ഫൈസി കൊടക്, പീർ മുഹമ്മദ് ഹിശാമി തിരുവനന്തപുരം, മുഹമ്മദ് നവവി ദക്ഷിണ കന്നഡ, സുഹൈൽ ഫൈസി ബംഗ്ലൂരു, ശാനവാസ് കാൻ സമദാനി കന്യാകുമാരി, സിദ്ദീഖ് ഫൈസി വെൺമണൽ കണ്ണൂർ പ്രസംഗിച്ചു. കൊടക് അബ്ദുറഹിമാൻ മുസ്‌ലിയാർ സ്വാഗതവും കെ.ടി ഹുസൈൻകുട്ടി മൗലവി നന്ദിയും പറഞ്ഞു.

## നടക്കുന്നത് കുപ്രചാരണമെന്ന് മുഖ്യമന്ത്രി

തിരുവനന്തപുരം: മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി സുതാര്യമെല്ലെന്ന രീതിയിൽ വലിയ കുപ്രചാരണം നടക്കുന്നുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. യാഥാർത്ഥ്യം ജനം തിരിച്ചറിയണമെന്നും അദ്ദേഹം പറഞ്ഞു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഒരു ഇലക്ട്രോണിക് പ്ലാറ്റ്ഫോം വഴിയാണ് നിയന്ത്രിക്കുന്നത്. സീനിയർ ഉദ്യോഗസ്ഥനായ ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിലേക്കാണ് ദുരിതാശ്വാസ നിധിയിലേക്കുള്ള സംഭാവനകൾ വരുന്നത്. നിലവിൽ ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയായ രവീന്ദ്രകുമാർ അഗർവാൾ ആണ് ഈ ഫണ്ടിന്റെ ചുമതലക്കാരൻ. ദുരിതാശ്വാസ നിധിയിലേക്ക് അടക്കുന്ന സംഭാവനകൾ എസ്ബിഐയുടെ തിരുവനന്തപുരം സിറ്റി മെയിൻ ബ്രാഞ്ചിലെ അക്കൗണ്ടിലേക്കും മറ്റ് പ്രധാന ബാങ്കുകളിലുള്ള പൂൾ അക്കൗണ്ടുകളിലേക്കുമാണ് നിക്ഷേപിക്കപ്പെടുന്നത്. ഈ അക്കൗണ്ടുകൾ വഴിയുള്ള ബാങ്ക് ട്രാൻസ്ഫറിലൂടെയാണ് പണം ഗുണഭോക്താക്കളിലേക്കെത്തുക. ദുരിതാശ്വാസ നിധിയുടെ ഓൺലൈൻ പോർട്ടലിന്റെ സുഗമമായ നടത്തിപ്പിനാണ് പൂൾ അക്കൗണ്ടുകൾ സൃഷ്ടിച്ചത്. ധനകാര്യ സെക്രട്ടറിയുടെ അറിവും സീലുമില്ലാതെ ദുരിതാശ്വാസ നിധിയിൽ നിന്നും ഫണ്ട് ഉപയോഗിക്കാൻ സാധിക്കില്ല.

## പുനർ നിർമിക്കുന്ന വീടുകൾക്ക് ഫ്യൂമ്മ ഫർണിച്ചറുകൾ നൽകും

കൊച്ചി: വയനാട്ടിലെ ഉരുൾപൊട്ടൽ ദുരന്തബാധിതർക്കായി സംസ്ഥാന സർക്കാർ പ്രഖ്യാപിക്കുന്ന പുനരധിവാസ പാക്കേജിൽ നിർമിക്കുന്ന മുഴുവൻ വീടുകൾക്കും ആവശ്യമായ ഫർണിച്ചറുകൾ നൽകുമെന്ന് ഫർണിച്ചർ മാനുഫാക്ചറേർസ് ആന്റ് മർച്ചന്റ്സ് വെൽഫെയർ അസോസിയേഷൻ ഓഫ് കേരള (ഫ്യൂമ്മ) സംസ്ഥാന പ്രസിഡന്റ് ടോമി പുലിക്കാട്ടിൽ അറിയിച്ചു. കേരളത്തിലെ മുഴുവൻ ഫർണിച്ചർ വ്യാപാരി വ്യവസായികളുടെയും സഹകരണത്തോടെയാണ് മൂന്നു കോടിയിലേറെ ഉത്പാദന മൂല്യമുള്ള ഫർണിച്ചറുകൾ നൽകുക. ഇക്കാര്യത്തിൽ സർക്കാറുമായി ധാരണാപത്രം കൈമാറാൻ ആഗസ്ത് എട്ടിന് മുഖ്യമന്ത്രി പിണറായി വിജയനുമായി ഫ്യൂമ്മ പ്രതിനിധികൾ കൂടിക്കാഴ്ച നടത്തും. ടോമി പുലിക്കാട്ടിൽ, ഷാജിമൻഹർ, ബൈജു രാജേന്ദ്രൻ, എം എം മുസ്തഫ, ഷാജഹാൻ കല്ലുപറമ്പിൽ എന്നിവരടങ്ങിയ സംഘമാണ് മുഖ്യമന്ത്രിയുമായി കൂടിക്കാഴ്ച നടത്തുക. ഒരു വീട്ടിലേക്കാവശ്യമായ 6:5 കട്ടിൽ, കിടക്ക, തലയിണകൾ, ബെഡ്ഷീറ്റ്, 4 സീറ്റ് ഡൈനിംഗ് ടേബിൾ, 4 ഡൈനിംഗ് ചെയർ, രണ്ടു കള്ളി അലമാര, രണ്ട് പ്ലാസ്റ്റിക് ആം ചെയർ, ഡ്രോയിംഗ് റൂമിൽ നാല് ചെയർ, ടീപോയി, ഡോർ മാറ്റുകൾ എന്നിവയാണ് ഫ്യൂമ്മ സമ്മാനിക്കുക.

## വയനാട് ദുരന്ത ബാധിതർക്ക് കെ.പി ഗ്രൂപ്പ് ജോലി നൽകും


കോഴിക്കോട്: വയനാട് ജില്ലയിലെ മുണ്ടക്കൈ, ചൂരൽമല, കോഴിക്കോട് ജില്ലയിലെ വിലങ്ങാട് എന്നിവിടങ്ങളിലുണ്ടായ ഉരുൾപൊട്ടൽ ബാധിതർക്ക് ദുബായ് ആസ്ഥാനമായി പ്രവർത്തിക്കുന്ന കെ.പി ഗ്രൂപ്പ് ജോലി നൽകുമെന്ന് കെ.പി ഗ്രൂപ്പ് മാനേജിങ് ഡയറക്ടർ കെ.പി മുഹമ്മദ് പറഞ്ഞു. ഇത്തരം ദുരിതങ്ങൾ അനുഭവിക്കുന്നവരെ ചേർത്ത്നിറുത്തുക എന്നത് എല്ലാവരുടെയും സാമൂഹ്യ ബാധ്യതയാണെന്നും ഈയൊരു ബാധ്യത നിർവഹണത്തിൽ എളിയ രീതിയിൽ പങ്കുചേരുന്നതിൽ കെ. പി ഗ്രൂപ്പിന് ചാരിതാർത്ഥ്യമുണ്ടെന്നും അദ്ദേഹം പറഞ്ഞു. ദുരന്ത ബാധിതരായ അർഹരായ ആളുകളെ ആവശ്യമുള്ള പോസ്റ്റുകളിൽ അതാത് യോഗ്യതകൾ അനുസരിച്ച് നിയമിക്കും. നിലവിൽ സൂപ്പർ മാർക്കറ്റുകളിൽ അകൗണ്ടിങ്, മെർചന്റൈസർ, റെസ്റ്റോറന്റ് ആന്റ് കഫേകളിൽ ബില്ലിങ്, വെയ്റ്റർ, മൊബൈൽ ഷോപ്പുകളിൽ ടെക്നീഷ്യൻ, സെയിൽസ് സ്റ്റാഫ് മുതലായ തസ്തികകളിലേക്കാണ് നിയമനം നടത്തുന്നത്. kpgrouphr1@ gmail.com എന്ന ജിമെയിലിലേക്കും +971561885464 എന്ന വാട്സാപ്പ് നമ്പറിലേക്കുമാണ് സി.വി അയക്കേണ്ടത്. ദുബായ് കെ.എം.സി.സി കോഴിക്കോട് ജില്ലാ പ്രസിഡന്റും സി.എച്ച് സെ ന്റർ, വയനാട് മുസ്‌ലിം യതീംഖാന തുടങ്ങി ഒട്ടേറെ സംഘടനകളുടെ ദുബായ് ചാപ്റ്റർ ഭാരവാഹികൂടിയാണ് കെ.പി മുഹമ്മദ്.

## സാന്ത്വനമൊരുക്കാൻ മാർത്തോമ്മാ സഭയും

തിരുവല്ല: ഉരുൾപൊട്ടലിൽ സർവ്വവും നഷ്ടമായ വയനാട്ടിലെ സഹോദരങ്ങളുടെ പുനരധിവാസത്തിന് കരുതൽ പദ്ധതികൾ ഒരുക്കി മാർത്തോമ്മാ സഭയും. ദുരന്തത്തിൽ ഭൂമിയും വീടും നഷ്ടമായവർക്ക് 5 സെൻറ് ഭൂമി വീതം സംസ്ഥാന സർക്കാർ ലഭ്യമാക്കിയാൽ സ്ഥലവും വീടും നഷ്ടപ്പെട്ട 25 കുടുംബങ്ങൾക്ക് സഭയായി വീട് നിർമ്മിച്ച് നൽകും. സർക്കാർ ഭൂമി ലഭ്യമാകാതെ വന്നാൽ സഭാ കൗൺസിലിന്റെ ആലോചനയോടു കൂടി മലബാർ പ്രദേശത്ത് സഭയുടെ പേരിലുള്ള ഭൂമി, അവിടെ വന്ന് പാർക്കുവാൻ താല്പര്യമുള്ള കുടുംബങ്ങൾക്കായി അവരുടെ പേരിൽ നൽകും. ജില്ലാ കളക്ടറുടെ അഅനുമതി കിട്ടുന്ന മുറക്ക് അവിടെ സഭയായി വീട് നിർമ്മിക്കും. പുനരധിവസിപ്പിക്കപ്പെടുന്നവർക്ക് തക്കതായ ഉപജീവന മാർഗം കണ്ടെത്തുന്നതിനും സഭയായി ക്രമീകരണങ്ങൾ ചെയ്യും. കച്ചവടം, വിവിധ തൊഴിൽ സംരംഭങ്ങൾ തുടങ്ങിവ നടത്തിയിരുന്നവർക്ക് ആവശ്യമായ അടിസ്ഥാന ഉപകരണങ്ങൾ ലഭ്യമാക്കും.

പ്രാദേശിക വാർത്തകൾ

# കവളപ്പാറ ദുരന്തത്തിന് നാളെ അഞ്ചാണ്ട്



കവളപ്പാറയിൽ ഉരുൾപൊട്ടലിൽ പെട്ട പ്രദേശം ചൂണ്ടിക്കാണിക്കുന്ന ജയൻ.

### ഭൂമിക്ക് ഇനിയും നഷ്ടപരിഹാരം നൽകാതെ സർക്കാർ; കേസ് നടത്തി ദുരിതത്തിലായി ഭൂവുടമകൾ

**സി. ജമാൽ**
നിലമ്പൂർ

59 മനുഷ്യജീവനും കോടികളുടെ നഷ്ടവും വരുത്തിയ മലപ്പുറം ജില്ലയിലെ കവളപ്പാറ ഉരുൾപൊട്ടൽ ദുരന്തത്തിന് അഞ്ച് വർഷം തികയുന്നു. ഈ മാസം 8ന് ആണ് ദുരന്തത്തിന്റെ അഞ്ചാം വാർഷികം. ദുരന്തം നടന്നത് ഒരു വ്യാഴാഴ്ചയായിരുന്നെങ്കിൽ അഞ്ചാം വാർഷിക ദിനവും മറ്റൊരു വ്യാഴാഴ്ചയാണ്. ഇനിയും 11 മനുഷ്യരെ മണ്ണിൽ ഒളിപ്പിച്ചാണ് ആ ദുരന്തം കടന്നുപോയത്. 48 പേരുടെ മൃതദേഹങ്ങൾ മാത്രമാണ് മണ്ണിനടിയിൽനിന്നും 17 ദിവസത്തെ അതിതീവ്രമായ തിരച്ചിൽ കണ്ടെത്താനായത്.

ഇന്ന് പോത്തുകൽ പഞ്ചായത്തിലെ ഭൂതാനം എന്ന വിശാലമായ പ്രദേശത്തെ കവളപ്പാറ ശ്മശാനമാണ്. പതിനൊന്നുപേരുടെ ശരീരമുറങ്ങുന്ന മണ്ണ്. 2019 ആഗസ്റ്റ് മാസത്തെ തോരാത്ത മഴപെയ്യുന്ന ദിവസങ്ങൾ. 2018ലെ പ്രളയം തെക്കൻ തിരുവിതാംകൂറിനെ കശക്കിയെറിഞ്ഞ ഓർമ്മകളുള്ള സമയം. ജാഗ്രത പുലർത്താൻ പരമാവധി ജനങ്ങൾ ശ്രമിക്കുന്ന പെരുമഴക്കാലം. അധികാരികൾ പോത്തുകല്ലിലെ ക്യാമ്പിലേക്ക് പോകാൻ മുത്തപ്പൻകുന്നിന്റെ ചെരുവിൽ താമസിക്കുന്നവരോട് ആവശ്യപ്പെടുന്നു. ചില കുടുംബങ്ങൾ ക്യാമ്പിലേക്ക് പോയി. കഴിഞ്ഞ കുറേ ദിവസങ്ങളായി ക്യാമ്പിൽ പോവുകയും പ്രത്യേകിച്ച് പ്രശ്നങ്ങളൊന്നുമില്ലാത്തതിനാൽ തിരിച്ച് വീട്ടിലേക്ക് വന്ന കുടുംബങ്ങളാണ് പലരും.

അന്നും പതിവുപോലെ ശക്തമായ മഴ. ചെറിയ തോതിലുള്ള മണ്ണിടിച്ചിലുണ്ട്. എങ്കിലും മഴ ശമനമില്ലെങ്കിൽ രാവിലെ മാറിതാമസിക്കാം എന്ന് മനസ്സിൽ കരുതി വീട്ടിൽ തന്നെ കഴിഞ്ഞവർ. പ്രദേശത്ത് കനത്ത മഴ തുടരുന്നതിനിടെ വൈദ്യുതി നിലച്ചു. വൈകീട്ട് 7.51ന് മുത്തപ്പൻകുന്നിൽ നിന്നും ഒരു ആരവം. വലിയ ശബ്ദത്തോടെ മലവെള്ളപ്പാച്ചിൽ മുത്തപ്പൻകുന്ന് ഇടിഞ്ഞ് താഴേക്ക് ഒഴുകിവന്നു. ഏതാനും നിമിഷങ്ങൾക്കുള്ളിൽ എല്ലാം കഴിഞ്ഞു. 45 വീടുകൾക്കുമുകളിൽ മൺകൂനകളും മരങ്ങളും മൂടി. ആ വീടുകളിലുണ്ടായിരുന്ന പലരും മണ്ണിനടിയിലായി. ചിലർ ചളിയിലൂടെ ഒഴുകി സമീപത്തെ പറമ്പുകളിൽ ചെന്നു വീണു.

പരിക്കുകളോടെ അത്ഭുതകരമായി രക്ഷപ്പെട്ടു. ഇരുട്ടിൽ പലരും ദിക്കറിയാതെ കുന്നിൻമുകളിലേക്ക് റബ്ബർ തോട്ടത്തിലൂടെ ഓടി. കാട്ടാനകളും പന്നികളും വിഹരിക്കുന്ന കുന്നിൻചെരുവിലൂടെ സ്ത്രീകളും കുട്ടികളും വൃദ്ധരും ഓടിക്കയറി. പലരും ഇരുട്ടിൽ വീണ് ഗുരുതരമായി പരിക്കേറ്റു. കുന്നിൻമുകളിലെ റബ്ബർ ഷീറ്റ് ഉണക്കുന്ന റാട്ടപ്പുരയിൽ പുലരുംവരെ ജീവിതത്തിനും മരണത്തിനുമിടയിൽ അവർ കഴിച്ചുകൂട്ടി. ഉരുൾപൊട്ടിയത് രാത്രി ഉറങ്ങുന്നതിന് മുമ്പായതിനാൽ മരണം 59ൽ ഒതുങ്ങി. വയനാടിനെ പോലെ പുലർച്ചെയായിരുന്നുവെങ്കിൽ മരണം വയനാട്ടിൽ കണ്ടതുപോലെയാകുമായിരുന്നു. കവളപ്പാറയിൽ ശബ്ദം കേട്ടതോടെ തന്നെ എല്ലാവരും ഓടിരക്ഷപ്പെടാനുള്ള ശ്രമം നടത്തി.

എന്നാൽ ഉരുൾപൊട്ടൽ പ്രഭവകേന്ദ്രത്തിന് നേരെ ചുവട്ടിലുള്ളവർക്ക് കരയാൻ പോലും സമയം നൽകിയില്ല. പുലർച്ചെയാണ് നാടുണർന്ന് രക്ഷാ പ്രവർത്തനത്തിലേക്ക് ഇറങ്ങിയത്. 17 ദിവസത്തെ രക്ഷാ പ്രവർത്തനം. ഇന്നുവരെ നാടുകാണാത്ത തരത്തിലുള്ള സന്നദ്ധ സേവനം.

മൃതദേഹം പോസ്റ്റ്മോർട്ടം ചെയ്യാൻ പോത്തുകല്ലിലെ മസ്ജിദ് വിട്ടുനൽകിയുള്ള മാതൃകാ പ്രവർത്തനം. ഒടുവിൽ പുനരധിവാസവും അതിജീവനവും. വീടും സ്ഥലവും നഷ്ടപ്പെട്ട ഹതഭാഗ്യവാൻമാർക്ക് താമസിക്കാൻ വീടായി. ഒരു ഏക്കർ വരെ സ്ഥലം ഉണ്ടായവർ വെറും അഞ്ചു സെന്റിൽ ഒതുങ്ങി. ദുരന്തത്തിനിരായവരുടെ ഭൂമിക്ക് നഷ്ടപരിഹാരം നൽകി സർക്കാർ ഏറ്റെടുക്കുമെന്ന് മോഹന വാഗ്ദാനങ്ങൾ. എന്നാൽ ഒന്നുമുണ്ടായില്ല. നിലമ്പൂർ കോവിലകം നാടുവാഴികൾ 1000 ഏക്കർ ദാനം ചെയ്ത ഭൂമിയിൽ ഉൾപ്പെട്ടതാണ് കവളപ്പാറ. എല്ലാവർക്കും പട്ടയമുണ്ട്.

വില്ലേജ് ഓഫീസിൽ നികുതിയും അടക്കുന്നുണ്ട്. എന്നാൽ ബാങ്കുകളിൽ നിന്നും വായ്പ മാത്രം ലഭിക്കില്ല. ദുരന്ത ഭൂമിയിൽ അവകാശികൾക്ക് ഒന്നും ചെയ്യാൻ അനുമതിയില്ല. ഭൂമി ഏറ്റെടുത്ത് ആവശ്യമായ നഷ്ടപരിഹാരം നൽകണമെന്നാവശ്യപ്പെട്ട് സമരസമിതിയുണ്ടാക്കി ഹൈക്കോടതിയിൽ കേസിന് പോകേണ്ട ഗതികേടിലായി ദുരിതബാധിതർ.

എല്ലാം നഷ്ടപ്പെട്ടവർ സഹായത്തിനായി പണം പിരിച്ച് ഹൈക്കോടതിയിൽ കേസ് നടത്തേണ്ട സാഹചര്യം. സാങ്കേതിക തടസങ്ങളുന്നയിച്ച് നഷ്ടപരിഹാരം നൽകാതെ കേസ് സർക്കാർ അനന്തമായി നീട്ടിക്കൊണ്ടുപോകുന്നു. വയനാടിന്റെ പുനരധിവാസം ചർച്ചയാകുമ്പോൾ പുത്തുമലക്കൊപ്പം ചർച്ച ചെയ്യേണ്ട ദുരന്തഭൂമിയാണ് കവളപ്പാറ. സർക്കാരിന്റെ കെടുകാര്യസ്ഥതയുടെയും ദയഇല്ലായ്മയുടെയും പ്രതീകം. ദുരന്തത്തിൽ സർവവും നഷ്ടമായവർ വീണ്ടും വീണ്ടും ക്രൂരതക്കിരയാക്കുന്ന മാനസികാവസ്ഥ.

# പുത്തുമല പൊട്ടിയടർന്നിട്ട് നാളേക്ക് അഞ്ചു വർഷം

**ആ അഞ്ചു പേരും കാണാ മറയത്തു തന്നെ**

മേപ്പാടി: പച്ചമലക്കാടുകളുടെ പകിട്ടായിരുന്ന പുത്തുമല പൊട്ടിയടർന്നിട്ട് നാളേക്ക് അഞ്ചുവർഷം. അറ്റം കാണാത്ത വൻമരങ്ങൾക്കും പാറക്കൂട്ടങ്ങൾക്കുമൊപ്പം കുതിച്ചെത്തിയ ചളിമണ്ണ് പലയിടങ്ങളിൽ നിന്നായി 17 മനുഷ്യജീവനുകളാണ് മണ്ണിനടിയിലാഴ്ത്തിയത്. ദുരന്തം നടന്ന് അഞ്ചുവർഷമാവുമ്പോഴും നാടിന്റെയാകെ വേദനയായി കാണാമറയത്ത് തന്നെയാണ് അന്ന് അപകടത്തിൽ കാണാതായ അഞ്ചു പേർ. 2019 ആഗസ്ത് എട്ടിനു വൈകീട്ടാണ് മേപ്പാടി പച്ചക്കാട് ഉരുൾപൊട്ടി താഴ്വാരത്തെ പുത്തുമല ദുരന്തഭൂമിയായായത്. മണ്ണും കല്ലും മരവും കൂടിക്കലർന്നു കുത്തിയൊഴുകിയ ഉരുൾവെള്ളം അനേകം കുടുംബങ്ങളെയാണ് കണ്ണീരിലാക്കിയത്. 12 മൃതദേഹങ്ങൾ അടുത്ത ദിവസങ്ങളിൽ ദുരന്തഭൂമിയിൽനിന്നു കണ്ടെടുത്തു. കാണാതായ അഞ്ചുപേർ മൂന്നാണ്ടുകൾക്കിപ്പുറവും വയനാടിന്റെയാകെ വേദനയാണ്.

മണ്ണിന്റെ ആഴങ്ങളിൽ അന്ത്യവിശ്രമംകൊള്ളുന്ന ഇവരെക്കുറിച്ചുള്ള ഓർമകളിൽ നീറുകയാണ് ബന്ധുമിത്രാദികൾ. പുത്തുമല മുതിരത്തൊടി ഹംസ(58), പച്ചക്കാട് നാച്ചിവീട്ടിൽ അവറാൻ(62), പച്ചക്കാട് കണ്ണൻകാടൻ അബൂബക്കർ (62), പുത്തുമല എസ്റ്റേറ്റിലെ അണ്ണയ്യ(54), പച്ചക്കാട് എടക്കണ്ടത്തിൽ നബീസ(74) എന്നിവരെയാണ് ദേശീയ ദുരന്ത പ്രതികരണ സേനാംഗങ്ങളടക്കം ദിവസങ്ങളോളം തെരഞ്ഞിട്ടും കണ്ടെത്താൻ കഴിയാതെ പോയത്.

മരിച്ചവരിൽ പുത്തുമല കുന്നത്തുകവല നൗഷാദിന്റെ ഭാര്യ ഹാജിറ(23), മണ്ണിൽവളപ്പിൽ ഷൗക്കത്തിന്റെ മകൻ മുഹമ്മദ് മിസ്തഹ് (മൂന്നര), എടക്കണ്ടത്തിൽ മുഹമ്മദിന്റെ മകൻ അയ്യൂബ്(44), ചോലശേരി ഇബ്രാഹിം(38), കാക്കോത്തുപറമ്പിൽ കുഞ്ഞിമുഹമ്മദിന്റെ മകൻ ഖാലിദ് (42), കക്കോത്തുപറമ്പിൽ ജുനൈദ്(20), പുത്തുമല ശെൽവൻ(60) എന്നിവരുടെ മൃതദേഹങ്ങൾ മൃതദേഹങ്ങൾ ആഗസ്ത് ഒമ്പതിനു കണ്ടെത്തി. തമിഴ്നാട് പൊള്ളാച്ചി ശെൽവകുമാറിന്റെ മകൻ കാർത്തിക്(27), പുത്തുമല തേയിലത്തോട്ടം തൊഴിലാളി മുണ്ടേക്കാട്ട് ചന്ദ്രന്റെ ഭാര്യ അജിത(46), ശെൽവന്റെ ഭാര്യ റാണി (57), സുവർണയിൽ ലോറൻസിന്റെ ഭാര്യ ഷൈല(32), തമിഴ്നാട് പൊള്ളാച്ചി സ്വദേശി ഗൗരി ശങ്കർ(26) എന്നിവരുടെ മൃതദേഹങ്ങൾ തുടർന്നുള്ള ദിവസങ്ങളിലും ലഭിച്ചിരുന്നു. ശക്തമായ ഉരുൾപൊട്ടലിൽ പാറക്കൂട്ടങ്ങളും വൻമരങ്ങളും ഒഴുകിയൊലിച്ച് ഗ്രാമത്തിലെ 58 വീടുകൾ പൂർണമായും 22 വീടുകൾ ഭാഗികമായും തകരുകയും ഏക്കർകണക്കിനു കൃഷിയിടം മണ്ണിനടിയിലാവുകയും ചെയ്തിരുന്നു. താഴ്വാരത്തെ ആരാധനാലയങ്ങൾ, ക്വാർട്ടേഴ്സുകൾ, വാഹനങ്ങൾ, എസ്റ്റേറ്റ് പാടി, കാന്റീൻ, പോസ്റ്റ് ഓഫീസ് തുടങ്ങിയവ മലവെള്ളം കൊണ്ടുപോയി.പുത്തുമലയുടെ നോവോർമ്മകൾ മായുംമുമ്പേയാണ് തൊട്ടടുത്ത ചൂരൽമല, മുണ്ടക്കൈ, പുഞ്ചിരിമട്ടം, പ്രദേശങ്ങളെ നക്കിത്തുടർച്ച് മഹാപ്രളയത്തിന്റെ ആവർത്തനമുണ്ടായത്.



പുത്തുമല ഉരുൾപൊട്ടൽ ദുരന്തം (ഫയൽ ചിത്രം)



പുത്തുമല ഇന്ന്

## തിരമാലയിൽ ജയൻ മണ്ണിനടിയിൽ നിന്നും തല ഉയർത്തിയത് ജീവിതത്തിലേക്ക്

നിലമ്പൂർ: പോത്തുകൽ പഞ്ചായത്തിലെ ഭൂതാനം. ആയിരം ഏക്കർ ഭൂമി ദാനമായി കിട്ടിയ പ്രദേശത്തിന്റെ പേരായി ഭൂതാനം മാറിയത് എങ്ങിനെയാണെന്ന് ജയൻ പറഞ്ഞു തുടങ്ങി. കണ്ണിൽ അപ്പോഴും അന്നത്തെ ഭയം തളംകെട്ടി നിൽക്കുന്നു. ശരീരമാസകലം മുറിപ്പാടുകൾ. ദുരന്തം നടന്ന മുത്തപ്പൻ കുന്നിന്റെ ഒരു കിലോമീറ്റർ ദൂരത്ത് മറുഭാഗത്താണ് 47കാരനായ വെളിയോടൻ ജയന്റെ വീട്. കൂലിപ്പണിക്കാരനായ ജയൻ പ്രദേശത്തെ സാമൂഹ്യ പ്രവർത്തകനാണ്. അയൽവാസിയും സുഹൃത്തുമായ അനീഷും ജയനൊപ്പം എപ്പോഴുമുണ്ടാകും. കനത്ത മഴയിൽ ഇടക്കിടെ മണ്ണിടിച്ചിലുണ്ടാവുന്ന കവളപ്പാറ പ്രദേശത്തെ ആളുകളെ മാറിതാമസിപ്പിക്കാനും ക്യാമ്പിലെത്തിക്കാനും മുൻനിരയിലുള്ള ആളുകളാണ് ജയനും അനീഷും. അന്നും പതിവുപോലെ പഞ്ചായത്തിൽനിന്നും വില്ലേജ് ഓഫീസിൽനിന്നും വിവരം ലഭിച്ചതനുസരിച്ച് കവളപ്പാറയിലെ കുടുംബങ്ങളോട് ക്യാമ്പിലേക്ക് മാറാൻ ഓരോ വീട്ടിലും കയറി ഇറങ്ങി പറയുകയാണ് രണ്ടുപേരും. അഞ്ചരയോടെ ഇരുവരും മറ്റു സുഹൃത്തുക്കളും ചേർന്ന് നാട്ടുകാരോട് മാറാൻ ആവശ്യപ്പെട്ടു. അവസാനമെത്തിയത് മുത്തപ്പൻ കുന്നിന്റെ നേരെ ചുവട്ടിലുള്ള സൈനികന്റെ വീട്ടിലാണ്. വിഷ്ണു ഇന്ത്യൻ സൈന്യത്തിലാണ്. ദിവസങ്ങൾക്കകം നടക്കാൻ പോകുന്ന സഹോദരിയുടെ വിവാഹത്തിനെത്തിയതാണ്. അവരോട് വിവരം അറിയിച്ചുകഴിഞ്ഞാൽ വീട്ടിലേക്ക് തിരിച്ചുപോകാമെന്ന ചിന്തയിൽ അനീഷും ജയനും അവരുടെ വീട്ടിലെത്തി. വിഷ്ണുവിന്റെ മാതാപിതാക്കളും സഹോദരിയും അവരോട് സംസാരിച്ചു. ഇന്ന് ഇനി ക്യാമ്പിലേക്ക് വരുന്നില്ലെന്ന് ജയനെയും അനീഷിനെയും അവർ അറിയിച്ചു. എല്ലാവരും വരാന്തയിൽ നിൽക്കുന്നു. പുറത്ത് കനത്ത മഴയും കാറ്റും. സമയം വൈകീട്ട് 7.51. പെട്ടന്ന് വൈദ്യുതി നിലച്ചു. വീടിന്റെ ഒരറ്റത്താണ് എല്ലാവരും നിൽക്കുന്നത്. ജയൻ അന്നത്തെ ദിവസം ഓർത്തെടുത്തു. ഒരിരമ്പം മാത്രം ഓർമയുണ്ട്. ചളിയുംമരങ്ങളും നിറഞ്ഞ വെള്ളത്തിലൂടെ താഴേക്ക് ഒഴുകി. കടൽ തിരമാലിയിൽപെട്ടതുപോലെ. കുന്നിൻചരിവിലൂടെ മറിഞ്ഞ് താഴേക്ക്. കുന്നിടിഞ്ഞതാണെന്നും എല്ലാം അവസാനിക്കുകയാണെന്നും തോന്നി. സർവശക്തിയും ഉപയോഗിച്ച് കണ്ണുതുറന്നു തലമുകളിലേക്ക് ഉയർത്തി. കണ്ണു തുറന്നപ്പോൾ ചുവന്ന നിറം. ഒരു മരം തന്നോടൊപ്പം ഒഴുകുന്നു. മരക്കൊമ്പിൽ പിടിച്ചു.


മരത്തോടൊപ്പം കുറേ ഒഴുകി. മരം ഒരു ഭാഗത്തേക്കും മണ്ണും പാറയും മറ്റൊരു ഭാഗത്തേക്കും ഒഴുകിപ്പോയി. അരകിലോമീറ്ററോളം ഒഴുകിയിട്ടുണ്ടാവും. മരം ചെന്നുപതിച്ചത് സമീപത്തെ ഒരു വീടിന്റെ അരികിലേക്ക്. അവിടെ പല ഭാഗത്തുനിന്നും രക്ഷപ്പെട്ടു ഓടിക്കൂടിയ ആളുകളുണ്ട്. ടോർച്ചിന്റെയും മൊബൈൽ ഫോണിന്റെ വെളിച്ചത്തിലും ജയൻ പതിയെ ജീവിതത്തിലേക്ക്. ശരീരമാസകലം മുറിവായിരുന്നു. ഒരു മാസമാണ് ജയൻ അതിജീവനത്തിനായി മെഡിക്കൽ കോളജ് അടക്കമുള്ള ആശുപത്രികളിൽ കഴിഞ്ഞത്. തന്നോടൊപ്പം കുന്ന് കയറിയ അനീഷും അവസാനം സംസാരിച്ച വിഷ്ണുവും വീട്ടുകാരും മണ്ണിനടിയിലാണെന്ന് അറിഞ്ഞ ജയൻ പൊട്ടിക്കരഞ്ഞു. മനക്കരുത്ത് കൊണ്ട് മാത്രം പുനർജൻമം ലഭിച്ച ജയൻ ഇന്നും കവളപ്പാറയുടെ മുത്തപ്പൻ കുന്നിന്റെ ചരിവിൽ തന്നെയാണ് ഭാര്യ നിഷയോടും മകൻ അദ്വൈതിനുമൊപ്പം താമസം. മാറി താമസിക്കാൻ ഒരിടമില്ല. ദുരന്തത്തിനിരയായവർക്ക് സർക്കാർ സഹായം ലഭിച്ചു. എന്നാൽ ഇതുപോലെ ഭീഷണി നേരിടുന്ന കുടുംബങ്ങളുണ്ട് ഇവിടെ. ഇവരെ പുനരധിവസിപ്പിക്കാൻ സർക്കാറിന് പദ്ധതിയില്ല. ദുരന്തം കഴിഞ്ഞ് വീട് നൽകുന്നതിനും നല്ലതല്ലേ ആ ഭൂമി സർക്കാർ ഏറ്റെടുത്ത് സുരക്ഷിത സ്ഥലങ്ങളിൽ പകരം ഭൂമി നൽകി അവരെ പുനരധിവസിപ്പിക്കുന്നത്. എന്നാൽ സർക്കാർ ഒന്നും പഠിക്കുന്നില്ല. സർക്കാർ സംവിധാനങ്ങൾ പോലും ദുരന്തമാണെന്ന് ജനങ്ങൾ കരുതുന്നത് അതുകൊണ്ടാവണം. ജയനെ പോലെ മരിച്ചു ജീവിച്ച നൂറുകണക്കിന് പേർ നാട്ടിലുണ്ട്. സർക്കാർ ഇനിയെങ്കിലും കണ്ണുതുറന്നെങ്കിലെന്നു സ്വപ്നം കാണുന്ന ആയിരങ്ങൾ.

# ഹോക്കി: ഇന്ത്യ പൊരുതി വീണു
# നാളെ വെങ്കലത്തിന്

പാരീസ്: അതിമനോഹരമായി കളിച്ചിട്ടും ജർമനിക്ക് മുന്നിൽ 3-2 ന് കീഴടങ്ങി ഇന്ത്യ ഒളിംപിക് ഹോക്കി സെമിയിൽ തോറ്റു. പക്ഷേ മെഡൽ സാധ്യത ബാക്കി. നാളെ ഇന്ത്യ വെങ്കലത്തിനായി സ്പെയിനുമായി കളിക്കും. ശ്രീജേഷ് മികവിലായിരുന്നു ഇന്നലെയും ഇന്ത്യ. പക്ഷേ അവസാനത്തിലെ ജർമൻ കടന്നാക്രമണം തടയാനായില്ല. ഫൈനലിൽ ജർമനി നെതർലൻഡ്സിനെ നേരിടും. ഗംഭീരമായിരുന്നു ഇന്ത്യൻ തുടക്കം. രണ്ടാം മിനുട്ടിൽ തന്നെ പെനാൽട്ടി കോർണർ. അത് ലക്ഷ്യത്തിലെത്തിയിലെങ്കിലും പിന്നെയും ആദ്യ 15 മിനുട്ടിൽ അഞ്ച് പെനാൽട്ടി കോർണറുകൾ.

അതിൽ അവസാന പെനാൽട്ടി കോർണർ ഹർമൻ പ്രീത് ഗോളാക്കിയപ്പോൾ ഗ്യാലറിയിൽ ഇന്ത്യൻ ആവേശം. അടുത്ത ഘട്ടത്തിൽ ജർമനി രണ്ട് ഗോൾ തിരിച്ചടിച്ചു. പെനാൽട്ടി കോർണറിൽ നിന്നും ഗോൺസാലോ പെലാട്ട് സമനില നേടിയപ്പോൾ പെനാൽട്ടി സ്ട്രോക്കിലുടെ കൃസ്റ്റഫർ റുഥർ ജർമനിക്ക് ലീഡ് സമ്മാനിച്ചു. ഇടവേളക്ക് പിരിയുമ്പോൾ ജർമനി 2-1ന് മുന്നിൽ. എന്നാൽ ഇടവേളക്ക് ശേഷം ഇന്ത്യ തിരികെയെത്തി. പെനാൽട്ടി കോർണർ വഴി വന്ന പന്ത് സുഖ്ജിത് സിംഗ് ഗോളാക്കി മാറ്റിയതോടെ മൽസരം 2-2ൽ. കളി അവസാനിക്കാൻ ആറ് മിനുട്ട് ബാക്കി നിൽക്കെ മാർസോ മിൽക്കോ ഇന്ത്യയുടെ അന്തകനായി.

## 400 മീറ്ററിൽ നിരാശ



പാരീസ്: വനിതാ വിഭാഗം 400 മീറ്ററിൽ റെപ്പഷാജ് ഘട്ടത്തിൽ മത്സരിച്ച കിരൺ പാഹലിന് നിരാശ. ആറാം സ്ഥാനത്ത് ഫിനിഷ് ചെയ്ത താരത്തിന് സെമിയിൽ കടക്കാനായില്ല. 52.51 സെക്കൻഡിൽ ഏഴാം സ്ഥാനത്ത് ഫിനിഷ് ചെയ്ത കിരൺ റെപ്പഷാജ് റൗണ്ടിനാണ് യോഗ്യത നേടിയത്. 6 ഹീറ്റ്സിൽ ഓരോന്നിലും ആദ്യ 3 സ്ഥാനത്തെത്തിയ താരങ്ങൾ നേരിട്ടു സെമിയിലെത്തി. ടേബിൾ ടെന്നിസിൽ പുരുഷ ടീം ഇനത്തിൽ പ്രീക്വാർട്ടറിൽ ഹർമീത് ദേശായി, ശരത് കമൽ, മാനവ് താക്കർ എന്നിവർ ഒന്നാം സീഡായ ചൈനയോടു തോറ്റു പുറത്തായി.

ഗൾഫ് ചന്ദ്രിക
# സ്പോർട്സ്



*ബാഡ്മിന്റണിൽ നിന്ന് ഒരു മെഡൽ പോലും നേടാനാകാത്തതിൽ ഞാൻ നിരാശനാണ്. ഞങ്ങൾ മൂന്നു മെഡലുകൾ നേടാൻ മുന്നിലുണ്ടായിരുന്നു. ഒന്നെങ്കിലും കിട്ടിയിരുന്നെങ്കിൽ ഞാൻ സന്തോഷിച്ചേനേ. വ്യക്തിപരമായി ഞാൻ നിരാശനാണ്. ഇത്തവണ സർക്കാരും സ്പോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയും മറ്റ് കായിക സംഘടനകളുമെല്ലാം അവരവരുടെ ഭാഗം ഭംഗിയായി ചെയ്തു. അതിനാൽ തന്നെ അവർക്കെതിരേ ഒന്നും പറയാനില്ല. ഇതിനും മുകളിൽ ആർക്കെങ്കിലും എന്തെങ്കിലും ചെയ്യാൻ സാധിക്കുമെന്ന് ഞാൻ കരുതുന്നില്ല.താരങ്ങൾ മത്സരങ്ങളിൽ കുറേക്കൂടി ഉത്തരവാദിത്തം കാണിക്കണം.*

–പ്രകാശ് പാദുകോൺ



**BREAKING** ഇന്ത്യ-ശ്രീലങ്ക മൂന്നാം ഏകദിനം ഇന്ന് ഉച്ചയ്ക്ക് 2.30



**ഇന്ന്**

പാരീസ് ഒളിംപിക്സ്
( ഉച്ചയ്ക്ക് 12.30 മുതൽ)
സ്പോർട്സ് 18

ക്രിക്കറ്റ്: ഇന്ത്യ-ശ്രീലങ്ക
(ഉച്ചയ്ക്ക് 2.30)
സോണി സ്പോർട്സ്



### മെഡൽ പട്ടിക

*(സ്വർണം, വെള്ളി, വെങ്കലം, ആകെ)*

1. യു.എസ്.എ –21, 30, 28, 79
2. ചൈന –21, 18, 14, 53
3. ഫ്രാൻസ് –13, 16, 19, 48
4. ഓസ്ട്രേലിയ –13, 12, 8, 33
5. ബ്രിട്ടൻ– 12, 13, 17, 42
6. ദ.കൊറിയ –11, 8, 7, 26
7. ജപ്പാൻ –10, 5, 11, 26
8. ഇറ്റലി –9, 10, 6, 25

60. ഇന്ത്യ –0, 0, 3, 3

# നീരജിന്റെ ഒറ്റയേറിൽ ഫൈനൽ

പാരീസിൽ നിന്നും
കമാൽ വരദൂർ



അതൊരു ഒന്നൊന്നര ഏറായിരുന്നു.. സ്റ്റാഡ് ഡി ഫ്രാൻസ് എന്ന കൂറ്റൻ സ്റ്റേഡിയം നീരജ് ചോപ്രയെന്ന ലോക ചാമ്പ്യനെ പരിചയപ്പെടുത്തുന്നു. അദ്ദേഹം ജാവലിൻ എടുക്കുന്നു. ചെറിയ വാം അപ്പ്. പിന്നെ റണ്ണപ്പ്. ഗംഭീര ത്രോയിൽ ജാവലിൻ പറന്നത് 89.34 മീറ്റർ.. ആദ്യറൗണ്ടിലെ ഏറ്റവും കൂടിയ ദൂരം. നിറഞ്ഞ് കവിഞ്ഞ സ്റ്റേഡിയത്തിൽ നിലക്കാത്ത കയ്യടി. ഗ്യാലറിയെ നോക്കി ഇന്ത്യൻ ഇതിഹാസം കൈകൾ ഉയർത്തി.

ഫൈനലിന് യോഗ്യത നേടാൻ 84 മീറ്റർ മാത്രം ആവശ്യമായിരിക്കെ തന്നെ സ്വന്തം ഗ്രൂപ്പിലെ ആദ്യ ത്രോയിൽ ആറ് മീറ്ററോളം അധികം. സീസണിലെ ഏറ്റവും മികച്ച പ്രകടനം. എട്ടിന് നടക്കുന്ന ഫൈനലിനുള്ള ഊർജം. പിറകെ പാകിസ്താൻ പ്രതിയോഗി അർഷാദ് നദീം 86.59 മീറ്റർ എറിഞ്ഞ് ഫൈനൽ യോഗ്യത നേടി. ഇതേ ഇനത്തിൽ മത്സരിച്ച ഇന്ത്യയുടെ കിഷോർ ജെന പുറത്തായി. ഇന്നലെ സ്റ്റാഡ് ഡി ഫ്രാൻസ് സ്റ്റേഡിയം രാവിലെ തന്നെ നിറഞ്ഞ് കവിഞ്ഞിരുന്നു.

ആദ്യം വനിതകളുടെ 1,500 മീറ്റർ ഹീറ്റ്സ്. അത് കഴിഞ്ഞയുടനായിരുന്നു ഇന്ത്യ പ്രതീക്ഷയോടെ കാത്തിരുന്ന പുരുഷ ജാവലിൻ യോഗ്യതാ റൗണ്ട്. ആകെ 32 പേർ. 16 പേർ വീതം രണ്ട് ഗ്രൂപ്പിൽ. ഇന്ത്യയുടെ കിഷോർ ജെന എ ഗ്രൂപ്പിലായിരുന്നു. 84 മീറ്ററായിരുന്നു ഫൈനലിലേക്കുള്ള യോഗ്യതാ ദൂരം. ലോക റാങ്കിംഗിലെ ഒന്നാമൻ യാക്കുബ് വാഡ്ലെക് ( ചെക്കിയ), മൂന്നാമനായ ജൂലിയൻ വെബർ (ജർമനി) എന്നിവരുടെയെല്ലാം ഗ്രൂപ്പിലകപ്പെട്ട കിഷോർ ജെന തളർന്നുപോയി. വെബർ ആദ്യ ത്രോയിൽ തന്നെ 87.76 മീറ്റർ എറിഞ്ഞ് സ്ഥലം വിട്ടു. രണ്ടും മൂന്നും ശ്രമങ്ങൾക്ക് അദ്ദേഹം നിന്നില്ല. കിഷോർ ആദ്യ ശ്രമത്തിൽ 80.73 മീറ്റർ പിന്നിട്ടു.

യാക്കുബ് ഫസ്റ്റ് ത്രോ തന്നെ 85. 63 പറത്തി യോഗ്യത ഉറപ്പാക്കി. കിഷോർ രണ്ടാം ശ്രമത്തിന് നിന്നില്ല. അതിനിടെ കെനിയയുടെ യെഗോ ജൂലിയസ് അവസാന ശ്രമത്തിൽ 85.97 മീറ്റർ ജാവലിൻ പായിച്ച് ഗ്രൂപ്പ് എയിൽ അപ്രതീക്ഷിതമായി രണ്ടാമനായി. ഫിൻലൻഡുകാരൻ കെർനൻ ടോണി കരിയർ ബെസ്റ്റ് പ്രകടനവുമായി 85.27 മീറ്റർ എറിഞ്ഞ് ഗ്രൂപ്പിൽ നിന്ന് നാലാമനായി യോഗ്യത നേടിയപ്പോൾ കിഷോർ മൂന്നാം ശ്രമത്തിൽ 80.21 മീറ്ററാണ് എറിഞ്ഞത്. ഇതോടെ അദ്ദേഹം ഗ്രൂപ്പിൽ ഒമ്പതാമൻ മാത്രമായി.

87.54 മീറ്ററാണ് കിഷോറിന്റെ കരിയർ ബെസ്റ്റ്. പക്ഷേ അതിന് അരികിലെത്താൻ അദ്ദേഹത്തിനായില്ല. ആകെ നാല് പേർ മാത്രമാണ് എഗ്രൂപ്പിൽ നിന്ന് നിശ്ചിതദൂരം പിന്നിട്ട് യോഗ്യത നേടിയവർ. ബി ഗ്രൂപ്പിൽ തുടങ്ങിയത് തന്നെ നീരജായിരുന്നു. ആദ്യ ത്രോ തന്നെ അതിഗംഭീരമായപ്പോൾ ഗ്രാനഡക്കാരൻ പീറ്റേഴ്സ് ആൻഡേഴ്സൺ 88.63 എറിഞ്ഞ് പിറകെയെത്തി. വ്യാഴാഴ്ച രാത്രി 11.55നാണ് ഫൈനൽ മത്സരം.

## വീണ്ടും ഇന്ത്യ- പാക്

പാരീസ്: ആവേശകരമായിരുന്നു ആ കാഴ്ച്ച..!! പുരുഷ ജാവലിൻ യോഗ്യതാ റൗണ്ടിലെ ഗ്രൂപ്പ് ബി പോരാട്ടങ്ങൾ തുടങ്ങിയപ്പോൾ തന്നെ നീരജ് ചോപ്ര 89.34 മീറ്റർ എറിഞ്ഞ് യോഗ്യത നേടുന്നു. പിന്നെ എറിഞ്ഞത് ലാത്വിയയുടെ ഗാട്ടിസ് സാങ്ക്സ്. അത് ഫൗളായി. അദ്ദേഹത്തിന് ശേഷം ജർമനിയുടെ മാക്സ് ഡെന്നിംഗ് 74.58 മാത്രം. ഓസീസ് താരം കാമറൂൺ മകൻ റി 76.33 ൽ നിയന്ത്രിക്കപ്പെട്ട ശേഷം പാകിസ്താൻ താരം അർഷാദ് നദീം. ആദ്യ ത്രോയിൽ തന്നെ 86.59 മീറ്ററുമായി പാക് താരവും ഫൈനലിൽ. ഏഷ്യയിൽ മാത്രമല്ല ആഗോളതലത്തിലും ഈ അയൽക്കാർ ബലാബലമാണ്. നാളെ നടക്കുന്ന ഫൈനലിലും കാണാം ഇന്ത്യ-പാകിസ്താൻ അങ്കം.

# ഫുട്ബോൾ: സ്പെയിൻ-ഫ്രാൻസ് ഫൈനൽ

പാരിസ്: ഒളിംപിക്സ് പുരുഷ ഫുട്ബോളിലെ കലാശപ്പോരിൽ സ്പെയിനും ഫ്രാൻസും ഏറ്റുമുട്ടും. ഫ്രാൻസിന് 40 വർഷത്തിന് ശേഷമുള്ള ആദ്യ ഒളിംപിക്സ് ഫൈനലാണ് സ്വന്തം മണ്ണിൽ ഒരുങ്ങുന്നത്.

നിലവിലെ വെള്ളി മെഡൽ ജേതാക്കളായ സ്പെയിൻ 1992ന് ശേഷം ഫുട്ബോളിൽ ആദ്യ സ്വർണമാണ് ലക്ഷ്യമിടുന്നത്. വെള്ളിയാഴ്ച രാത്രി 9.30നാണ് കലാശപ്പോരാട്ടം. സെമി ഫൈനലിൽ അർജന്റീനയടക്കമുള്ള ടീമുകളെ അട്ടിമറിച്ചെത്തിയ ആഫ്രിക്കൻ കരുത്തരായ മൊറോക്കോയെ 2-1ന് കീഴടക്കിയാണ് സ്പെയിൻ കലാശപ്പോരാട്ടത്തിന് ടിക്കറ്റ് നേടിയത്.

ഒരു ഗോളിന് പിന്നിട്ടു നിന്ന ശേഷമായിരുന്നു സ്പാനിഷ് പടയുടെ ഉയിർത്തെഴുന്നേൽപ്. 37-ാം മിനിറ്റിൽ സൂഫിയാൻ റഹീമിയിലൂടെ മുന്നിലെത്തിയ മൊറോക്കോയെ 66-ാം മിനിറ്റിൽ ഫെർമിൻ ലോപ്പസ് നേടിയ ഗോളിലൂടെയാണ് സ്പെയിൻ ഒപ്പമെത്തിയത്. ഒടുവിൽ 85-ാം മിനുറ്റിൽ യ്വാൻ ലു സാഞ്ചസിലൂടെ രണ്ടാം ഗോളും നേടി സ്പെയിൻ വിജയമുറപ്പിക്കുകയായിരുന്നു.

രണ്ടാം സെമിയിൽ ആഫ്രിക്കൻ കരുത്തുമായെത്തിയ ഈജിപ്ത് വിറപ്പിച്ചെങ്കിലും അതിഗംഭീരമായി ഫ്രാൻസ് തിരിച്ചുവരികയായിരുന്നു. 62-ാം മിനിറ്റിൽ മഹ്മൂദ് സബർ നേടിയ ഗോളിൽ മുന്നിലെത്തിയ ഈജിപ്തിനെതിരെ യ്വാൻ മറ്റേറ്റ 83-ാം മിനിറ്റിൽ ഫ്രാൻസിന് സമനില നൽകി. ഇതോടെ അധിക സമയത്തേക്ക് നീണ്ട മത്സരത്തിൽ 99-ാം മിനുറ്റിൽ രണ്ടാം ഗോളും നേടി മറ്റേറ്റ ഫ്രാൻസിന് വിജയ പ്രതീക്ഷ നൽകി. ഇതിനിടയിൽ രണ്ടാം മഞ്ഞ ക്കാർഡുമായി ഒമർ ഫയദ് പുറത്തുപോയത് ഈജിപ്തിന് തിരിച്ചടിയായി.

ഒടുവിൽ 108-ാം മിനുറ്റിൽ മൈക്കൽ ഒലിസിന്റെ ഗോളിൽ ഫ്രാൻസ് ജയം ഉറപ്പിക്കുകയായിരുന്നു. വെങ്കല മെഡലിനായുള്ള പോരാട്ടത്തിൽ മൊറോക്കോയും ഈജിപ്തും വ്യാഴാഴ്ച 8.30ന് ഏറ്റുമുട്ടും.



മോണ്ടോ ഡുപ്ലാന്റിസ്

## റെക്കോഡുകളുടെ ഡുപ്ലാന്റിസ്

പാരീസ്: സ്വന്തം പേരിലുള്ള ലോക റെക്കോർഡ് ഒൻപതാം തവണയും തിരുത്തി സ്വീഡന്റെ പോൾവോൾട്ട് താരം മോണ്ടോ ഡുപ്ലാന്റിസിന് സ്വർണം. മൂന്നാം ശ്രമത്തിൽ 6.25 മീറ്റർ ദൂരം ചാടിയാണ് വീണ്ടും തന്റെ റെക്കോർഡ് മറികടന്നത്. 2020 ഫെബ്രുവരി 8 ന് ആരംഭിച്ച റെക്കോർഡുകളുടെ തുടർച്ചയായി ഒമ്പതാം തവണയാണ് സ്വീഡിഷ് അത്‌ലറ്റ് ശ്രദ്ധേയമായ നേട്ടം കൈവരിക്കുന്നത്. 2020 ഫെബ്രുവരി എട്ടിന് ഗ്ലാസ്കോയിൽ 6.17മീറ്റർ ക്ലിയർ ചെയ്താണ് താരം ലോക റെക്കോഡ് സ്ഥാപിച്ചത്. പിന്നീട് ഫെബ്രുവരി 15ന് ഇത് 6.18 മീറ്ററായി തിരുത്തി. 2020 മാർച്ച് ഏഴിന് വീണ്ടും റെക്കോഡ് മാറ്റിക്കുറിച്ചു. 6.19 ആയി ഉയരം കൂട്ടി. മാർച്ച് 20ന് ഇത് 6.20 മീറ്ററായി വീണ്ടും മാറ്റിക്കുറിച്ചു. ജൂലൈ 24ന് 6.21 ആയി വീണ്ടും ഡുപ്ലന്റിസ് റെക്കോഡ് മാറ്റി. 2023 ഫെബ്രുവരി 25ന് 6.22 മീറ്ററായി റെക്കോഡ് വീണ്ടും മാറി. 2023 സെപ്തംബർ 17ന് 6.23 ആയി ലോക റെക്കോഡ് തിരുത്തിക്കുറിച്ചു. 2024 ഏപ്രിൽ 20ന് 6.24 മീറ്ററായി ഡ്യുപ്ലാന്റിസ് വീണ്ടും റെക്കോഡ് തിരുത്തി. ഒടുവിൽ പാരീസിൽ ഓഗസ്റ്റ് അഞ്ചിന് 6.25 മീറ്റർ എന്ന് പുതിയ ഉയരവും കുറിച്ചു. മോണ്ടോയുടെ തുടർച്ചയായ രണ്ടാം ഒളിംപിക് സ്വർണമാണിത്. അമേരിക്കയുടെ സാം കെൻഡ്രിക്സ് വെള്ളി മെഡൽ നേടിയപ്പോൾ ഗ്രീസിന്റെ ഇമ്മനൂലി കരാലിസ് വെങ്കല മെഡലും നേടി. 6.10 മീറ്റർ ചാടി മോണ്ടോ സ്വർണം നേടിയിരുന്നുവെങ്കിലും ലോക റെക്കോർഡ് ലക്ഷ്യമിട്ട് ബാർ ഉയർത്താൻ തീരുമാനിക്കുകയായിരുന്നു. ആദ്യ ശ്രമത്തിൽ പിഴച്ചു.

എന്നാൽ രണ്ടാമതും ചാടി, അതും പിഴച്ചു. അവസാന ശ്രമത്തിൽ മോണ്ടോ വിജയിക്കുകയും ചെയ്തു. ഒളിംപിക്സ്, ലോക അത്‌ലറ്റിക്സ് ചാംപ്യൻഷിപ്, യൂറോപ്യൻ ചാംപ്യൻഷിപ്, ലോക ഇൻഡോർ ചാംപ്യൻഷിപ്, ലോക ജൂനിയർ ചാംപ്യൻഷിപ്, ലോക യൂത്ത് ചാംപ്യൻഷിപ് എന്നിവയിൽ സ്വർണം നേടുന്ന ആദ്യ പോൾവോൾട്ട് താരമാണ് മോണ്ടോ ഡുപ്ലാന്റിസ്.

# നെപ്പോളിയനിപ്പോഴും താരമാണിവിടെ





കമാൽ വരദൂർ

World is round, round is zero, zero is nothing and nothing is Impossible..( ലോകം വൃത്തമാണ്. വൃത്തമെന്നാൽ പൂജ്യമാണ്. പൂജ്യമെന്നാൽ ശൂന്യമാണ്. അസാധ്യമായി ഒന്നുമില്ല....) കൊച്ചുനാൾ മുതൽ കേട്ടുതുടങ്ങിയതാണ് ഈ ആപ്തവാക്യം. ഹൈസ്ക്കൂൾ കാലത്ത് ചരിത്രം പഠിപ്പിച്ച ശിവരാമൻ മാഷ് ഇടക്കിടെ ഓർമിപ്പിക്കാറുണ്ടായിരുന്ന മോട്ടിവേഷണൽ ഡയലോഗ്. പിന്നിട് ശിഷ്യരോട് നമ്മൾ ആവർത്തിക്കുന്ന ആപ്തവാക്യം. നെപ്പോളിയൻ ബോണപ്പാർട്ട് എന്ന ഫ്രഞ്ച് ഭരണാധികാരിയായിരുന്നു ഈ അതിവിഖ്യാത വാക്കുകളുടെ ഉപജ്ഞാതാവ് എന്നറിഞ്ഞത് മുതൽ അദ്ദേഹത്തോട് ഒരിഷ്ടമുണ്ടായിരുന്നു.

നെപ്പോളിയൻ ഭരിച്ച നാട്ടിലെത്തിയാൽ അദ്ദേഹത്തെ കാണാതെ മടങ്ങുന്നത് ശരിയല്ലല്ലോ.. ഇന്നലെ അദ്ദേഹത്തെ കാണാൻ പോയി. അതിഗംഭീര നെപ്പോളിയൻ മ്യൂസിയം. ഇവിടെയാണ് അദ്ദേഹം അന്ത്യവിശ്രമം കൊള്ളുന്നത്. ഒളിംപിക്സ് അതിഥികൾക്കായി രാവിലെ ഒമ്പത് മുതൽ വൈകീട്ട് ആറ് വരെ മ്യൂസിയം തുറന്ന് കിടക്കുന്നു. പാരീസിലും ഫ്രാൻസിലുടനീളവും കാണുന്ന തരത്തിൽ മ്യൂസിയം എന്നത് അതിഗംഭീര കൊട്ടാരമാണ്. വലിയ ഗേറ്റുകളും സുരക്ഷയും പരിശോധനയും കഴിഞ്ഞ് വേണം അകത്ത് കയറാൻ. ഫ്രഞ്ച് വിപ്ലവ കാലത്ത് സാധാരണ സൈനികനായി ജീവിതം തുടങ്ങിയ നെപ്പോളിയൻ പിൽക്കാലത്ത് സൈനികാധിപനായും ശേഷം ഫ്രഞ്ച് റിപ്പബ്ലിക്കിന്റെ തലവനായതും എണ്ണമറ്റ അദ്ദേഹത്തിന്റെ യുദ്ധങ്ങളും ഒടുവിൽ 51 വയസ് മാത്രം പ്രായമുള്ളപ്പോൾ വാട്ടർലൂ യുദ്ധത്തിൽ പരാജിതനായി നാടുവിട്ട് അർബുദ ബാധിതനായി മരിച്ചതുമെല്ലാം ചരിത്രമാണ്. ഫ്രഞ്ച് വിപ്ലവം നൽകിയ ഉണർവിനെ സൈനികമായി പ്രയോജനപ്പെടുത്തുക വഴി രാജ്യവികസനത്തിൽ വലിയ പങ്ക് വഹിച്ച നെപ്പോളിയൻ ഒന്നാമനെ ഫ്രഞ്ച് ജനത ഇപ്പോഴും പ്രിയത്തോടെയാണ് രേഖപ്പെടുത്തിയിരിക്കുന്നത് എന്നതിനുള്ള തെളിവാണ് വമ്പൻ മ്യൂസിയത്തിലെ കാഴ്ച്ചകൾ. നെപ്പോളിയൻ മ്യൂസിയം എന്നതിനേക്കാൾ ഇത് ഫ്രഞ്ച് സൈനിക മ്യൂസിയമാണ്. ദീർഘകാലം സൈനിക ഭരണത്തിലായിരുന്ന രാജ്യത്തെ മിലിട്ടറി ചരിത്രം ഒറ്റനോട്ടത്തിലറിയാൻ ഇവിടെ എത്തിയാൽ മതി. ആദ്യകാല യുദ്ധോപകരണങ്ങൾ, യുദ്ധമുഖം, മിലിട്ടറി ഹോസ്പിറ്റൽ, വീരചരമം പ്രാപിച്ച സൈനികരുടെ വ്യക്തിഗത ചരിത്രം രേഖപ്പെടുത്തിയ വലിയ ഹാൾ, ആദ്യകാല സൈനികരുടെ റിട്ടയർമെൻറ് വസതികൾ തുടങ്ങി എല്ലാമുണ്ട് വലിയ മ്യൂസിയം കോംപ്ലക്സിൽ. പക്ഷേ വലിയ ആകർഷണം നെപ്പോളിയൻ ശവകുടീരവും അദ്ദേഹം ഉപയോഗിച്ചിരുന്ന വസ്തുക്കളും ആഢംബരങ്ങളുമെല്ലാം തന്നെ.



*പാരിസിലെ മ്യൂസിയത്തിലെ നെപ്പോളിയൻ ശവകുടീരം*

ഫ്രാൻസിനെ യൂറോപ്പിലെ ഒന്നാം ശക്തിയാക്കുക എന്ന ലക്ഷ്യത്തിൽ അദ്ദേഹം നടത്തിയ യുദ്ധങ്ങൾ പലതും വിജയമായിരുന്നു. തോൽക്കാൻ മനസില്ലാത്തവൻ എന്നാണ് അദ്ദേഹം അറിയപ്പെട്ടത് തന്നെ. ആ സാഹസികതക്ക് തെളിവായി അദ്ദേഹം പ്രഖ്യാപിച്ച യുദ്ധതന്ത്രങ്ങളുടെ ലിഖിതരേഖകൾ മ്യൂസിയത്തിലുണ്ട്. സ്വന്തം കരുത്തിൽ വിശ്വസിക്കാനുള്ള ഊർജമാണ് നെപ്പോളിയൻ നൽകിയതെങ്കിൽ അദ്ദേഹത്തിന്റെ പിൻഗാമികൾ ധൂർത്തിന്റേയും അത്യാഢംബരങ്ങളുടെയും വക്താക്കളായതോടെയാണ് നെപ്പോളിയൻ എന്ന പേര് പോലും പിൽക്കാലത്ത് കുപ്രസിദ്ധമായത്. 1905 ലാണ് മ്യൂസിയം സ്ഥാപിതമായത്.

നടുവിൽ വലിയ ചർച്ചാണ്. അതിനുള്ളിലായാണ് ശവകുടീരം. വിശാലമായ ഹാളിന് നടുവിലായി അദ്ദേഹത്തെ അടക്കം ചെയ്തിരിക്കുന്ന സ്ഥലം. ചുറ്റിലും കല്ലിൽ കൊത്തിയ ശിൽപങ്ങൾ. ഫ്രഞ്ചുകാർ മാത്രമല്ല കാഴ്ച്ചക്കാരെല്ലാം അതിനെ വണങ്ങുന്നു. അദ്ദേഹം ഭക്ഷണം കഴിക്കാനായി ഉപയോഗിച്ച പാത്രങ്ങൾ, ഗ്ലാസുകൾ, ചെരുപ്പുകൾ, വസ്ത്രങ്ങൾ, തലപ്പാവ് ഇതെല്ലാം മ്യൂസിയത്തിലുണ്ട്. ഒരു ദിവസത്തോളം കാണാനുണ്ട് കാഴ്ച്ചകൾ. പുറത്തിറങ്ങി ഇംഗ്ലീഷ് അറിയുന്ന ഒരു ഫ്രഞ്ച് യുവതിയോട് നെപ്പോളിയനെ പുതിയ തലമുറ എങ്ങനെയാണ് നോക്കുന്നത് എന്ന് ചോദിച്ചപ്പോൾ അവർ മ്യുസിയത്തിന് പുറത്തെ ലോകം കാണിച്ച് പറഞ്ഞത് ഫ്രാൻസ് ആ കാലം മറക്കില്ലെന്നാണ്. അസാധ്യമായി ഒന്നുമില്ല എന്ന് അദ്ദേഹം യുദ്ധങ്ങളിലുടെ തെളിയിച്ചുവെങ്കിൽ പുതിയ കാലം പറയുന്നത് നഷ്ടപ്പെടാൻ ഒന്നുമില്ലെന്നാണ്.





അഷ്മിയ റഷയും മുഹമ്മദ് ഷഹ്സാറും തങ്ങളുടെ സമ്പാദ്യപ്പെട്ടിയിലെ തുക പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങളെ ഏൽപിക്കുന്നു

## മുസ്‌ലിം ലീഗ് വയനാട് പുനരധിവാസ ഫണ്ട് സമ്പാദ്യപ്പെട്ടിയിലെ തുക നൽകി വിദ്യാർഥികൾ മാതൃകയായി

മലപ്പുറം: മുസ്‌ലിംലീഗ് വയനാട് പുനരധിവാസ ഫണ്ടിലേക്ക് സമ്പാദ്യപെട്ടിയിലെ തുക കൈമാറി വിദ്യാർഥികൾ. കണ്ണമംഗലം പൂച്ചോലമാട് സ്വദേശികളായ അഞ്ചുകണ്ടൻ അഹമ്മദ് കുട്ടിയുടെ മകൾ അഷ്മിയ റഷ, കാപ്പൻ ഹനീഫയുടെ മകൻ മുഹമ്മദ് ഷഹ്സാർ എന്നിവരാണ് മുസ്‌ലിംലീഗ് സംസ്ഥാന അധ്യക്ഷൻ സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾക്ക് ഫണ്ട് കൈമാറിയത്. മക്ക കെ.എം.സി.സി നേതാക്കളായ കുഞ്ഞിമോൻ കാക്കിയ, സുലൈമാൻ മാളിയേക്കൽ, ഹാരിസ് പെരുവള്ളൂർ, പഞ്ചായത്ത് മുസ്‌ലിംലീഗ് നേതാക്കളായ മുജീബ് പൂക്കുത്ത്, ടി.കെ അബ്ദുട്ടി, വാർഡ് മുസ്‌ലിം ലീഗ് ഭാരവാഹികളായ മൊയ്തീൻ കുട്ടി കാപ്പൻ, അബ്ദുൽ റഷീദ് ടി.കെ, മരക്കാർ ഹാജി മുക്കമ്മൽ, ഹനീഫ കാപ്പൻ, അൻവർ എ.കെ പങ്കെടുത്തു.

കേരള വാർത്തകൾ

# മൃതദേഹങ്ങൾ നിലമ്പൂരിൽ സംസ്കരിക്കില്ല

**സ്വന്തം ലേഖകൻ**
നിലമ്പൂർ

വയനാട് ഉരുൾപൊട്ടലിൽ ചാലിയാറിൽ നിന്ന് ലഭിക്കുന്ന മൃതദേഹങ്ങളും ശരീര ഭാഗങ്ങളും വയനാട്ടിലേക്ക് തന്നെ കൊണ്ടു പോകും.മലപ്പുറം ഡെപ്യൂട്ടി കലക്ടർ പി.സുരേഷിന്റെ നേതൃത്വത്തിൽ നിലമ്പൂരിൽ ചേർന്ന യോഗത്തിലാണ് ഇത് സംബന്ധിച്ച് തീരുമാനം എടുത്തത്. ചാലിയാറിൽ നിന്ന് ലഭിക്കുന്ന മൃതദേഹങ്ങൾ വയനാട്ടിലേക്ക് കൊണ്ടു പോകുമെന്നും ശരീര ഭാഗങ്ങൾ ഇവിടെ നിന്ന് സംസ്കരിക്കുമെന്നും വെള്ളിയാഴ്ച മന്ത്രി പി പ്രസാദ് നിലമ്പൂരിൽ പറഞ്ഞിരുന്നു. ഇതു സംബന്ധിച്ച് സർക്കാർ ഉത്തരവ് ഇറങ്ങുകയും ചെയ്തിരുന്നു. കൊണ്ടുപോകാൻ കഴിയാത്ത മൃതദേഹങ്ങളും ശരീരഭാഗങ്ങളും മറവ് ചെയ്യുന്നതിന് വേണ്ട ക്രമീകരണങ്ങൾ ചെയ്യണമെന്ന് ജില്ലാ കലക്ടർ നഗരസഭക്ക് അറിയിപ്പ് നൽകുകയും ചെയ്തിരുന്നു. നഗരസഭ വാതക ശ്മശാനത്തിന് സമീപം സ്ഥലം വെട്ടി തെളിയിച്ച് മൃതദേഹങ്ങൾ മറവ് ചെയ്യാൻ സജ്ജീകരിക്കുകയും ചെയ്തിരുന്നു. എന്നാൽ അതിന് ശേഷവും മൃതദേഹങ്ങളും ശരീര ഭാഗങ്ങളും വയനാട്ടിലേക്ക് തന്നെ കൊണ്ടു പോകൽ തുടർന്നു. അതിനിടെയാണ് വിഷയം ചർച്ച ചെയ്യാൻ ഡെപ്യൂട്ടി കലക്ടർ സുരേഷിന്റെ നേതൃത്വത്തിൽ നിലമ്പൂരിൽ യോഗം ചേർന്നത്. ബന്ധുക്കൾക്ക് തിരിച്ചറിയാനുള്ള സകര്യം പരിഗണിച്ചാണ് മൃതദേഹങ്ങളും ശരീരഭാഗങ്ങളും വയനാട്ടിലേക്ക് തന്നെ കൊണ്ടു പോകാൻ തീരുമാനിച്ചതെന്ന് യോഗത്തിന് ശേഷം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഇസ്മായിൽ മൂത്തേടം പറഞ്ഞു. ഇവിടെ സംസ്കരിക്കുന്നത് മൃതദേഹങ്ങളോടുള്ള അനാദരവാകുമെന്നും അദ്ദേഹം പറഞ്ഞു. വയനാട് ചൂരൽമല, മുണ്ടക്കൈ ഉരുൾപൊട്ടലിൽ മരണപ്പെട്ടവരെ കണ്ടെത്താൻ 8 ദിനമായ ഇന്ന് നടത്തിയ തിരച്ചിൽ മുണ്ടേരി കുമ്പളപ്പാറ സമീപത്തുനിന്നും 2 മൃതദേഹത്തിന്റെ അവശിഷ്ടം ലഭിച്ചു. ഇതോടെ ചാലിയാർ പുഴയുടെ വിവിധ കടവുകളിൽ നടത്തിയ തിരച്ചിലിൽ ലഭിച്ച മൃതദേഹങ്ങളുടെ എണ്ണം 237 ആയി. ഇതിൽ 76 പൂർണ്ണ മൃതദേഹങ്ങളും 160 ശരീരാവശിഷ്ടങ്ങളുമാണ്. ഇവിടെയുണ്ടായിരുന്ന 2 പൂർണ്ണ മൃതദേഹങ്ങളും 18 ശരീരാവശിഷ്ടങ്ങളും കൂടി മേപ്പാടി സി.എച്ച്.സിയിലേക്ക് മാറ്റി.ഇനി ജില്ലാ ആശുപത്രിയിൽ ഇന്ന് ലഭിച്ച ശരീരാവശിഷ്ടം മാത്രമാണ് അവശേഷിക്കുന്നത്.




ചാലിയാർ തീരത്തെ ദുർഘട മേഖലയായ സൺറൈസ് വാലിയിൽ തിരച്ചിൽ നടത്താനുള്ള ദൗത്യസംഘത്തെ കൽപ്പറ്റ എസ്.ജെ.കെ.എം ഹയർ സെക്കന്ററി സ്കൂൾ ഗ്രൗണ്ടിൽ വ്യോമസേനയുടെ ഹെലികോപ്റ്ററിൽ കയറ്റുന്നു

## സൺറൈസ് വാലിയിൽ തിരച്ചിൽ നടത്താൻ ദൗത്യസംഘം ഹെലികോപ്റ്ററിലെത്തി

### രണ്ട് തവണകളായാണ് ദൗത്യസംഘമെത്തിയത്

എടക്കര: വയനാട്ടിലെ ദുരന്ത മേഖലയിൽ നിന്ന് ചാലിയാർ തീരത്തെ ദുർഘട മേഖലയായ സൺറൈസ് വാലിയിലേക്ക് ദൗത്യ സംഘത്തെ ഹെലികോപ്റ്ററിലെത്തിച്ച് തെരച്ചിൽ നടത്തി. ആറ് കരസേനാംഗങ്ങളും കേരള പൊലീസ് സ്പെഷൽ ആക്ഷൻ ഗ്രൂപ്പിലെ നാലു പേരും രണ്ട് വനം വകുപ്പ് വാച്ചർമാരും അടങ്ങിയ സംഘത്തെയാണ് രണ്ട് തവണയായി ഹെലികോപ്റ്ററിലെത്തിച്ച് വടത്തിന്റെയും കുട്ടയുടെയും സഹായത്തോടെ ഈ മേഖലയിൽ തിരച്ചിലിനായി ഇറക്കിയത്. തിരച്ചിൽ പൂർത്തിയാക്കിയ പ്രദേശത്തുനിന്നും സംഘത്തെ എയർ ലിഫ്റ്റ് ചെയ്ത് അടുത്ത സ്ഥലത്തേക്കെത്തിക്കുന്നതായിരുന്നു രീതി. സൺറൈസ് വാലി മുതൽ അരുണപ്പുഴ ചാലിയാറിൽ സംഗമിക്കുന്ന പ്രദേശം വരെയായിരുന്നു തെരച്ചിൽ. കൽപ്പറ്റ എസ്.ജെ.കെ.എം ഹയർസെക്കന്ററി സ്കൂൾ ഗ്രൗണ്ടിൽ നിന്നാണ് ദൗത്യസംഘവുമായി ഹെലികോപ്റ്റർ പറന്നത്. ലാൻഡിങ് ബുദ്ധിമുട്ടുള്ള സ്ഥലങ്ങളിൽ ആളുകളെ ഇറക്കുന്നതിനും എയർ ലിഫ്റ്റ് ചെയ്യുന്നതിനും ശേഷിയുള്ള അഡ്വാൻസ്ഡ് ലൈറ്റ് ഹെലികോപ്റ്ററാണ് വായുസേന ദൗത്യത്തിന് ഉപയോഗിച്ചത്.

### ഒരു ശരീരഭാഗം കൂടി കണ്ടെത്തി

നിലമ്പൂർ: വയനാട് മുണ്ടക്കൈ ദുരന്തത്തിൽ ചാലിയാറിലൂടെ ഒഴുകിയെത്തിയ ഒരു ശരീരഭാഗംകൂടി ഇന്നലെ കണ്ടെത്തി. മുണ്ടേരി വനത്തിലെ കുമ്പളപ്പാറ നഗറിന് സമീപം പുഴയോരത്തു നിന്നാണ് മൃതദേഹ ഭാഗം കണ്ടത്. ആദിവാസി യുവാവ് ദേവൻ കുളിക്കാൻ പുഴയിലെത്തിയപ്പോഴാണ് മണലിൽ ആഴ്ന്ന നിലയിൽ കാൽ കണ്ടത്. ഉടൻ അധികൃതരെ വിവരം അറിയിക്കുകയായിരുന്നു. സന്നദ്ധ പ്രവർത്തകരെത്തി മൃതദേഹഭാഗം പാണ്ടിയിൽ ചാലിയാർ പുഴയുടെ അക്കരെ കടത്തി. ഇതോടെ മുണ്ടക്കൈ ദുരന്തത്തിൽ ഒഴുകിയെത്തിയ 76 മൃതദേഹങ്ങളും 159 ശരീര ഭാഗങ്ങളുമാണ് ഇതുവരെ ചാലിയാർ പുഴയുടെ വിവിധ ഭാഗങ്ങളിൽ നിന്നും രക്ഷാപ്രവർത്തകർ കണ്ടെടുത്തത്. ഇതിൽ 38 പുരുഷന്മാരും, 31 സ്ത്രീകളും, മൂന്ന് ആൺകുട്ടികളും, നാല് പെൺകുട്ടികളും ഉൾപ്പെടുന്നു. പോത്തുകൽ പഞ്ചായത്ത് പരിധിയിൽ ചാലിയാർ ഒഴുകുന്ന വാർഡുകൾ കേന്ദ്രീകരിച്ച് പ്രാദേശികമായുള്ള തിരച്ചിലാണ് ഇന്നലെ നടന്നത്.

## ഒഴുകിയെത്തിയ മൃതദേഹങ്ങൾ ആദ്യം കണ്ടെത്തി വിവരങ്ങൾ നൽകിയത് വനവാസികൾ

നിലമ്പൂർ: വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിൽ ചാലിയാറിലൂടെ ഒഴുകിവന്ന ഇരുപതോളം മൃതദേഹങ്ങൾ കണ്ടെത്തി പൊലീസ്, വനം സേനകൾക്ക് വിവരം നൽകിയത് വനവാസികൾ. ദുരന്തം നടന്ന ബുധനാഴ്ച പുലർച്ചെ രണ്ട് മണിക്ക് വാണിയംപുഴയിലെ വനവാസികളാണ് ഉരുൾപൊട്ടലിൽ ഒഴുകിയെത്തിയ മൃതദേഹം ആദ്യം കണ്ട് പൊലീസിനെ അറിയിച്ചത്. ഇവരാണ് ചാലിയാറിലൂടെ മൃതദേഹങ്ങൾ ഒഴുകിയെത്തുന്നുണ്ടെന്ന വിവരം പുറംലോകത്തെ അറിയിച്ചത്. മലവെള്ളപ്പാച്ചിലിൽ ചാലിയാറിന്റെ തീരങ്ങളിൽ അടിഞ്ഞ മീനുകൾ പെറുക്കിയെടുക്കാൻ പോയവരായിരുന്നു മൃതദേഹം കണ്ടത്. തുടർന്ന് ഇവർ പുഴയുടെ വിവിധ ഭാഗങ്ങളിലും മലവെള്ളം കയറിയൊഴുകിയ വനമേഖലയിലും തിരച്ചിൽ നടത്തി നിരവധി മൃതദേഹങ്ങൾ കണ്ടെടുത്തു. തിങ്കളാഴ്ച പുഴയിൽ കുളിക്കാനിറങ്ങിയ ആദിവാസി യുവാവ് ഒരു ശരീരഭാഗം കണ്ടെത്തിയിരുന്നു. ചൊവ്വാഴ്ച രാവിലെ കുമ്പളപ്പാറ നഗറിലെ ദേവൻ പുഴയോരത്തെ മണൽതിട്ടയിൽ നിന്നും ഒരു കാലും കണ്ടെത്തി. കഴിഞ്ഞ എട്ട് ദിവസമായി നടക്കുന്ന തിരച്ചിലിൽ മൃതദേഹങ്ങൾ കണ്ടെത്തി വിവരങ്ങൾ കൈമാറാൻ ഇരുട്ടുകുത്തി, തരിപ്പപ്പൊട്ടി, വാണിയംപുഴ, കുമ്പളപ്പാറ നഗറുകളിലെ വനവാസികൾ രക്ഷാപ്രവർത്തകരെയും ഉദ്യോഗസ്ഥരെയും വളരെയേറെ സഹായിച്ചു.



ചാലിയാർ പുഴ കടക്കുന്ന വനവാസികൾ



കുമ്പളപ്പാറയിൽ നിന്നും കണ്ടെടുത്ത ശരീരഭാഗം രക്ഷാപ്രവർത്തകർ പാണ്ടിയിൽ ചലിയാർ പുഴ കടത്തുന്നു



പട്ടിക്കാട് ജാമിഅ നൂരിയ്യ അറബിയ്യ വിദ്യാർഥി സംഘടന നൂറുൽ ഉലമ സംഘടിപ്പിച്ച 'ഇലാ മാ ഹാജറ ഇലൈഹി' ഹിജ്റ കാമ്പയിൻ സമാപനം പാണക്കാട് സയ്യിദ് അബ്ബാസലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്യുന്നു

'ഇലാ മാ ഹാജറ ഇലൈഹി'


## പട്ടിക്കാട് ജാമിഅയിൽ ഹിജ്റ കാമ്പയിൻ

ഫൈസാബാദ്: പട്ടിക്കാട് ജാമിഅ നൂരിയ്യ അറബിയ്യ വിദ്യാർഥി സംഘടന നൂറുൽ ഉലമ ഹിജ്റ വർഷാരംഭത്തോടനുബന്ധിച്ച് സംഘടിപ്പിച്ച ഹിജ്റ കാമ്പയിൻ സമാപിച്ചു. 'ഹിജ്റ,പരിപൂർണതയിലേക്കുള്ള പ്രയാണം' എന്ന പ്രമേയത്തെ ആധാരമാക്കി നടത്തപ്പെട്ട ഹിജ്റ കാമ്പയിൻ മുഹറം ഒന്ന് മുതൽ മുഹറം മുപ്പത് വരെ വ്യത്യസ്ത പരിപാടികളോടെ അരങ്ങേറി. 'ഇലാ മാ ഹാജറ ഇലൈഹി' എന്ന തലക്കെട്ടിൽ സംഘടിപ്പിക്കപ്പെട്ട സമാപന സംഗമം പാണക്കാട് സയ്യിദ് അബ്ബാസലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്തു. കാമ്പയിനിന്റെ ഭാഗമായി ഇംഗ്ലീഷ് വിങ് പുറത്തിറക്കിയ സപ്ലിമെന്റ് അബ്ബാസലി തങ്ങൾ ഹംസ ഹൈതമിക്ക് നൽകി പ്രകാശനം ചെയ്തു.അലവി ഫൈസി കുളപ്പറമ്പ് അധ്യക്ഷനായി. 'ഹിജ്റയുടെ മഹത്വവും അനിവാര്യതയും' എന്ന വിഷയത്തെ അധികരിച്ച് സാജിഹ് ശമീർ അൽ അസ്ഹരി മുഖ്യ ഭാഷണം നിർവഹിച്ചു. നൂറുൽ ഉലമ ജനറൽ സെക്രട്ടറി ശംസീർ കമാലി, നൂറുൽ ഉലമ ട്രഷറർ മഹമൂദ് ആമീൻ പ്രസംഗിച്ചു. ഹംസ ഹൈതമി നെല്ലൂർ,ളിയാഉദ്ദീൻ ഫൈസി മേൽമുറി,ഉമർ ഫൈസി മുടിക്കോട്,മുഹമ്മദലി ശിഹാബ്ഫൈസി കൂമണ്ണ, നാസർ ഫൈസി പങ്കെടുത്തു.

## വയനാട് ദുരന്തം മൂലം നിർത്തിവെച്ച മുസ്‌ലിംലീഗ് മണ്ഡലംതല നേതൃസംഗമം ഇന്ന് പുനരാരംഭിക്കും

മലപ്പുറം: വയനാട് പ്രകൃതിദുരന്തം മൂലം നേരത്തെ മാറ്റിവെച്ച മുസ്‌ലിം ലീഗ് നിയോജക മണ്ഡലം നേതൃസംഗമങ്ങൾ ഇന്ന് പുനരാരംഭിക്കുമെന്ന് ജില്ലാ ജന: സെക്രട്ടറി പി.അബ്ദുൽ ഹമീദ് എം.എൽ.എ അറിയിച്ചു. പുതിയ തിയ്യതികൾ ചുവടെ കൊടുക്കുന്നു. തദ്ദേശഭരണ തിരഞ്ഞെടുപ്പിനു പുറമേ, വയനാട് ദുരന്തത്തിൽ ഭവനരഹിതരായവരെ പുനരധിവസിപ്പിക്കുന്നതിന് വേണ്ടി മുസ്‌ലിം ലീഗ് സമാഹരിക്കുന്ന സഹായനിധി വിജയിപ്പിക്കുന്നത് സംബന്ധിച്ചും നേതൃയോഗം ചർച്ച നടത്തും. ഇന്ന് 10 മണി (ഏറനാട്, മഞ്ചേരി)2 മണി.(വള്ളിക്കുന്ന്, വേങ്ങര) നാളെ 10 മണി(താനൂർ, തിരൂരങ്ങാടി)2 മണി.(നിലമ്പൂർ, വണ്ടൂർ) 9ന് 2.30ക്ക് (മങ്കട, കൊണ്ടോട്ടി) ശനി.10 മണിക്ക് (പെരിന്തൽമണ്ണ) 2 മണിക്ക്(തവനൂർ, തിരൂർ) എന്നീ ദിവസങ്ങളിലും സമയങ്ങളിലുമാണ് നേതൃയോഗങ്ങൾ – നിയോജക മണ്ഡലം പ്രവർത്തക സമിതി അംഗങ്ങൾക്ക് പുറമെ തദ്ദേശഭരണ സ്ഥാപന അധ്യക്ഷന്മാരും പാർലമെന്ററി പാർട്ടി നേതാക്കളും സഹകരണ ബാങ്ക് പ്രസിഡന്റുമാരുമാണ് പങ്കെടുക്കേണ്ടത്.

## മോഷണം: യുവതി അറസ്റ്റിൽ



ദിൽഷാദ് ബീഗം

തിരൂർ : നഗരത്തിൽ പാൻ ബസാറിലെ പള്ളിയിൽ കൈക്കുഞ്ഞിന്റെ അരഞ്ഞാണം മോഷണം നടത്തിയ സ്ത്രീ പിടിയിൽ. നിറമരുതൂർ സ്വദേശിനി മലയിൽ ദിൽഷാദ് ബീഗത്തെ(48)യാണ് തിരൂർ പൊലീസ് അറസ്റ്റ് ചെയ്തത്. കഴിഞ്ഞ ഞായറാഴ്ച വൈകുന്നേരം പള്ളിയിൽ നിസ്കരിക്കാൻ കയറിയ കുടുംബത്തോടൊപ്പം ഉണ്ടായിരുന്ന കൈക്കുഞ്ഞിന്റെ അരഞ്ഞാണമാണ് ഇവർ മോഷ്ടിച്ചത്. ഉടനെ പൊലീസിനെ വിവരം അറിയിച്ചതിനെത്തുടർന്ന് സ്ഥലത്തെത്തി യുവതിയെ കസ്റ്റഡിയിലെടുക്കുകയായിരുന്നു. യുവതിയോട് ആദ്യം സ്വർണ്ണം മോഷണം പോയതിനെ പറ്റി പൊലീസ് ചോദ്യം ചെയ്തപ്പോൾ എടുത്തിട്ടില്ല എന്ന രീതിയിൽ നിഷേധിക്കുകയും സ്വർണ്ണം വിഴുങ്ങിയതായി സംശയം തോന്നിയതിനെത്തുടർന്ന് പൊലീസ് എക്സ്–റേ എടുത്തു പരിശോധിച്ചതിൽ ഡോക്ടർ ശരീരത്തിൽ സ്വർണത്തിന്റെ സാന്നിധ്യം സ്ഥിരീകരിക്കുകയുമായിരുന്നു. പ്രതിയെ തിരൂർ മജിസ്ട്രേറ്റ് മുമ്പാകെ ഹാജരാക്കി റിമാൻഡ് ചെയ്തു. തിരൂർ സി.ഐ ജിനേഷ് കെ.ജെയുടെ നേതൃത്വത്തിൽ എസ്.ഐ സുജിത്ത് ആർ.പി എ.എസ്.ഐ ഹൈമാവതി, സീനിയർ സിവിൽ പൊലീസ് ഓഫീസർ ജിനേഷ്. കെ എന്നിവർ ചേർന്നാണ് യുവതിയെ അറസ്റ്റ് ചെയ്തത്.

എസ്.വൈ.എസ്

## രാഷ്ട്രരക്ഷാ സംഗമം: ഒമ്പത് കേന്ദ്രങ്ങളിൽ സെമിനാർ നടത്തും

മലപ്പുറം: മതേതരത്വമാണ് ഇന്ത്യയുടെ മതം എന്ന പ്രമേയത്തിൽ എസ്.വൈ.എസ് ജില്ലാ കമ്മിറ്റി 15 ന് കൊണ്ടോട്ടിയിൽ നടത്തുന്ന രാഷ്ട്ര രക്ഷ സംഗമത്തിന്റെ പ്രചാരണാർത്ഥം. ക്വിറ്റ് ഇന്ത്യ ദിനമായ 9ന് 77–ാം സ്വാതന്ത്ര്യ ദിനവും 18–ാം ലോക്സഭയും എന്ന പ്രമേയത്തിൽ ജില്ലയിലെ ഒമ്പത് കേന്ദ്രങ്ങളിൽ സെമിനാർ നടക്കും. ജില്ലാതല ഉദ്ഘാടനം 9ന് വൈകീട്ട് 4 മണിക്ക് അരീക്കോട് പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ സംസ്ഥാന ഉപാധ്യക്ഷൻ കെ.എ. റഹ്മാൻ ഫൈസി ഉദ്ഘാടനം ചെയ്യും. അബൂബക്കർ ഫൈസി മലയമ്മ പ്രമേയ പ്രഭാഷണം നടത്തും. വിവിധ രാഷ്ട്രീയ പാർട്ടികളെ പ്രതിനിധീകരിച്ച് അഡ്വ. പി.വി മനാഫ് (മുസ്‌ലിം ലീഗ്), കെ.പി. നൗഷാദലി (കോൺഗ്രസ്). കെ ഭാസ്കരൻ (സി.പി.എം) പ്രസംഗിക്കും.

## രാഷ്ട്രരക്ഷാ പ്രയാണം 10,11ന്

മലപ്പുറം: 15 ന് കൊണ്ടോട്ടിയിൽ നടക്കുന്ന രാഷ്ട്ര രക്ഷാസംഗമത്തിന്റെ പ്രചാരണാർത്ഥം കൊണ്ടോട്ടി ഏറനാട് മലപ്പുറം മഞ്ചേരി വേങ്ങര മണ്ഡലങ്ങളിലെ മുപ്പത് പഞ്ചായത്ത് ആസ്ഥാനങ്ങളിൽ 10,11 തിയ്യതികളിൽ രാഷ്ട്ടരക്ഷാ പ്രയാണം നടത്തും. ആസ്ഥാനങ്ങളിൽ യൂണിറ്റ് ഭാരവാഹികളും ബഹുജനങ്ങളും പങ്കെടുക്കും. പ്രയാണത്തിന് മണ്ഡലം നേതാക്കൾ നേതൃത്വം നൽകും. രാഷ്ട്ര രക്ഷാസംഗമത്തിന്റെ വിജയത്തിന്നായി മണ്ഡലം– പഞ്ചായത്ത്– യൂണിറ്റ് ഭാരവാഹികൾ കർമനിരതരാവണമെന്ന് ജില്ലാ പ്രസിഡന്റ് സയ്യിദ് അബ്ബാസലി ശിഹാബ് തങ്ങൾ ജന സെക്രട്ടറി സലീം എടക്കര എന്നിവർ പ്രവർത്തകരോട് ആഹ്വാനം ചെയ്തു.




ഖത്തർ കെഎംസിസി വെട്ടം പഞ്ചായത്ത്തല 'ചന്ദ്രിക അറിവിൻ തിളക്കം' പദ്ധതി ഉദ്ഘാടനം ആലിശ്ശേരി എ.എം.യു.പി സ്കൂളിൽ കെ.എം.സി.സി സംസ്ഥാന അഡ്വൈസറി ബോർഡ് അംഗം പി.പി അബ്ദു റഷീദ് നിർവഹിക്കുന്നു

## ഖത്തർ കെ.എം.സി.സി വെട്ടം പഞ്ചായത്ത് 'ചന്ദ്രിക അറിവിൻ തിളക്കം' ഉദ്ഘാടനം

തിരൂർ: ഖത്തർ കെഎംസിസി വെട്ടം പഞ്ചായത്ത് കമ്മിറ്റി മുൻവർഷങ്ങളിലേതു പോലെ ഈ വർഷം 2024 ആഗസ്റ്റ് മുതൽ വെട്ടം പഞ്ചായത്തിലെ മലയാളം യൂണിവേഴ്സിറ്റി, തുഞ്ചൻ മെമോറിയൽ കോളജ്,പറവണ്ണ ഹയർ സെക്കന്ററി,വൊക്കേഷൻ ഹയർ സെക്കന്ററി,പറവണ്ണ ഗവ.ഹൈസ്കൂൾ,യു.പി സ്കൂളുകൾ, എൽ.പി സ്കൂളുകൾ തുടങ്ങി വെട്ടം പഞ്ചായത്തിലെ 13 വിദ്യാഭ്യാസ സ്ഥാപങ്ങളിൽ 'ചന്ദ്രിക അറിവിൻ തിളക്കം' പദ്ധതി ആരംഭിച്ചു. ഇതിന്റെ പഞ്ചായത്ത് തല ഉദ്ഘാടനം വെട്ടം ആലിശ്ശേരി എ.എം.യു.പി സ്കൂളിൽ വെട്ടം പഞ്ചായത്ത് മുസ്‌ലിംലീഗ് നേതാക്കളുടെയും, കെ.എം.സി.സി നേതാക്കന്മാരുടെയും, സ്കൂൾ അധ്യാപകരുടെയും, വിദ്യാർഥികളുടെയും, സാന്നിധ്യത്തിൽ ഖത്തർ കെ.എം.സി.സി സംസ്ഥാന അഡ്വൈസറി ബോർഡ് അംഗം പി.പി അബ്ദു റഷീദ് വിദ്യാർഥികൾക്ക് ചന്ദ്രിക പത്രം നൽകി നിർവഹിച്ചു. വെട്ടം പഞ്ചായത്ത് ഓഫീസിലും,വായനശാലകളിലും,തിരഞ്ഞെടുത്ത മുസ്‌ലിംലീഗ് മെമ്പർമാരുടെ വീടുകളിലും ഖത്തർ കെഎംസിസി വെട്ടം പഞ്ചായത്ത് കമ്മിറ്റി ചന്ദ്രിക പത്രം വാർഷിക പദ്ധതി നടപ്പാക്കിയിട്ടുണ്ട്.




തൃപ്പനച്ചി മുഹമ്മദ് മുസ്‌ലിയാർ ഉറൂസ് മുബാറകിന്റെ ഭാഗമായി നടന്ന മതപ്രഭാഷണം പാണക്കാട് സയ്യിദ് റഷീദലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്യുന്നു

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ആഗസ്റ്റ് 07 ബുധൻ
ഗൾഫ് ചന്ദ്രിക

## കേരള വാർത്തകൾ



വയനാട് ഉരുൾപൊട്ടലിൽ മരിച്ച, തിരിച്ചറിയാൻ കഴിയാത്ത മൃതദേഹങ്ങൾ വൈറ്റ് ഗാർഡിന്റെ നേതൃത്വത്തിൽ സംസ്കരിക്കുന്നു

# ദുരന്ത മുന്നറിയിപ്പുകൾ അവഗണിക്കരുത്: മുസ്‌ലിംലീഗ് പരിസ്ഥിതി സംരക്ഷണ സമിതി

കോഴിക്കോട്: രാജ്യത്തെ ഒന്നാകെ നടുക്കിയ വയനാട്ടിലെ പ്രകൃതി ദുരന്തം അത്യാധികം വേദനാജനകമാണെന്നും മാധവ് ഗാഡ്ഗിലിനെ പോലുള്ളവരുടെ മുന്നറിയിപ്പ് അവഗണിച്ചത് ശരിയല്ല എന്നാണ് വയനാട് നൽകുന്ന പാഠമെന്നും മുസ്‌ലിംലീഗ് പരിസ്ഥിതി സംരക്ഷണ സമിതി ചെയർമാൻ കെ. കുട്ടി അഹമ്മദ് കുട്ടിയും ജനറൽ കൺവീനർ സലിം കുരുവമ്പലവും അഭിപ്രായപ്പെട്ടു. ദുരന്തത്തെക്കുറിച്ച് പഠിക്കാനും സമഗ്രറിപ്പോർട്ട് സമർപ്പിക്കാനുമുള്ള കേന്ദ്രഹരിത ട്രൈബ്യൂണലിന്റെ തീരുമാനം ഏറെ സ്വാഗതാർഹമാണ്. പരിസ്ഥിതിലോല പ്രദേശങ്ങളിലെ വഴിവിട്ട നിർമ്മാണ പ്രവർത്തനങ്ങൾ വൻദുരന്തങ്ങൾക്ക് കാരണമാകുന്നുണ്ട്. കാലാകാലങ്ങളായി ഇത്തരം റിപ്പോർട്ടുകളെയും ദുരന്ത മുന്നറിയിപ്പുകളെയും അവഗണിക്കുന്ന സർക്കാർ നിലപാടുകളാണ് ഇത്തരം ദുരന്തങ്ങൾ ക്ഷണിച്ച് വരുത്തുന്നത്. പ്രകൃതിയുടെ പ്രഹരത്തിന് മുന്നിൽ നിസ്സഹായനായി നിൽക്കാനല്ലാതെ മനുഷ്യന് ഒന്നിനുമാകില്ല. പ്രകൃതിയെ നശിപ്പിക്കുന്നവർക്കെതിരെ കടുത്ത ശിക്ഷാ നടപടികൾ സ്വീകരിക്കാവുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തി നിയമനിർമ്മാണം നടത്താൻ സർക്കാർ മുന്നോട്ടുവരണമെന്നും മുസ്‌ലിംലീഗ് പരിസ്ഥിതി സംരക്ഷണ സമിതി ആവശ്യപ്പെട്ടു.



വയനാട് ദുരന്തത്തിൽ പെട്ട് ക്യാമ്പുകളിൽ കഴിയുന്നവർക്കുള്ള പുസ്തകങ്ങൾ ഡോ. എം.കെ മുനീർ എം.എൽ.എ, ജില്ലാ കലക്ടർ മേഘശ്രീക്ക് കൈമാറുന്നു

## പുസ്തകങ്ങളും മെൻസ്ട്രുവൽ കപ്പും കൈമാറി

മേപ്പാടി: വയനാട് പ്രകൃതിക്ഷോഭത്തിൽ അകപ്പെട്ട് സർവതും നഷ്ടപ്പെട്ട് ക്യാമ്പുകളിൽ കഴിയുന്ന കുട്ടികളിൽ ഉണ്ടായ പോസ്റ്റ് ട്രോമയെ അതിജീവിക്കാനും മാനസികാരോഗ്യം വീണ്ടെടുക്കാനും ഒലിവ് പബ്ലിക്കേഷൻ നൽകിയ പുസ്തകങ്ങൾ ചെയർമാൻ ഡോ. എം.കെ മുനീർ എം.എൽ.എ, സ്പെഷ്യൽ ഓഫീസർ ഫോർ ഡിസാസ്റ്റർ മാനേജ്മെന്റ് ഇൻ വയനാട് ശ്രീറാം സാമ്പ ശിവ റാവു ഐ.എ.എസിന്റെ സാന്നിധ്യത്തിൽ വയനാട് ജില്ലാ കലക്ടർ മേഘശ്രീക്ക് കൈമാറി.

ക്യാമ്പിൽ കഴിയുന്ന സ്ത്രീകളുടെ വ്യക്തി ശുചിത്വത്തിന് വേണ്ടി ബീഹൈവ് ഫൗണ്ടേഷൻ നൽകിയ ആയിരത്തോളം മെൻസ്ട്രുവൽ കപ്പുകളും കലക്ടർക്ക് കൈമാറി.

ചടങ്ങിൽ വയനാട് ജില്ല മുസ്‌ലിം ലീഗ് ജന സെക്രട്ടറി ടി മുഹമ്മദ്, വൈസ് പ്രസിഡന്റ് റസാക്ക് കൽപ്പറ്റ, കെ.കെ.എ ഖാദർ, അസ്സൈനാർ എം.എ, നസീഫ് കൊടുവള്ളി, മുഹമ്മദ് ബഷീർ, മുഫീദ തെസ്നി, ഖലീൽ വാവാട് തുടങ്ങിയവർ സംബന്ധിച്ചു.

### വയനാട് പുനരധിവാസ പണം

# വയനാടിന് തന്നെ വിനിയോഗിക്കണം: സതീശൻ

തിരുവനന്തപുരം: വയനാട് പുനരധിവാസത്തിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകുന്ന പണം അതിന് വേണ്ടി മാത്രമെ വിനിയോഗിക്കൂവെന്ന് ഉറപ്പുവരുത്തണമെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ. പണം എന്തിനൊക്കെ വിനിയോഗിച്ചുവെന്നും സർക്കാർ വ്യക്തമാക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

2018-ലെ പ്രളയകാലത്ത് ദുരിതാശ്വാസനിധിയിലേക്ക് ലഭിച്ച പണം മറ്റു പല കാര്യങ്ങൾക്കും ചെലവഴിച്ചിട്ടുണ്ട്. വയനാടിന് വേണ്ടി ദുരിതാശ്വാസനിധിയിലേക്ക് എത്ര രൂപ വന്നാലും അത് വയനാടിന് വേണ്ടി വിനിയോഗിക്കണം. വയനാട്ടിലെ ഏതെല്ലാം കാര്യങ്ങൾക്ക് ആ പണം ഉപയോഗിച്ചുവെന്നും വ്യക്തമാക്കണം. കുറച്ചു കൂടി വ്യക്തതയും സുതാര്യതയും ഉണ്ടാകണം. അല്ലാതെ രാഷ്ട്രീയ വിവാദമാക്കാൻ ഉദ്ദേശിക്കുന്നില്ല.

ദുരിതാശ്വാസ നിധി വിനിയോഗം സംബന്ധിച്ച് നിയമസഭയിലെ ചോദ്യങ്ങൾക്ക് പോലും വ്യക്തമായ മറുപടി കിട്ടിയിട്ടില്ല. അതുകൊണ്ടാണ് വ്യക്തത വരുത്തണമെന്ന് ആവശ്യപ്പെടുന്നത്. എറണാകുളത്ത് നടന്നതു പോലെ തട്ടിപ്പും വെട്ടിപ്പും നടക്കുമെന്നല്ല. ഇത്തരം ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടായിട്ടുണ്ടാകാം. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് പണം നൽകില്ലെന്നും പകരം രണ്ട് വീടുകൾ നിർമ്മിച്ച് നൽകാമെന്നും പറഞ്ഞയാൾക്കെതിരെ കേസെടുത്തത് എന്തിനാണെന്ന് അറിയില്ല. അതൊക്കെ ഓരോരുത്തരുടെ ഇഷ്ടമാണ്.

നല്ലകാര്യത്തിന് വേണ്ടി ഉപയോഗിക്കുമെന്ന ധാരണയിലാണ് യു.ഡി.എഫ് എം.എൽ.എമാർ ഒരു മാസത്തെ ശമ്പളം നൽകാൻ തീരുമാനിച്ചത്. കഴിഞ്ഞ തവണത്തേതു പോലുള്ള സംഭവം ഇത്തവണ നടക്കില്ലെന്ന് സർക്കാർ ഉറപ്പ് വരുത്തണം. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് പണം നൽകരുതെന്ന് താൻ പറഞ്ഞെന്ന തരത്തിലുള്ള സ്ക്രീൻ ഷോട്ട് സി.പി.എമ്മുകാരാണ് പ്രചരിപ്പിച്ചത്. അല്ലാതെ പണം നൽകരുതെന്ന് തങ്ങൾ ആരും പറഞ്ഞിട്ടില്ല. പുനരധിവാസം സംബന്ധിച്ച് യു.ഡി.എഫ് വിശദമായ പ്ലാൻ സർക്കാരിന് നൽകും. 2021 മുതൽ പ്രതിപക്ഷം ആവശ്യപ്പെടുന്ന വാണിങ് മെക്കാനിസവും പ്രോൺ ഏരിയ മാപ്പിങ്ങും അടിയന്തരമായി നടപ്പാക്കാൻ സർക്കാർ തയാറാകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ദുരിതാശ്വാസ നിധിയിലെ പണം വകമാറ്റി ചെലവഴിക്കില്ലെന്ന ഉറപ്പ് മുഖ്യമന്ത്രി നൽകണമെന്ന് കെ.പി.സി.സി പ്രസിഡന്റ് കെ.സുധാകരനും ആവശ്യപ്പെട്ടു.

# വീട്ടുകാരുടെ നിർബന്ധത്തിന് വഴങ്ങിയില്ല; ഒടുവിൽ പ്രിയപ്പെട്ടവർക്കൊപ്പം മടക്കം

### മുണ്ടക്കൈ ഖത്തീബ് ശിഹാബ് ഫൈസിയുടെ കുടുംബം സാദിഖലി തങ്ങളെ സന്ദർശിച്ചു

ഷഹബാസ് വെള്ളില
മലപ്പുറം



പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങളുടെ വീട്ടിലെത്തിയ മുണ്ടക്കൈ ദുരന്തത്തിൽ മരിച്ച ഖത്തീബ് ശിഹാബ് ഫൈസിയുടെ കുടുംബത്തെ ആശ്വസിപ്പിച്ച് സാദിഖലി ശിഹാബ് തങ്ങൾ പ്രാർത്ഥന നടത്തുന്നു

മുണ്ടക്കൈ മേഖലയിൽ ഉരുൾപൊട്ടൽ ഭീഷണിയുണ്ടെന്ന് അറിഞ്ഞ ഉടൻ തന്നെ ആശങ്കയോടെ മകനെ വിളിച്ചു. രാത്രി പത്തരക്കായിരുന്നു ആ ഫോൺ വിളി. "നിങ്ങൾ ഭയപ്പെടണ്ട. അല്ലാഹുവിന്റെ നിശ്ചയം പോലെയെ കാര്യങ്ങൾ നടക്കൂ. ഇവിടെ ഇതേ ആശങ്കയോടെ കഴിയുന്ന ഒരുപാട് മനുഷ്യരുണ്ട്. മാറി പോകാൻ പോലും ഇടമില്ലാത്തവർ. എനിക്ക് ഇവരെ ഒന്നും വിട്ടിട്ട് നാട്ടിലേക്ക് വരാൻ കഴിയില്ല" മകന്റെ അവസാന വാക്കുക്കൾ പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങളോട് പങ്കുവെക്കുമ്പോൾ ശിഹാബ് ഫൈസിയുടെ പിതാവിന്റെ ഇരു കവിളുകളിലൂടെയും കണ്ണുനീർ പരന്നൊഴുകി. മുണ്ടക്കൈ മഹല്ല് പള്ളിനിൽക്കുന്ന സ്ഥലം സമീപ പ്രദേശങ്ങളിൽ നിന്നും ഇത്തിരി ഉയരത്തിലാണ്. ഇനി എന്തെങ്കിലും സംഭവിച്ചാൽ ആ പ്രദേശത്തുള്ളവർക്കെല്ലാം ഓടി വരാനുള്ള സുരക്ഷിത ഇടമായിരുന്നു പള്ളി. അതും കൂടി മുൻകൂട്ടി കണ്ടിരുന്നു ശിഹാബ് ഫൈസി. കൂടെ ജോലി ചെയ്യുന്ന അഫ്സൽ ഫൈസി തലേദിവസം ഉച്ചക്ക് ഭക്ഷണം കഴിച്ച് നാട്ടിൽ പോയതായിരുന്നു.

ഉരുൾപൊട്ടലിൽ മരണപ്പെട്ട മുണ്ടക്കൈ മഹല്ല് ഖത്തീബ് ശിഹാബ് ഫൈസിയുടെ പിതാവ് മുസ്തഫ തോണിക്കടവനും ഉമ്മ ഉമ്മുകൽസുവും ഇന്നലെ നാലുമണിയോടെയാണ് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങളെ കാണാനെത്തുന്നത്. ശിഹാബ് ഫൈസിയുടെ മരണപ്പെട്ടതിന്റെ ഏഴുമായി ബന്ധപ്പെട്ട ചടങ്ങുകൾ കഴിഞ്ഞതിന് ശേഷമാണ് കുടുംബം പാണക്കാട് എത്തുന്നത്. ശിഹാബ് ഫൈസിയുടെ അമ്മാവൻ അനസ് പട്ടണത്തിലും അളിയൻ ഫൈസൽ കോറാടനും കൂടെ ഉണ്ടായിരുന്നു. ശിഹാബ് ഫൈസിയുടെ വീട് പ്രവൃത്തി പൂർത്തിയാക്കുകയും ഇതുമായി ബന്ധപ്പെട്ടുണ്ടായ സാമ്പത്തിക ബാധ്യതകൾ ഏറ്റെടുക്കുമെന്നും പാണക്കാട് ഖാസി ഫൗണ്ടേഷൻ നേരത്തെ തന്നെ അറിയിച്ചിരുന്നു. ഇതിന് നന്ദിപറയാൻ കൂടിയായിരുന്നു കുടുംബം ഇന്നലെ പാണക്കാട് എത്തിയത്. തങ്ങളുമായി ഏറെ നേരം സംസാരിച്ച കുടുംബം വലിയ ആശ്വാസത്തിലാണ് പാണക്കാട് നിന്നും മടങ്ങിയത്. തങ്ങൾ ഇവർക്കായി പ്രത്യേക പ്രാർത്ഥനയും നടത്തി. ശിഹാബ് ഫൈസിയുടെ സഹപാഠിയും സുഹൃത്തുമായ അബുത്വാഹിർ ഫൈസി ചുങ്കത്തറയും കൂടെയുണ്ടായിരുന്നു.

വയനാട് തമിഴ്നാട് അതിർത്തി പ്രദേശമായ നീലഗിരി ജില്ലയിലെ മണ്ണത്തിവയലിലാണ് ശിഹാബ് ഫൈസിയുടെ വീട്. മുണ്ടക്കൈ മഹല്ലിലെ ഖത്തീബായി സേവനം ആരംഭിച്ചിട്ട് ഒന്നര വർഷം മാത്രമാണ് ആയിട്ടൊള്ളുവെങ്കിലും നാട്ടുകാർക്കും മഹല്ല് നിവാസികൾക്കെല്ലാം ഏറെ പ്രിയപ്പെട്ടവനായിരുന്നു ഉസ്താദ്. തിങ്കളാഴ്ച്ച രാത്രിയിലെ ഉരുൾപൊട്ടലിൽ അകപ്പെട്ട് ഉസ്താദിനെ കാണാനില്ലെന്ന് പറഞ്ഞ് ചൊവ്വാഴ്ച്ച പുലർച്ചെയാണ് വീട്ടിലേക്ക് വിളി വരുന്നത്. അന്ന് തന്നെ വൈകുന്നേരത്തോടെ നിലമ്പൂർ ചാലിയാർ പുഴയിൽ നിന്നും ഉസ്താദിന്റേതെന്ന് സംശയിക്കുന്ന മൃതദേഹം ലഭിച്ചെന്ന് അറിയിപ്പു കിട്ടി. എന്നാൽ അത് ശിഹാബ് ഫൈസിയല്ലെന്ന് ഭാര്യ ഉറപ്പിച്ചു. പിന്നീട് ബുധനാഴ്ച്ച രാവിലെ 10 മണിയോടെ പള്ളിയിൽനിന്ന് തന്നെയാണ് ഉസ്താദിന്റെ മൃതദേഹം ലഭിക്കുന്നത്.



ഉരുൾപൊട്ടൽ തകർത്തെറിഞ്ഞ ചൂരൽമലയിൽ സന്ദർശനം നടത്തുന്ന മുസ്‌ലിം ലീഗ് ദേശീയ പ്രസിഡന്റ് പ്രഫ. ഖാദർ മൊയ്തീൻ ബെയിലി പാലത്തിലൂടെ നടന്നുനീങ്ങുന്നു

## പ്രഫ. ഖാദർ മൊയ്തീൻ ദുരന്ത മേഖല സന്ദർശിച്ചു

ചൂരൽമല: ഉരുൾപൊട്ടലിൽ നൂറുകണക്കിന് പേർ കൊല്ലപ്പെട്ട ചൂരൽമലയിൽ മുസ്‌ലിം ലീഗ് ദേശീയ പ്രസിഡന്റ് പ്രഫ. ഖാദർ മൊയ്തീൻ സന്ദർശനം നടത്തി. ക്യാമ്പുകളിൽ കഴിയുന്ന ആയിരങ്ങളുടെ പുനരധി വാസത്തിന് അടിയന്തര നടപടികൾ വേണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

മുണ്ടക്കൈ, ചൂരൽമല ഭാഗത്ത് ഉരുൾപൊട്ടലിൽ നൂറുകണക്കിന് വീടുകളും ആയിരക്കണക്കിന് ആളുകളെയും കൃഷികളെയും ജീവികളെയും തോട്ടങ്ങളെയും ബാധിച്ചു. നാടിനെ നടുക്കിയ വലിയ ദുരന്തമായിരുന്നു അത്. ദുരിതബാധിതരെ സഹായിക്കാൻ മുസ്‌ലിം ലീഗ് സാധ്യമായതെല്ലാം ചെയ്തുവരുന്നുണ്ട്. ആരുടെയും അഭ്യർത്ഥനയോ അടിയന്തര സാഹചര്യമോ ഇല്ലാതെ കേരളത്തിൽ 3600 പരം വീടുകൾ (ബൈത്തുറഹ്മ) കെട്ടിക്കൊടുത്ത പാർട്ടിയാണ് ലീഗ്. ആ പാർട്ടിക്ക് ഇവരെയും സഹായിക്കാൻ കഴിയും. എങ്കിലും ഗവൺമെന്റ് ഇവരുടെ കാര്യത്തിൽ വളരെയധികം ശ്രദ്ധ ചെലുത്തി എളുപ്പത്തിൽ വീടുകൾ കെട്ടാൻ നടപടി സ്വീകരിക്കണം.

മുസ്‌ലിംലീഗ് ഇന്നും നാളെയും മറ്റന്നാളും എപ്പോഴും അതിന്റെ ജോലികൾ തുടർന്നുകൊണ്ടേയിരിക്കും. തങ്ങളുടെയും കുഞ്ഞാലിക്കുട്ടിയുടെയും നേതൃത്വത്തിൽ അക്കാര്യങ്ങൾ ചെയ്യുമെന്നതിൽ സംശയമില്ലെന്നും അദ്ദേഹം പറഞ്ഞു. മേപ്പാടിയിൽ മുസ്‌ലിം ലീഗ് ഉപസമിതി യോഗത്തിലും അദ്ദേഹം പങ്കെടു

### ഓപ്പൺ സർവകലാശാല നിയമ വ്യവസ്ഥകൾ

# ഉന്നത വിദ്യാഭ്യാസ മേഖലയെ പിറകോട്ട് നയിക്കുമെന്ന് പ്രഫ. ആബിദ് ഹുസൈൻ തങ്ങൾ



വിദൂര വിദ്യാഭ്യാസ വിഭാഗം പുനഃസ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട് കാലിക്കറ്റ് സർവകലാശാലയിലേക്ക് നടത്തിയ ബഹുജന മാർച്ച് പ്രൊഫസർ ആബിദ് ഹുസൈൻ തങ്ങൾ ഉദ്ഘാടനം ചെയ്യുന്നു

തേഞ്ഞിപ്പലം: കേരളത്തിലെ റഗുലർ യൂണിവേഴ്സിറ്റികളിൽ കാലങ്ങളായി നിലനിന്നിരുന്ന വിദൂര , പ്രൈവറ്റ് പഠന സംവിധാനം നിരോധിച്ചുകൊണ്ടുള്ള ഓപ്പൺ യൂണിവേഴ്സിറ്റി നിയമത്തിലെ വ്യവസ്ഥകൾ ഉന്നത വിദ്യാഭ്യാസ മേഖലയെ പുറകോട്ട് നയിക്കുന്നതാണെന്ന് മലബാർ, ഉന്നത വിദ്യാഭ്യാസ സംരക്ഷണ സമിതി ചെയർമാൻ പ്രഫ. കെ.കെ ആബിദ് ഹുസൈൻ തങ്ങൾ എം.എൽ. എ പറഞ്ഞു. ഉന്നത വിദ്യാഭ്യാസ സംരക്ഷണ സമിതി കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലേക്ക് നടത്തിയ ബഹുജന മാർച്ച് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സാധാരണക്കാരായ വിദ്യാർഥികൾക്ക് കുറഞ്ഞ ചിലവിൽ ഉന്നത വിദ്യാഭ്യാസം നേടാനുള്ള അവസരം നിഷേധിക്കുന്ന ഈ നയം സർക്കാർ പുന പരിശോധിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ഓപ്പൺ സർവകലാശാല നിയമത്തിലെ 47(2),72 എന്നീ വകുപ്പുകൾ ഒഴിവാക്കണമെന്ന് ബില്ലിന്റെ അവതരണ വേളയിൽ തന്നെ നിയമസഭയിൽ ആവശ്യം ഉന്നയിച്ചതാണ്. മുഖ്യമന്ത്രിയും ഉന്നത വിദ്യാഭ്യാസ മന്ത്രിയും ഇക്കാര്യം പരിഗണിക്കുകയുണ്ടായില്ല. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ വിദൂര പഠനം പുനരാരംഭിക്കണമെന്നും അല്ലാത്തപക്ഷം ശക്തമായ ജനകീയ പ്രക്ഷോഭങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ സംരക്ഷണ സമിതി നേതൃത്വം നൽകുമെന്നും അദ്ദേഹം പറഞ്ഞു. സെനറ്റ് മെമ്പറും ജില്ലാ പഞ്ചായത്ത് അംഗവുമായ വി.കെ.എം ഷാഫി അധ്യക്ഷനായി. ടി.വി ഇബ്രാഹിം എം. എൽ.എ, ജില്ലാ പഞ്ചായത്ത് അംഗം ടി.പി.എം ബഷീർ, എ. പ്രിൻസ് കുമാർ, ടി പ്രേമൻ , അഡ്വ: കെ.കെ സൈതലവി, സി. അബ്ദുറഹിമാൻ കുട്ടി, എ.ആദിൽ, ഉമ്മർ തങ്ങൾ, ടി.ഇതിഹാദ് , അലീന, സെനറ്റംഗം കെ.പി അമീൻ റാഷിദ് , സി.ഷാഹിൻ ,ഡോ: ജ്യോതി രാജ്, എസ്.സജി, പി മുഹമ്മദ്, സി മുഹമ്മദാലി, വിദ്യാഭ്യാസ സമിതി വൈസ് ചെയർമാൻ എ പ്രഭാകരൻ, പി രാധാകൃഷ്ണൻ പ്രസംഗിച്ചു. സമര സമിതി പ്രതിനിധികൾ സിൻഡിക്കേറ്റംഗങ്ങളുമായി ചർച്ച നടത്തി.വിദൂര വിദ്യാഭ്യാസ കോഴ്സുകൾ തുടങ്ങുന്നത് സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സിൻഡിക്കേറ്റ് ഉപസമിതിയെ ചുമതലപെടുത്തി. ഈ മാസം പന്ത്രണ്ടിന് ഉപസമിതി ചേർന്ന് ഉചിതമായ തീരുമാനം കൈകൊള്ളുമെന്ന് വൈസ് ചാൻസലർ അറിയിച്ചതായി സമരക്കാർ പറഞ്ഞു. ഭരണകാര്യാലയത്തിനു മുന്നിൽ മാർച്ച് പൊലീസ് തടഞ്ഞു.



മുസ്‌ലിം ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി പി.എം.എ സലാം പാർട്ടി നേതാക്കൾക്കൊപ്പം ചൂരൽമല, മുണ്ടക്കൈ ദുരന്തമേഖലകളിൽ സന്ദർശനം നടത്തുന്നു



ദേശീയപാത നിർമാണവുമായി ബന്ധപ്പെട്ട് ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് മുസ്‌ലിംലീഗ് പാർലമെന്ററി പാർട്ടി ലീഡറും ദേശീയ ഓർഗനൈസിങ് സെക്രട്ടറിയുമായ ഇ.ടി മുഹമ്മദ് ബഷീർ എം.പി കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് മന്ത്രി നിതിൻ ഗഡ്ഗരിയുമായി ചർച്ച നടത്തുന്നു